بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 22

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ആഗസ്റ്റ് 04 /ഹി:ശം:1395 ളുഹൂർ 04/ഹി:ഖ: 1437 ദുൽഖഅ്ദ് 29


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ജൂൺ 24 നും ജൂലായി 1 നും മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 2-ാം പേജിലും 7-ാം പേജിലും വായിക്കുക.

സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും അമീറുൽമുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായിക്കുകയും തുണയ്ക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

## നബിമാരെ സത്യസന്ധമായ നിലയിൽ പിൻപറ്റാതേയും അവരെ സ്നേഹിക്കാതേയും, സത്യമായ ദൃഢജ്ഞാനവും തികവാർന്ന ഈശ്വരജ്ഞാനവും ഉൾക്കൊള്ളുന്ന പൂർണവിശ്വാസം ഒരിക്കലുമൊരിക്കലും ലഭിക്കുകയില്ല.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“ആത്മാവിന്റെ ശുദ്ധി വലിയ ദുഷ്കരമായ ഘട്ടമാണ്. മോക്ഷത്തിന്റെ അച്ചുതണ്ട് ആത്മാവിന്റെ പരിശുദ്ധിയിലാണ് നിറുത്തപ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നു: ഖദ് അഫ്‌ലഹ മൻ സക്കാഹാ(91:10)ദൈവകടാക്ഷം കൂടാതെ ആത്മശുദ്ധി ലഭിക്കുകയില്ല. ഇത് അല്ലാഹുവിന്റെ അചഞ്ചലമായ നിയമമാണ്. ലൻ തജിദ ലി സുന്നത്തില്ലാഹി തബ്ദീലാ (48:24) കൃപാകടാക്ഷം ആകർഷിച്ചെടുക്കുന്നതിന് അവന്റെ നിയമം എപ്പോഴും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. റസൂൽ(സ)നെ പിൻപറ്റുക എന്നതാണത്. എന്നാൽ, തങ്ങളും ലാ ഇലാഹ ഇല്ലല്ലാഹ് പറയുന്നവരാണെന്നും സൽകർമങ്ങൾ ചെയ്യുന്നവരാണെന്നും ദുഷ്കർമങ്ങൾ വെടിയുന്നവരാണെന്നും അവകാശപ്പെടുന്ന ആയിരക്കണക്കിനാളുകൾ ലോകത്തുണ്ട്. യഥാർഥത്തിൽ അവരുടെ അവകാശവാദം റസൂലിനെ പിൻപറ്റേണ്ട ആവശ്യമില്ലെന്നാണ്. എന്നാൽ, ഓർക്കുക! ഇത് വലിയ അബദ്ധമാണ്. ഇത്തരം ചിന്തകൾ ജനമനസ്സുകളിൽ ഉണ്ടാക്കുന്നതും ശയ്ത്വാന്റെ ഒരു വഞ്ചനയാണ്. അല്ലാഹു അവൻതന്നെ തന്റെ പരിശുദ്ധ ഗ്രന്ഥത്തിൽ പരിശുദ്ധിയേയും ദൈവസ്നേഹത്തേയും റസൂലിനെ പിൻപറ്റലുമായി ബന്ധിപ്പിച്ചിരിക്കുമ്പോൾ തനിക്ക് തന്റെ ശക്തികൊണ്ടു സ്വയമേവ പരിശുദ്ധനാകാൻ കഴിയുമെന്ന് ആർക്കാണ് വാദിക്കാൻ കഴിയുക? നബിമാരെ സത്യസന്ധമായ നിലയിൽ പിൻപറ്റാതേയും അവരെ സ്നേഹിക്കാതേയും, സത്യമായ ദൃഢജ്ഞാനവും തികവാർന്ന ഈശ്വരജ്ഞാനവും ഉൾക്കൊള്ളുന്ന പൂർണവിശ്വാസം ഒരിക്കലുമൊരിക്കലും ലഭിക്കുകയില്ല. പാപത്തെ കരിച്ചുകളയുന്ന വിശ്വാസവും അല്ലാഹുവിനെ കാണിക്കുന്ന ദൃഢജ്ഞാനവും അധികാരപരവും അദൃശ്യത്തിൽ അധിഷ്ഠിതവുമായ ശക്തമായ പ്രവചനങ്ങൾ കൂടാതെ-അത് മാനുഷികമായ ശക്തിക്കും സങ്കല്പങ്ങൾക്കും ഭാവനകൾക്കും അതീതമായിരിക്കണം-ഒരിക്കലുമൊരിക്കലും ലഭിക്കുകയില്ല. ലോകം അതിന്റെ ഭൗതികവ്യവഹാരങ്ങളിൽ ഏതൊരു രീതിയിൽ ലയിച്ചും വ്യാപൃതമായും മുഴുകിയിരിക്കുകയും തങ്ങളുടെ ദുൻയാവിനുവേണ്ടി എത്രമാത്രം പ്രയാസപ്പെട്ടും അപകടകരവുമായ പരിശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുവോ അതുപോലെ അല്ലാഹുവിലേക്കും ചുവടു വെക്കുകയും ഈ ഉദ്ദേശ്യത്തിനുവേണ്ടി അല്ലാഹു നിശ്ചയിച്ചിട്ടുള്ള ദൈവികജമാഅത്തിലേക്ക് ശ്രദ്ധിക്കുകയും ചെയ്തിരുന്നെങ്കിൽ അവനുവേണ്ടി റഹ്മത്തിന്റെ അടയാളം കാണിക്കാൻ അല്ലാഹു സർവശക്തനാണെന്ന് നാം ദൃഢമായും പറയുന്നു. എന്നാൽ, യഥാർഥ കാര്യമെന്താണെന്നുവച്ചാൽ ജനങ്ങൾ ഈ വശത്ത് അശ്രദ്ധരാണ്. അല്ലെങ്കിൽ ദീനിപരമായ കാര്യങ്ങളും കർമങ്ങളും ചെയ്യാൻ എന്തുപ്രയാസമാണുള്ളത്. നമസ്കരിക്കാൻ ഒരു പ്രയാസവുമില്ല. ജലമുണ്ട്. സുജൂദ്ചെയ്യാൻ ഇടമുണ്ട്. ഇനി ആവശ്യമുണ്ടെങ്കിൽ വേണ്ടത് ദൈവികസ്നേഹത്തിന്റെ സത്യമായ തിളപ്പുള്ള പരിശുദ്ധ ഹൃദയമുള്ളവനേയും അനുസരണശാലിയേയുമാണ്. നോക്കൂ! എല്ലാ നമസ്കാരവും ഒന്നിച്ചുകൂട്ടുകയും അതിന്റെ സമയം അളക്കുകയും ചെയ്താൽ ഒരുപക്ഷേ, ഒരു നാഴികകൊണ്ട് എല്ലാം നിർവഹിക്കാൻ കഴിയും. എന്തായാലും കക്കൂസിലും പോകാറുണ്ടല്ലോ. നമസ്കാരത്തെ സംബന്ധിച്ച് അത്രവിലയെങ്കിലും അത്തരക്കാരുടെ മനസ്സുകളിൽ അതുണ്ടെങ്കിൽ അവർക്ക് നമസ്കാരം അനുഷ്ഠിക്കാൻ കഴിയുന്നതാണ്. എന്നാൽ, ഖേദകരമെന്നു പറയട്ടെ, ഇസ്‌ലാം ഇക്കാലത്ത് വളരെ അപകടത്തിലാണുള്ളത്. മുസ്‌ലീംകൾ യഥാർഥത്തിൽ ഈമാനിന്റെ പ്രകാശത്തിൽനിന്ന് നിർഭാഗ്യരായിരിക്കുന്നു. ആർക്കെങ്കിലും ഒരു നാശകാരിയായ രോഗം പിടിപെട്ടാൽ എത്ര ചിന്തയാണുണ്ടാകാറുള്ളത്. എന്നാൽ, ഈ ആത്മീയമായ കുഷ്ഠത്തെ സംബന്ധിച്ച് ആർക്കും ശ്രദ്ധയില്ല. അതിന്റെ പര്യവസാനമാണെങ്കിൽ നരകമാണുതാനും.

യഥാർഥത്തിൽ നമ്മുടെ അടുത്ത് വരിക എന്നത് അല്ലാഹുവിന്റെ തിരുസന്നിധിയിൽ പോകുകയെന്നതാണ്. നമ്മുടെ അന്തസ്സ് യഥാർഥത്തിൽ അല്ലാഹുവിന്റേയും റസൂലിന്റേയും ഗ്രന്ഥത്തിന്റെ അന്തസാണ്. 26 വർഷമായി അവൻ എന്നെ നിയോഗിച്ചിട്ട് മുജദ്ദിദാക്കി. കലാപകലുഷിതമായ കാലത്തിന്റെ പരിഷ്കരണോദ്ദേശ്യത്തോടുകൂടി ലോകത്ത് അയച്ചു. എന്റെ നാവുകൊണ്ടുള്ള വാദം മാത്രമല്ല. അതിനോടൊപ്പം അവൻ തന്റെ ആയിരക്കണക്കിന് ഉഗ്രമായ അടയാളങ്ങളും നല്കി. മിൻഹാജുന്നുബുവ്വത്തിൽ അയക്കുകയും ചെയ്തു. എന്നാൽ, ജനങ്ങൾ ഗൗനിച്ചില്ല. എന്നല്ല തിരിച്ച് കാഫിർ എന്നു പറഞ്ഞു. കൊടുംകാഫിർ എന്നും ദജ്ജാലെന്നും പറഞ്ഞു. വാസ്തവത്തിൽ ഏതൊരു അല്ലാഹുവാണോ എന്നെ അയച്ചത് അവൻ എന്റെ സത്യം സ്ഥാപിക്കുന്നതിനുവേണ്ടി അടയാളങ്ങളും പ്രത്യക്ഷപ്പെടുത്തി. ഒന്നല്ല. രണ്ടല്ല. മറിച്ച് ആയിരക്കണക്കിന് അടയാളം. ഭൗതികകോടതികളിൽ എത്ര കഠിനമായ കേസ്സാണെങ്കിലും വേണ്ടില്ല രണ്ടുമൂന്നു സാക്ഷികളുണ്ടെങ്കിൽ വധശിക്ഷവരെമാത്രമെ കൊടുക്കാൻ കഴിയുകയുള്ളു. എന്നാൽ, ഇവിടെ എനിക്കുവേണ്ടി വെളിപ്പെട്ട അടയാളങ്ങൾക്ക് ആയിരക്കണക്കിന് ആളുകൾ സാക്ഷികളുണ്ട്. പൂർവദിക്കുമുതൽ പശ്ചിമദിക്കുവരെ നമ്മുടെ അടയാളങ്ങൾക്ക് സാക്ഷികളില്ലാത്ത ഒരു സ്ഥലവുമില്ല. എന്നിട്ടും ഇവർ ഗൗനിച്ചില്ല.

സർക്കാറിന്റെ ഏറ്റവും താണ ഒരു പ്യൂൺ ടാക്സ് പിരിക്കുന്നതിന് വന്നാൽ അയാളെ ആരും നേരിടുകയില്ല. ഇനി നേരിട്ടാൽ രാജ്യദ്രോഹിയാകുകയും ശിക്ഷ ലഭിക്കുകയും ചെയ്യും. എന്നാൽ, ദൈവികസർക്കാറിനെ ജനങ്ങൾ വകവെക്കുന്നില്ല. അല്ലാഹുവിൽനിന്നു വരുന്നവർ ദാരിദ്ര്യത്തിന്റെ വസ്ത്രത്തിലായിരിക്കുമെന്നതിന് സംശയമില്ല. ജനങ്ങൾ അവരെ പരിഹാസത്തോടും അവഹേളനത്തോടുംകൂടി നോക്കുന്നു. അപഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നു. എന്നാൽ, അല്ലാഹു പറയുന്നു: യാ ഹസ്റത്തൻ അലൽ ഇബാദി മാ യഅ്ത്തീഹിം മിർറസൂലിൻ ഇല്ലാ കാനൂ ബിഹീ യസ്തഹ്സിഊൻ (36:31)അല്ലാഹു സത്യാവാനാണ്. അവൻ കളവ് പറയുകയില്ല. അവൻ പറയുന്നു, ആദംമുതൽ തുടങ്ങി അവസാനംവരെ എത്ര നബിമാർ വന്നിട്ടുണ്ടോ അവരെല്ലാവരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, കാലം കടന്നുമറിയുമ്പോൾ പിന്നീട് അവരെ പുകഴ്ത്താൻ തുടങ്ങുന്നു. ശേയ്ഖ് അബ്ദുൽഖാദിർ ജീലാനിയ്ക്കെതിരിലും അക്കാലത്തെ ഏകദേശം 200 ഉലമാ കുഫ്ർ ഫത്‌വാ നല്കിയിരുന്നു. കാലത്തിന്റെ മുഹദ്ദിഥായിരുന്ന ഇബ്നു ജൂസി ‘തൽബീസെ ഇബ്‌ലീസ്’(ഇബ്‌ലീസിന്റെ പുതപ്പിക്കൽ)എന്ന പേരിൽ ഒരു ഗ്രന്ഥംരചിക്കുകയും ശേയ്ഖ് അബ്ദുൽഖാദിർ ജീലാനിയെകുറിച്ച് അതിൽ അപ്രിയമായതും ഉചിതമല്ലാത്തതുമായ വാക്കുകളെഴുതുകയും ചെയ്തു. എന്നാൽ, അതിന് 200 വർഷത്തിനുശേഷം അദ്ദേഹം എത്രമാത്രം സമ്പൂർണനും പരിശുദ്ധനും സത്യവാനുമായിട്ടാണ് അംഗീകരിക്കപ്പെട്ടത്! എത്രമാത്രം സ്വീകാര്യത ഉണ്ടായി! ലോകം അതറിയുന്നു. ഇത് അദ്ദേഹത്തോടു മാത്രമല്ല. മറിച്ച് എല്ലാ വലിയ്യുമാരോടും ഇങ്ങനെതന്നെയാണ് പെരുമാറിവന്നിട്ടുള്ളത്.

ചുരുക്കത്തിൽ ഇതേ തെളിഞ്ഞമാർഗത്തിൽ, എനിക്കും മുഴുവൻ പഞ്ചാബിലേയും ഇന്ത്യയിലേയും ഉലമാ കാഫിർ, ദജ്ജാൽ, ഫാസിഖ്, തുടങ്ങിയ ‘സ്ഥാനം’ നല്കിയിരിക്കുന്നു. നഊദുബില്ലാഹ് ഞാൻ നബിമാരെ ചീത്ത പറയുന്നുവെന്ന് ഇവർ പറയുന്നു. വാസ്തവത്തിൽ ഞാൻ എല്ലാ നബിമാരേയും ആദരിക്കുന്നവനാണ്. അവരുടെ മഹത്ത്വവും സത്യസാക്ഷ്യവും വെളിവാക്കുന്നതിനുവേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. ഞാൻ അല്ലാഹുവിൽനിന്നുള്ളവനല്ലെങ്കിൽ ഞാൻ കള്ളവാദിയാണെങ്കിൽ നബിമാരിൽ ആരുടേയും നുബുവ്വത്തിനെ സത്യമായി തെളിയിക്കാൻ സാധിക്കുകയില്ല. ഈസാ നബി മരിച്ചുപോയി എന്നു പറയുന്നത് ചീത്തപറച്ചിലാണെങ്കിൽ ഏറ്റവുമാദ്യം ഈസായെ ചീത്ത പറഞ്ഞത് അല്ലാഹുവാണ്!”

(മൽഫൂദാത്ത് വാല്യം 5 പേജ് 573-574 2003 റബ്‌വ പതിപ്പ്)

■


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

ദുആ സ്വീകരിക്കപ്പെടുന്നതിന് അല്ലാഹുവിൽ പരിപൂർണമായി വിശ്വസിക്കുകയും അവനെ എല്ലാ കഴിവുകളുടേയും ഉടമസ്ഥനായി മനസ്സിലാക്കിക്കൊണ്ട് അവനോടു ചോദിക്കുകയും അവന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുകയുംചെയ്യേണ്ടത് നിർബന്ധമാണ്. അല്ലാഹുവിന്റെ കല്പനകളെന്താണ്? അതിന് അല്ലാഹു നമുക്ക് വിശുദ്ധ ഖുർആൻ പോലുള്ള മഹത്തായ ഗ്രന്ഥം പ്രദാനം ചെയ്തിരിക്കുന്നു. ഇതിൽ അല്ലാഹുവിന്റെ സകല കല്പനകളും വിധിവിലക്കുകളുമുണ്ട്.വിശുദ്ധ ഖുർആനിൽ നിരവധി കല്പനകളുണ്ട്. അതിൽ ചെയ്യേണ്ടത് ചെയ്യാനും ചെയ്യരുതാത്തത് ചെയ്യാതിരിക്കാനും അല്ലാഹു നമുക്ക് കല്പന തന്നിരിക്കുന്നു. അവ നമ്മൾ സന്ദർഭോചിതം അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്. ആവർത്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇപ്പോൾ ഞാൻ ചില കല്പനകൾ എടുത്തിട്ടുണ്ട്. നമ്മൾ എപ്പോഴും നമ്മുടെ മുമ്പിൽ വെക്കേണ്ടതായ അടിസ്ഥാനപരമായ കല്പന-അത് മനുഷ്യന്റെ സൃഷ്ടി ഉദ്ദേശ്യവും കൂടിയാണ്- അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. മസ്ജിദുകളിൽ ജമാഅത്തായിട്ട് നമസ്കരിക്കുക എന്നതും അല്ലാഹുവിന്റെ കല്പനകളിൽ ഒരു കല്പനയാണ്. അതുകൊണ്ട് ഈ റമളാനിൽ വാഖ്ഫെ സിന്ദഗീ-അവരുടെ പ്രതിജ്ഞയാണ് തങ്ങൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരിൽ, ഏറ്റവും മുമ്പിൽ നില്ക്കുന്നവരിൽ ഉൾപെടാൻ തങ്ങളുടെ സർവശക്തികളോടും കൂടി പരിശ്രമിക്കുമെന്നത് - ഇക്കാര്യത്തിൽ ശ്രദ്ധിക്കുക. ഭാരവാഹികൾ-അവരുടെമേലാണ് ജമാഅത്തംഗങ്ങളുടെ ദൃഷ്ടിയുള്ളത്, തങ്ങളെക്കാൾ മികച്ചവരാണെന്ന് കണ്ടതുകൊണ്ടാണ് അവരെ അവർ തിരഞ്ഞെടുത്തത്- ഒരു മാതൃകയാവേണ്ടതാണ്. വെറും റമളാനിൽ മാത്രമല്ല, റമളാനിൽമാത്രം അല്ലാഹു പറഞ്ഞിട്ടുള്ള രീതിയനുസരിച്ച് ആരാധനാകർമങ്ങളിൽ ശക്തി ചെലുത്താതെഇക്കാര്യം എപ്പോഴും നിലനിറുത്താൻ പൂർണമായും നിറവേറ്റാൻ പരിശ്രമിക്കേണ്ടതാണ്. ഇനി പതിമൂന്നു ദിവസം ബാക്കിയുണ്ട്, 12 ദിവസമേ ബാക്കിയുള്ളു എന്നിങ്ങനെ ദിവസം മാത്രം എണ്ണിക്കൊണ്ടിരുന്നാൽ പോര. ഞങ്ങൾ പിന്നീട് ഞങ്ങളുടെ പഴയ രീതിയിൽ അല്ലെങ്കിൽ റൊട്ടേഷനിൽ വരുന്നതാണ് എന്നും ധരിച്ചിരിക്കരുത്. മറിച്ച് റമളാനിന്റെ തർബിയ്യത്തും മുജാഹദയും(അധ്വാനവും)ആരാധനയിൽ നമ്മുടെ ശ്രദ്ധയിൽ ഉണ്ടാക്കിയിട്ടുള്ള മികവിനെ നമ്മൾ ഇനി ജീവിതത്തിന്റെ സ്ഥിരമായ ഭാഗമാക്കാനുള്ള പരിശ്രമം ഉണ്ടാകണം. അവകാശങ്ങൾ എല്ലാ രീതിയിലും നിറവേറ്റപ്പെടേണ്ടതാണ്. പക്ഷേ, സൃഷ്ടി ഉദ്ദേശ്യത്തെ എന്തായാലും മുന്നിൽവെക്കേണ്ടതാണ്. നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുന്നവരാകണം എന്ന ചിന്തയാണ് നമ്മളിൽ എല്ലാവർക്കും ഉണ്ടായിരിക്കേണ്ടത്. ഈ റമളാനിലും റമളാനുശേഷവും നമ്മുടെ ശ്രദ്ധ അല്ലഹുവിന് ഇബാദത്ത് ചെയ്യുന്നതിലായിരിക്കേണ്ടതാണ്.ഇതിനുവേണ്ടി മസ്ജിദുകൾ ജനബാഹുല്യമുള്ളതാക്കുക എന്ന കല്പന നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്.പിന്നീട് ഒരു കല്പന അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞത് പ്രതിജ്ഞ നിർവഹിക്കുന്നതിനെ കുറിച്ചും അതിന്റെ പാലനത്തെ കുറിച്ചുമാണ്. അതിൽ അല്ലാഹുവിനോടു ചെയ്തിട്ടുള്ള പ്രതിജ്ഞകളുണ്ട്. സമസൃഷ്ടികളോടു ചെയ്തിട്ടുള്ള പ്രതിജ്ഞകളുണ്ട്.ഒരു മുഅ്മിൻ തന്റെ എല്ലാ പ്രതിജ്ഞകളും ഉടമ്പടികളും നിറവേറ്റണമെന്ന വിഷയം മനസ്സിലാക്കേണ്ട ആവശ്യമാണുള്ളത്. ഇക്കാര്യത്തിന്റെ പ്രാധാന്യവുംയാഥാർഥ്യവും നമ്മൾ മനസ്സിലാക്കുകയാണെങ്കിൽ എല്ലാ തരത്തിലുള്ള വഴക്കുകളിൽനിന്നും വഞ്ചനകളിൽനിന്നും ആക്ഷേപങ്ങളിൽ നിന്നും നമ്മുടെ സമൂഹം പരിശുദ്ധമാകാനിടയുണ്ട്. കുടുംബപരമായ കാര്യങ്ങളിലും വല്ലപ്പോഴുമുണ്ടാകുന്ന പ്രശ്നങ്ങളും ഉണ്ടാകുകയില്ല. കാരണം അവിടേയും ഉടമ്പടി ലംഘനമാണ്നടക്കാറുള്ളത്. ഉടമ്പടികൾ മനുഷ്യൻ ലംഘിക്കുമ്പോൾ കളവിനെ ആശ്രയിക്കുന്നു. കളവിനെക്കുറിച്ച് അല്ലാഹു വളരെ ശക്തമായ രീതിയിൽ വിവരിച്ചുകൊണ്ട് അതിൽനിന്ന് രക്ഷപ്പെടാൻ കല്പിച്ചിരിക്കുന്നു.' മുത്തഖികളുടെ ഒരു അടയാളം അല്ലാഹു പറഞ്ഞത് വൽകാളിമീനൽ ഗയ്ള്വ വൽആഫീന അനിന്നാസ്(3:135) എന്നാണ്. ദ്വേഷത്തെ അമർത്തുന്നവരും ജനങ്ങൾക്ക് മാപ്പുകൊടുക്കുന്നവരുമാണെന്നാണ്. ഊഹങ്ങളിൽനിന്നും അന്യരുടെ കാര്യങ്ങൾ ചുഴിഞ്ഞുനോക്കുന്നതിൽനിന്നും പരദൂഷണത്തിൽനിന്നും രക്ഷപ്പെടാൻ അല്ലാഹു വിശുദ്ധ ഖുർആനിൽ നമ്മളോടു കല്പിച്ചിരിക്കുന്നു.റമളാനിൽ നമ്മൾ ആഗ്രഹിക്കുന്നത് അല്ലാഹുവിനോടുള്ള തഖ്വാ കൈക്കൊള്ളുക എന്നതാണ്. അവന്റെ സാമീപ്യം നമുക്ക് കിട്ടണം. നമ്മുടെ ദുആ സ്വീകരിക്കപ്പെടുന്നത് നമുക്ക് കാണണം. അതിന് ഈ തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിനും നമുക്ക് വളരെയധികം പരിശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ അവന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അവന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരട്ടെ. റമളാനുശേഷവും നമ്മളിൽ ഈ നന്മകൾ നിലനില്ക്കുമാറാകട്ടെ. അല്ലാഹുവിന്റെ യഥാർഥ ആരാധകരായിത്തീരട്ടെ. അവനെ പരിപൂർണമായി അനുസരിക്കുന്നവരാകട്ടെ.

കറാച്ചി ജില്ലയിലെ ഹൽഖ ഗുൽസാർ ഹിജ്രിയിലെ ചൗദ്ദരി ബശീർ അഹ്മദ് സാഹിബിന്റെ മകൻ ചൗദ്ദരി ഖലീഖ് അഹ്മദ് സാഹിബ് ശഹീദിന്റെ അനുസ്മരണവും ജനാസ ഗാഇബും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

2016 ജൂൺ 24/1395 ഇഹ്സാൻ 24
മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ദുആ സ്വീകരിക്കപ്പെടുന്നതിന് അല്ലാഹുവിൽ പരിപൂർണമായി വിശ്വസിക്കുകയും അവനെ എല്ലാ കഴിവുകളുടേയും ഉടമസ്ഥനായി മനസ്സിലാക്കിക്കൊണ്ട് അവനോടു ചോദിക്കുകയും അവന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണെന്ന് അല്ലാഹു പറയുന്നു എന്ന കാര്യമാണ് കഴിഞ്ഞ ഖുത്വ്ബയിൽ ചർച്ചചെയ്തിരുന്നത്. അല്ലാഹുവിന്റെ കല്പനകളെന്താണ്? അതിന് അല്ലാഹു നമുക്ക് വിശുദ്ധ ഖുർആൻ പോലുള്ള മഹത്തായ ഗ്രന്ഥം പ്രദാനം ചെയ്തിരിക്കുന്നു. ഇതിൽ അല്ലാഹുവിന്റെ സകല കല്പനകളും വിധിവിലക്കുകളുമുണ്ട്. അല്ലാഹു ഫൽയസ്തജീബൂലീ എന്റെ ദാസർ എന്റെ കല്പന പാലിക്കട്ടെയെന്നും വിശുദ്ധ ഖുർആനിലുള്ള കല്പനകൾ സ്വീകരിക്കട്ടെയെന്നും പറഞ്ഞപ്പോൾ അതിന്റെ ഫലമായി അവൻ ദുആ സ്വീകരിക്കുമെന്നും സന്മാർഗം ലഭിക്കുമെന്നും പറഞ്ഞിരിക്കുന്നു. അല്ലാഹു പറയുന്നു: അവസാനം എന്തുഫലമാണ് പുറത്തുവരുന്നത്? ലഅല്ലഹും യർശുദൂൻ അവർ സന്മാർഗം പ്രാപിക്കുകയും ആ സന്മാർഗം കാരണത്താൽ എന്റെ സാമീപ്യത്തിന്റെ ദൃശ്യങ്ങൾ കാണുകയും നേരായ മാർഗത്തിൽ നടക്കുന്നവരാകുകയും അവരുടെ മാർഗദർശിയാകുകയും നന്മകളിൽ നടക്കുന്നവരാകുകയും തിന്മയിൽനിന്ന് രക്ഷപ്പെടുന്നവരാകുകയും തങ്ങളുടെ ജന്മോദ്ദേശ്യം പൂർത്തിയാക്കുന്നവരാകുകയും ഉന്നതമായ ധാർമികഗുണങ്ങളിലൂടെ നടന്ന് പരസ്പരം കടമകൾ നിറവേറ്റുന്നവരാകുകയും ചെയ്യും. ഇതിനോടൊപ്പം പ്രത്യേകം പറയപ്പെട്ടിരിക്കുന്ന കാര്യങ്ങളുടെ ആവശ്യം വെറും റമളാനിൽ മാത്രമാണോ? റമളാനിൽ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചതുകൊണ്ട് മാത്രം നമ്മൾ സ്ഥിരം സന്മാർഗം പ്രാപിച്ചവരായിത്തീരുമോ? റമളാൻ ഇക്കാര്യങ്ങൾ പ്രത്യേകം ഓർമിപ്പിക്കുന്നതിനുവേണ്ടിയാണ് വരുന്നത്. ഈ ശിക്ഷണപരവും അധ്വാനപരവുമായ മാസത്തിൽ നമ്മൾ ശിക്ഷണം കരസ്ഥമാക്കി അത്യധ്വാനം ചെയ്ത് അല്ലെങ്കിൽ അത്യധ്വാനംചെയ്യാൻ ശ്രമിച്ച് പരസ്പരം അങ്ങോട്ടുമിങ്ങോട്ടുംനോക്കിഅല്ലാഹുവിന്റെഅടുത്തെത്താനുള്ള വഴി അന്വേഷിക്കുന്നതിനുവേണ്ടി അത് വന്നു; സംഘടിതപരമായും വ്യക്തിപരവുമായ നിലയിൽ അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിച്ച് അവന്റെ അടുത്ത് നമ്മളെത്തുന്നതിനും നമ്മുടെ ദുആകളുടെ സ്വീകാര്യതയുടെ നിലവാരം കരസ്ഥമാക്കാൻ പരിശ്രമിക്കുന്നതിനും സുസ്ഥിരമായി അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കി നമ്മുടെ ഇഹലോകവും പരലോകവും സുവർണമാക്കിത്തീർക്കുന്നവരാകുന്നതിനുംവേണ്ടി. നമ്മളിൽ ചിലർ ഉത്തമമായ കർമങ്ങൾ ചെയ്യുന്നവരാണ്. ഉത്തമമായ ആരാധനാകർമങ്ങൾ നടത്തുന്നവരാണ്. ഉത്തമമായ സ്വഭാവക്കാരാണ്. അതുകൊണ്ട് സംഘടിക്കുമ്പോൾ, ഒന്നിച്ചുചേരുമ്പോൾ, പരസ്പരം കൂടിച്ചേർന്ന് ഈ ദിനങ്ങളിൽ കാണാൻ അവസരം കിട്ടുമ്പോൾ അതുമുഖേന നമ്മുടെ അവസ്ഥയിലേക്കും ശ്രദ്ധിക്കേണ്ടതാണ്.

വിശുദ്ധ ഖുർആനിൽ നിരവധി കല്പനകളുണ്ട്. അതിൽ ചെയ്യേണ്ടത് ചെയ്യാനും ചെയ്യരുതാത്തത് ചെയ്യാതിരിക്കാനും അല്ലാഹു നമുക്ക് കല്പന തന്നിരിക്കുന്നു. അവ നമ്മൾ സന്ദർഭോചിതം അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്. ആവർത്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇപ്പോൾ ഞാൻ ചില കല്പനകൾ എടുത്തിട്ടുണ്ട്. നമ്മൾ എപ്പോഴും നമ്മുടെ മുമ്പിൽ വെക്കേണ്ടതായ അടിസ്ഥാനപരമായ കല്പന-അത് മനുഷ്യന്റെ സൃഷ്ടി ഉദ്ദേശ്യവും കൂടിയാണ്- അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. അല്ലാഹു പറയുന്നു: വമാ ഖലഖ്ത്തുൽജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ. (51:57) ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതിനുകൊടുത്തിരിക്കുന്ന അർഥം ഇപ്രകാരമാണ്: "ഞാൻ ജിന്നിനേയും ഇൻസിനേയും സൃഷ്ടിച്ചിട്ടുള്ളത് എന്നെ ആരാധിക്കാനാണ്."(ബറാഹീനെ അഹ്മദിയ്യാ ഭാഗം 3 റൂഹാനീ ഖസായിൻ വാള്യം 1, പേജ് 185 അടിക്കുറിപ്പ്)

ഈ വിഷയം ഞാൻ പല പ്രാവശ്യവും വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ആവർത്തിച്ചാവർത്തിച്ച് ഈ ഭാഗത്തേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, നമ്മളിൽ അധികമാളുകളും കുറച്ചുദിവസം അത് ഓർമ വെക്കുകയും പിന്നീട് മറന്നുപോകുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ, മതപരമായ അറിവ് കരസ്ഥമാക്കുകയും വൈജ്ഞാനികമായ നിലയിൽ അതിന്റെ പ്രാധാന്യം ഗ്രഹിക്കുകയും ചെയ്തിട്ടുള്ളവരും ജമാഅത്തിനുവേണ്ടി പ്രവർത്തിക്കാൻ തങ്ങളുടെ ജീവിതം അർപണം ചെയ്തിട്ടുള്ളവരുമായ ചില വാഖ്ഫീനെ സിന്ദഗിമാർപോലും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്ന് എനിക്കറിയാം, അത് ഞാൻ കണ്ടിട്ടുമുണ്ട്. പിന്നീടുള്ളത് ജമാഅത്തിന്റെ ഔദ്യോഗിക ഭരവാഹികളാണ്. മീറ്റിംഗുകളിൽ തങ്ങളുടെ ജ്ഞാനപരമായ സാമർഥ്യം പ്രകടിപ്പിക്കാൻ അവർ പരിശ്രമിക്കുന്നു. ആരുടെയെങ്കിലും പ്രശ്നം അവതരിപ്പിക്കപ്പെട്ടാൽ അത് ഖുർആനും ഹദീഥും ഉദ്ധരിച്ച് മനസ്സിലാക്കിക്കൊടുക്കുന്നു. പക്ഷേ, സ്വയം ഈ അടിസ്ഥാനപരമായ കല്പന ശ്രദ്ധിക്കേണ്ടതുപോലെ ശ്രദ്ധിക്കാത്ത ചിലരുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: 'നിങ്ങളെ സൃഷ്ടിച്ചതുകൊണ്ടുള്ള അല്ലാഹുവിന്റെ ഉദ്ദേശ്യം നിങ്ങൾ അവനെ ആരാധിക്കുകയും അവന്റേതായിത്തീരുകയും ചെയ്യുക എന്ന കാര്യമാണെന്ന് നിങ്ങൾ മനസ്സിലാക്കുക. ഭൗതികത നിങ്ങളുടെ അടിസ്ഥാനപരമായ ലക്ഷ്യമായിരിക്കരുത്. ഞാൻ അതുകൊണ്ടാണ് ആവർത്തിച്ചാവർത്തിച്ച് ഇക്കാര്യം വിവരിക്കുന്നത്. എന്റെ അഭിപ്രായത്തിൽ ആരാധന എന്നൊരു കാര്യത്തിനുവേണ്ടി മാത്രമാണ് മനുഷ്യൻ വന്നിട്ടുള്ളത്. ഇതേ കാര്യത്തിൽനിന്നാണ് അവൻ അകന്നുമാറി കിടക്കുന്നതും.'(മൽഫൂദാത്ത് വാള്യം 1 പേജ് 183-184 1985 ഖാദിയാൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം കൂടുതൽ വ്യക്തമാക്കുകയുണ്ടായി: "ഭൗതികതയെ അടിസ്ഥാനപരമായ ലക്ഷ്യമാക്കരുതെന്ന് പറഞ്ഞതിന്റെ അർഥം നിങ്ങൾ ഭൗതികമായ ജോലികൾ ചെയ്യരുതെന്നല്ല. അതും നിങ്ങൾ ചെയ്തുകൊള്ളുക. പക്ഷേ, ഇബാദത്ത് അഥവാ ആരാധനയുടെ ഉത്തരവാദിത്വം, എന്നല്ല സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം നിങ്ങൾ ഒന്നാമതായി പരിഗണിക്കേണ്ടതാണ്."

ഇപ്പോൾ റമളാനിൽ ഇതനുസരിച്ചുള്ള കർമങ്ങൾ പൊതുവെ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇശാ നമസ്കാരവും പാശ്ചാത്യരാജ്യങ്ങളിൽ വളരെ താമസിച്ചാണ് അനുഷ്ഠിക്കുന്നത്. നമസ്കാരം കഴിയുന്നതോടെ 11, പതിനൊന്നേകാൽ മണിയാകും. പിന്നീട് ചിലർ തറാവീഹും നമസ്കരിക്കുന്നു. മസ്ജിദുകളിൽ തറാവീഹ് നമസ്കരിക്കാനുള്ള സൗകര്യവുമുണ്ട്. വീട്ടിലെത്തി ഉറങ്ങാൻ കിടക്കുമ്പോൾ പന്ത്രണ്ട് പന്ത്രണ്ടര മണിയാകുന്നു. പിന്നീട് രണ്ട് രണ്ടര മണിക്ക് അത്താഴത്തിനും എഴുന്നേല്ക്കുന്നുണ്ടാകും. കുറച്ച് നഫ്ലും നമസ്കരിക്കുന്നു. മസ്ജിദിലും നമസ്കരിക്കാൻ എത്തുന്നു. ഇക്കാര്യങ്ങൾ സ്ഥാപിക്കുന്നത്, മനോഭാവമുണ്ടെങ്കിൽ വൈജ്ഞാനികമായ പ്രാധാന്യത്തിന്റെ അറിവു മാത്രമല്ലാതെ കർമപരമായ ശ്രമം കൂടി ഉണ്ടെങ്കിൽ ഇബാദത്തിന്റെ ഉത്തമ സ്ഥാനമായ നമസ്കാരത്തിൽ മടികാണിക്കരുതെന്നാണ്. മറിച്ച് പ്രയാസപ്പെട്ടും മസ്ജിദിൽ എത്തുക. മസ്ജിദുകളിൽ ജമാഅത്തായിട്ട് നമസ്കരിക്കുക എന്നതും അല്ലാഹുവിന്റെ കല്പനകളിൽ ഒരു കല്പനയാണ്. അതുകൊണ്ട് ഈ റമളാനിൽ വഖ്ഫെ സിന്ദഗീ-അവരുടെ പ്രതിജ്ഞയാണ് തങ്ങൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരിൽ, ഏറ്റവും മുമ്പിൽ നില്ക്കുന്നവരിൽ ഉൾപെടാൻ തങ്ങളുടെ സർവശക്തികളോടും കൂടി പരിശ്രമിക്കുമെന്നത്- ഇക്കാര്യത്തിൽ ശ്രദ്ധിക്കുക. ഭാരവാഹികൾ-അവരുടെമേലാണ് ജമാഅത്തംഗങ്ങളുടെ ദൃഷ്ടിയുള്ളത്, തങ്ങളെക്കാൾ മികച്ചവരാണെന്ന് കണ്ടതു കൊണ്ടാണ് അവരെ അവർ തിരഞ്ഞെടുത്തത്- ഒരു മാതൃകയാവേണ്ടതാണ്. വെറും റമളാനിൽ മാത്രമല്ല, റമളാനിൽമാത്രം അല്ലാഹു പറഞ്ഞിട്ടുള്ള രീതിയനുസരിച്ച് ആരാധനാകർമങ്ങളിൽ ശക്തി ചെലുത്താതെ ഇക്കാര്യം എപ്പോഴും നിലനിറുത്താൻ പൂർണമായും നിറവേറ്റാൻ പരിശ്രമിക്കേണ്ടതാണ്. ഇനി പതിമൂന്നു ദിവസം ബാക്കിയുണ്ട്, 12 ദിവസമേ ബാക്കിയുള്ളു എന്നിങ്ങനെ ദിവസം മാത്രം എണ്ണിക്കൊണ്ടിരുന്നാൽ പോര. ഞങ്ങൾ പിന്നീട് ഞങ്ങളുടെ പഴയ രീതിയിൽ അല്ലെങ്കിൽ റൊട്ടേഷനിൽ വരുന്നതാണ് എന്നും ധരിച്ചിരിക്കരുത്. മറിച്ച് റമളാനിന്റെ തർബിയ്യത്തും മുജാഹദയും(അധ്വാനവും)ആരാധനയിൽ നമ്മുടെ ശ്രദ്ധയിൽ ഉണ്ടാക്കിയിട്ടുള്ള മികവിനെ നമ്മൾ ഇനി ജീവിതത്തിന്റെ സ്ഥിരമായ ഭാഗമാക്കാനുള്ള പരിശ്രമം ഉണ്ടാകണം. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണി സമർപിച്ചതുപോലെ നമ്മുടെ മാതൃക സ്ഥാപിക്കേണ്ടതാണ്. അതിൽ അദ്ദേഹം വളരെ വേദനയോടുകൂടി 'ഞാൻ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നു'വെന്ന് പറയുന്നു. ഇതുസംബന്ധമായി ആ മഹാത്മാവിന്റെ മറ്റു ചില ഉദ്ധരണികൾ സമർപിക്കുകയാണ്. അതിലൂടെ അതിന്റെ കൂടുതൽ വിശദീകരണമുണ്ടാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു: "മാനുഷികമായ സൃഷ്ടിപ്പുകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് ആരാധന മാത്രമാകുമ്പോൾ മറേറതെങ്കിലും ഒന്നിനെ തന്റെ ഉദ്ദേശ്യമാക്കുക എന്നത് മനുഷ്യന് ചേർന്നതല്ല. ശരീരത്തോടുള്ള കടമകൾ അനുവദനീയമാണ്. എന്നാൽ, ശരീരത്തിന്റെ അസന്തുലിതാവസ്ഥകൾ അനുവദനീയമല്ല. ശരീരത്തിനോടുള്ള കടമകളും അനുവദനീയമാകുന്നത് അതിന്റെ ശക്തി ക്ഷയിക്കാതിരിക്കാനാണ്. നിങ്ങളും ഇക്കാര്യങ്ങളെ ഇതിനുവേണ്ടി പ്രയോഗത്തിൽ കൊണ്ടുവരിക. നിങ്ങളെ ആരാധനയ്ക്ക് അർഹരാക്കി വെക്കുന്നതിന് അവയെ പ്രയോജനപ്പെടുത്തുക. അല്ലാതെ അത് നി ങ്ങളുടെ യഥാർഥ ഉദ്ദേശ്യമാകുന്നതിനല്ല." (മൽഫൂദാത്ത് വാള്യം 5 പേജ് 248-249 1985 ഖാദിയാൻ പതിപ്പ്)

ശരീരത്തിനോടുള്ള കടമകൾ നിറവേറ്റുന്നതിനെ സംബന്ധിച്ച് ഹദീഥിലും പറഞ്ഞിട്ടുണ്ട്. നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങളുടെ ശരീരത്തിനും നിങ്ങളുടെമേൽ അവകാശമുണ്ട്.'(ബുഖാരി, കിതാബുസ്സൗം ഹദീഥുനമ്പർ 1968)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'അവകാശമുണ്ടെന്നത് ശരിതന്നെ. പക്ഷേ, അതിൽ മധ്യമനില സ്വീകരിക്കേണ്ടതാണ്. ശരീരത്തിന് അനുവദനീയമായിട്ടുള്ള അവകാശം നിറവേറ്റുക. കാരണം ഈ അവകാശങ്ങൾ അല്ലാഹു മനുഷ്യന്റെ പ്രകൃതിയിൽ വെച്ചിട്ടുള്ളതാണ്. അതുകൊണ്ട് അത് നിറവേറ്റേണ്ടത് എന്തായാലും നിർബന്ധംതന്നെയാണ്. അവയെ നിങ്ങളുടെ ഗുണത്തിലും ഉപയോഗത്തിലും കൊണ്ടുവരിക. ഇല്ലെങ്കിൽ ചില ചീത്തക്കാര്യങ്ങളുണ്ട്. ഇതുപയോഗത്തിൽ കൊണ്ടുവരാതെയും പൂർണമായും കടമ നിറവേറ്റാതിരിക്കുകയും ചെയ്താൽ ശരീരത്തിന്റെ ചില ഇന്ദ്രിയങ്ങൾ നിശ്ചലമായിപ്പോകുന്നതാണ്. അത് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യമല്ല. ആരാധനയുടെ ഉദ്ദേശ്യം നിറവേറ്റുന്നതിനോടൊപ്പം ഇക്കാര്യങ്ങൾ ഉപയോഗിക്കേണ്ടതും നിർബന്ധമാണ്. അല്ലാഹു സൃഷ്ടിച്ചിട്ടുള്ള വിശേഷതകളേയും കഴിവുകളേയും ഉപയോഗിക്കേണ്ടത് അനിവാര്യമാണ്. ഉപയോഗിക്കാതിരിക്കുക എന്നത് അല്ലാഹുവിനോടുള്ള നന്ദികേടാണ്. ഒരു വനിത സ്വഹാബി ഉണ്ടായിരുന്നു. അവരുടെ അവസ്ഥ വളരെ മോശമായിരുന്നു. അവർ ഒരുങ്ങി ഇരിക്കുമായിരുന്നില്ല. മുടി ചീകുമായിരുന്നില്ല. ആരോ അവരെക്കുറിച്ച് നബി(സ)തിരുമേനിയോടു പറഞ്ഞു. അവരെ വിളിച്ച് നബി(സ)തിരുമേനി കാര്യം തിരക്കി. അവർ പറഞ്ഞു, 'ഞാൻ ആർക്കുവേണ്ടിയാണ് ഒരുങ്ങേണ്ടത്? എന്റെ ഭർത്താവ് പകലും ആരാധനയിൽ മുഴുകുന്നു. രാത്രിയിലും ആരാധനയിലാണ്.' അപ്പോൾ അവിടന്ന് ഭർത്താവിനെ വിളിച്ചിട്ട് പറഞ്ഞു, താങ്കളുടെ ശരീരത്തിനും താങ്കളുടെമേൽ അവകാശമുണ്ട്. താങ്കളുടെ ഭാര്യക്കും താങ്കളുടെമേൽ അവകാശമുണ്ട്.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 8 പേജ് 531 ഹദീഥ് 26839, മുസ്നദ് ഹദ്റത്ത് ആയിശാ(റ)അച്ചടിക്കപ്പെട്ടത് ആലമുൽ ഖുത്വ്ബ് ബേറൂത്ത് 1998)

അതുകൊണ്ട് അവകാശങ്ങൾ എല്ലാ രീതിയിലും നിറവേറ്റപ്പെടേണ്ടതാണ്. പക്ഷേ, സൃഷ്ടി ഉദ്ദേശ്യത്തെ എന്തായാലും മുന്നിൽവെക്കേണ്ടതാണ്. ശരീരത്തിനോടുള്ള കടമകളും നിർവഹിക്കപ്പെടും. ആരോഗ്യം നിലനില്ക്കുന്നതുമാണ്. ആരോഗ്യം നിലനിന്നാൽ ആരാധനയും ശരിയായ രീതിയിൽ ഉണ്ടാകുന്നതാണ്.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു, "സന്ദർഭോചിതം ഉപയോഗിക്കുന്നില്ലെങ്കിൽ ഹലാലും ഹറാമായി തീരുന്നു. പറയുന്നു: വമാ ഖലഖ്ത്തുൽജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ എന്നതിൽനിന്ന് പ്രകടമാകുന്നത് മനുഷ്യൻ വെറും ആരാധനയ്ക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നാണ്. അതിനാൽ ഈ ഉദ്ദേശ്യപൂർത്തീകരണത്തിനുവേണ്ടി എത്രത്തോളം കാര്യങ്ങളാണോ വേണ്ടത്, അതിനെക്കാൾ കൂടുതൽ എടുത്താൽ അക്കാര്യം ഹലാലാണെങ്കിൽത്തന്നെയും നിരർഥമായ കാരണത്താൽ അവന് ഹറാമായിത്തീരുന്നു." എല്ലാ വസ്തുക്കളുടേയും അനുവദനീയമായ ഉപയോഗം ശരി തന്നെയാണ്. എന്നാൽ, ആവശ്യത്തെക്കാൾ കൂടുതൽ ഉപയോഗിക്കുന്നെങ്കിൽ ഹലാലായ അതും ഹറാമായിത്തീരുന്നു. പറഞ്ഞു, "ഏതൊരു മനുഷ്യനാണോ ഇരവും പകലും മാനുഷികമായ സുഖഭോഗങ്ങളിൽ മുഴുകിയിരിക്കുന്നത് അവൻ ആരാധനയോടുള്ള കടമ എന്തു നിറവേറ്റാനാണ്? മുഅ്മിന് അത്യാവശ്യമായിട്ടുള്ളത് ഒരു കയ്പായജീവിതം നയിക്കുക എന്നതാണ്. പക്ഷേ, സുഖാഡംബരങ്ങളിൽ ജീവിക്കുന്നതുകൊണ്ട് അവന് ഈ ജീവിതത്തിന്റെ പത്തിലൊന്നുപോലും കരസ്ഥമാക്കാൻ സാധിക്കുകയില്ല."((മൽഫൂദാത്ത് വാള്യം 7 പേജ് 68, 1985 ഖാദിയാൻ പതിപ്പ്).

വീണ്ടും പറയുന്നു: മനുഷ്യസൃഷ്ടിപ്പിന്റെ യഥാർഥ ഉദ്ദേശ്യം അവർ തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുകയും അവനെ അനുസരിക്കുകയും ചെയ്യുക എന്നതാണ്. വമാ ഖലഖ്ത്തുൽജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ എന്ന് അല്ലാഹു പറഞ്ഞതുപോലെ. ഞാൻ ജിന്നിനേയും ഇൻസിനേയും സൃഷ്ടിച്ചിട്ടുള്ളത് എന്നെ ആരാധിക്കാൻവേണ്ടിയാണ്. എന്നാൽ, ഖേദകരമെന്ന് പറയട്ടെ! ലോകത്തു വരുന്ന അധികമാളുകളും പ്രായപൂർത്തിയായതിനുശേഷം തങ്ങളുടെ നിർബന്ധകടമകൾ മനസ്സിലാക്കുന്നതിനും തങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ മുന്നിൽവെക്കുന്നതിനും പകരം അല്ലാഹുവിനെ വിട്ടുകൊണ്ട് ദുൻയാവിലേക്ക് ചായുകയാണ് ചെയ്യുന്നത്. ഭൗതിക സമ്പത്തിന്റേയും അതിന്റെ അന്തസ്സിന്റേയും എത്രമത്രം പ്രേമികളാകുന്നുവെന്നാൽ അല്ലാഹുവിന്റെ ഭാഗം വളരെ കുറഞ്ഞുപോകുന്നു. ഒരുപാടാളുകളുടെ മനസ്സിൽ അതുണ്ടാകുന്നതേയില്ല. അവർ ഭൗതികതയിൽ പൂർണമായും മുഴുകിയവരും ലയിച്ചവരുമായിപ്പോകുന്നു."(അൽഹക്കം 1904 സെപ്റ്റംബർ 24 പേജ് 1, വാള്യം 8 നമ്പർ 32, തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 4 പേജ് 239)

മരണസമയമാകുമ്പോഴാണ് ദുൻയാവിലെ കശപിശകളിൽനിന്ന്, ദുൻയാവിലെ ജോലികളിൽനിന്ന് അവർ പുറത്തുവരുന്നത്. എന്നല്ല ലൗകികരിൽ അധികമാളുകളുടേയും അവസ്ഥ മരണസമയത്തും ഭൗതിക സമ്പത്തിന്റേയും അത് സൂക്ഷിച്ചുവെക്കേണ്ടതിന്റേയും ചിന്തയായിരിക്കുമെന്നതാണ് വാസ്തവം. മരണസമയത്തും പണം എങ്ങനെ സംരക്ഷിച്ചുവെക്കണം എന്നതായിരിക്കുകയില്ല ഒരു മുഅ്മിന്റെ അവസ്ഥ. പക്ഷേ, ആരോഗ്യാവസ്ഥയിൽ വിശ്വാസിയായിരുന്നിട്ടുംകൂടി ജീവിതോദ്ദേശ്യം മറന്ന് ഭൗതിക നേട്ടങ്ങൾ അന്വേഷിക്കുന്നതിൽ കൂടുതൽ ചിന്താകുലരായിരിക്കും. അതുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുന്നവരാകണം എന്ന ചിന്തയാണ് നമ്മളിൽ എല്ലാവർക്കും ഉണ്ടായിരിക്കേണ്ടത്. ഈ റമളാനിലും റമളാനുശേഷവും നമ്മുടെ ശ്രദ്ധ അല്ലാഹുവിന് ഇബാദത്ത് ചെയ്യുന്നതിലായിരിക്കേണ്ടതാണ്. ഇതിനുവേണ്ടി മസ്ജിദുകൾ ജനബാഹുല്യമുള്ളതാക്കുക എന്ന കല്പന നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറഞ്ഞു, മനുഷ്യന്റെ മനസ്സിൽ അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുന്നതിന് ഒരു വേദന ഉണ്ടാകേണ്ടതാണ്. ദൈവസാമീപ്യം കിട്ടുന്നതിന് ഒരു വേദന ഉണ്ടാകേണ്ടതാണ്; ഇക്കാരണത്താൽ അല്ലാഹുവിന്റെ പക്കൽ അവൻ വിലമതിപ്പുള്ള വസ്തുവാകാൻ. (മൽഫൂദാത്ത് വാള്യം 7 പേജ് 289 1985 ലണ്ടൻ പതിപ്പ്)

അല്ലാഹുവിന്റെ സാമീപ്യം കിട്ടുന്നതിന് വേദനയുണ്ടാകുമ്പോൾ അല്ലാഹുവിന്റെ പക്കൽ അവൻ വിലപിടിപ്പുള്ള വസ്തുവായിത്തീരുന്നു.

അല്ലാഹുവിന്റെ പക്കൽ വിലപിടിപ്പുള്ള വസ്തുവായിത്തീർന്നാൽ അവൻതന്നെയാണ് യഥാർഥ സന്മാർഗം പ്രാപിക്കുന്നവനും അല്ലാഹുവിന്റെ സ്നേഹത്തെ കരസ്ഥമാക്കുന്നവനും. അല്ലാഹു നമസ്കാരത്തിന്റേയും ആരാധനയുടേയും വിഷയം വേറെ പല സ്ഥലങ്ങളിലും വിവരിച്ചിട്ടുണ്ട്. സൂറ:നൂറിൽ അല്ലാഹു പറയുന്നു, ലാ തുൽഹീഹിം തിജാറത്തുൻ വ്വലാ ബയ്ഉൻ അൻ ദിക്രില്ലാഹി വ ഇഖാമിസ്സ്വലാത്തി വ ഈത്തായിസ്സക്കാത്തി യഖാഫൂന യൗമൻ തത്തഖല്ലബു ഫീഹിൽബുലൂബു വൽ അബ്സ്വാർ(24:38) അത്തരം വലിയ പുരുഷന്മാരെ എന്തെങ്കിലും വ്യാപാരമോ എന്തെങ്കിലും കൊടുക്കൽ വാങ്ങലോ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് അല്ലെങ്കിൽ നമസ്കാരം നിലനിറുത്തുന്നതിൽനിന്ന് അല്ലെങ്കിൽ സക്കാത്ത് കൊടുക്കുന്നതിൽനിന്ന് അശ്രദ്ധരാക്കുകയില്ല. ഹൃദയം ഭയത്താൽ തകിടംമറിഞ്ഞുകൊണ്ടിരിക്കുന്ന നാളിനെ അവർ ഭയപ്പെടുന്നു; കണ്ണുകളും. ഈ ആയത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയതുപോലുള്ളവരുടെ ഉദാഹരണമാണുള്ളത്. ഈ ബഹുമതി ഏറ്റവും കൂടുതൽ ലഭിച്ചത് നബി(സ) തിരുമേനിയുടെ സ്വാഹാബാക്കൾക്കായിരുന്നു. അവർ അല്ലാഹുവിന് പ്രിയപ്പെട്ടവരായി. തന്റെ സഖാക്കളെ സംബന്ധിച്ച് നബി(സ)തിരുമേനി നമ്മളോടു പറഞ്ഞു, അവർ നിങ്ങൾക്ക് വഴികാണിക്കുന്നവരാണ്. അവരുടെ പിന്നാലെ നടന്നുകൊള്ളുക.'(മിശ്ക്കാത്തുൽ മസ്വാബീഹ് വാള്യം 2 പേജ് 414 കിതാബുൽ മനാഖിബ് )

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആയത്തിന് നല്കിയ വിശദീകരണത്തിൽ പറയുന്നു: 'ഒരു വ്യക്തിയെ സംബന്ധിച്ച് തദ്ക്കിറത്തുൽ ഔലിയായിൽ പറയുന്നുണ്ട്. അതായത് ഒരാൾ ആയിരക്കണക്കിന് രൂപയുടെ കച്ചവടത്തിൽ വ്യാപൃതനായിരുന്നു. അല്ലാഹുവിന്റെ ഒരു വലിയ്യ് അദ്ദേഹത്തെ കണ്ടു. ജാഗ്രദർശനത്തിന്റെ ദൃഷ്ടി അയാളിൽ പതിപ്പിച്ചപ്പോൾ ഇത്രമാത്രം കൊടുക്കൽവാങ്ങൽ നടന്നുകൊണ്ടിരുന്നിട്ടും(കച്ചവടം ചെയ്തുകൊണ്ടിരിക്കുന്നു. പണം വരുന്നു. സാധനങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നു. ബാഹ്യമായി കച്ചവടത്തിൽ മുഴുകിയിരിക്കുന്നു. ഇത്രമാത്രം കൊടുക്കൽവാങ്ങലിൽ വ്യാപൃതനായിരുന്നിട്ടും ) "ഇത്രമാത്രം പണമുണ്ടായിട്ടും" അയാളുടെ ഹൃദയം അല്ലാഹുവിൽനിന്ന് അശ്രദ്ധനായിട്ടില്ലെന്ന് അദ്ദേഹത്തിന് മനസ്സിലായി.' (കച്ചവടവും ഒപ്പത്തിനൊപ്പം ചെയ്തുകൊണ്ടിരുന്നു. പക്ഷേ, അല്ലാഹുവിൽനിന്ന് അശ്രദ്ധനായില്ല. അവിടന്ന് പറയുന്നു:) "അത്തരക്കാരെ കുറിച്ചാണ് ലാ തുൽഹീഹിം തിജാറത്തുൻ വ്വലാ ബയ്ഉൻ അൻ ദിക്രില്ലാഹി എന്ന് അല്ലാഹു പറഞ്ഞത്. ഒരു കച്ചവടവും ഒരു കൊടുക്കൽവാങ്ങലും അവരെ അശ്രദ്ധരാക്കുന്നില്ല. മനുഷ്യന്റെ കഴിവെന്ന് പറയുന്നതും ഇതുതന്നെയാണ്; ഭൗതിക ജോലികളിലും വ്യാപൃതരാകുക, അല്ലാഹുവിനെ മറക്കാതിരിക്കുകയും ചെയ്യുക." പറയുന്നു: "ഭാരം കയറ്റുമ്പോൾ ഇരിക്കുകയും ഭാരം ഇറക്കുമ്പോൾ നല്ലവണ്ണം പായുകയും ചെയ്യുന്ന ടട്ടുവിനെക്കൊണ്ട് എന്തു പ്രയോജനമാണുള്ളത്? അത് പ്രശംസ അർഹിക്കുന്നില്ല."(ടട്ടു എന്നത് കുതിരയുടെ ഒരു ഇനമാണ്. അവയെ പ്രത്യേകിച്ചും പർവതപ്രദേശങ്ങളിൽ ഭാരം കയറ്റാൻ ഉപയോഗിക്കുന്നു).പിന്നീടു അവിടന്ന് പറയുന്നു:"ഭൗതികമായ ജോലികണ്ട് പരിഭ്രമിച്ച് ഏകാന്തവാസിയാകുന്നവൻ ഒരു ബലഹീനത കാണിക്കുകയാണ് ചെയ്യുന്നത്.(ഇക്കാര്യവും മുന്നിലുണ്ടായിരിക്കേണ്ടതാണ്. ആരാധനയാണ് ഉദ്ദേശ്യം. പക്ഷേ, ഭൗതിക ജോലികളും ഒപ്പത്തിനൊപ്പം ചെയ്യണം. ഏകാന്തവാസം സ്വീകരിക്കുന്നവർ ഫഖീറായിത്തീരുന്നു. പറഞ്ഞു, അവർ ബലഹീനത കാണിക്കുന്നു). "ഇസ്ലാമിൽ സന്യാസമില്ല. ഭാര്യമാരേയും കുഞ്ഞുകുട്ടികളേയും ഉപേക്ഷിക്കണമെന്നോ ഭൗതികമായ ജോലികൾ ഉപേക്ഷിക്കണമെന്നോ നാമൊരിക്കലും പറയുന്നില്ല. പ്രത്യുത ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ഉദ്യോഗത്തിന്റെ നിർബന്ധമായ കടമകൾ നിർവഹിക്കുക. വ്യാപാരികൾ തങ്ങളുടെ വ്യാപാരങ്ങൾ പൂർത്തിയാക്കുക. പക്ഷേ, ദീനിനെ മുന്തിക്കേണ്ടതാണ്. ഇത് നിബന്ധനയാണ്."(ഇതാണ് നിബന്ധന. ഇതിന്റെ ഉദാഹരണം ലോകത്ത് കാണാം).അവിടന്ന് പറയുന്നു:"അതിന്റെ ഉദാഹരണം ഭൂമിയിൽത്തന്നെയുണ്ട്. കച്ചവടക്കാരും ഉദ്യോഗസ്ഥരും തങ്ങളുടെ കച്ചവടവും ഉദ്യോഗവും വളരെ നല്ലനിലയിൽ നിർവഹിച്ചിട്ടും ഭാര്യയേയും മക്കളേയും പോറ്റുന്നു. അവരോടുള്ള കടമകൾ തുല്യമായി നിർവഹിക്കുന്നു." (ഒരു ഭാഗത്ത് കച്ചവടവുമുണ്ട്. ഒരു ഭാഗത്ത് ഉദ്യോഗവുമുണ്ട്. എന്നാൽ, വീട്ടിലെ ഉത്തരവാദിത്വങ്ങൾ, ഭാര്യയോടുള്ള കടമകൾ അതുമെല്ലാം നിറവേറ്റിക്കൊണ്ടിരിക്കുന്നു. രണ്ടു കാര്യങ്ങളും ഒപ്പത്തിനൊപ്പം നടന്നുപോകുന്നു). പറഞ്ഞു: 'അപ്രകാരംതന്നെ ഒരു മനുഷ്യന് ഈ എല്ലാ ജോലികൾക്കുമൊപ്പം അല്ലാഹുവിനോടുള്ള കടമകളും നിറവേറ്റാൻ കഴിയും. ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ച് വളരെ നല്ല നിലയിൽ തന്റെ ജീവിതം നയിക്കാൻ കഴിയുന്നതാണ്.'(മൽഫൂദാത്ത് വാള്യം 9 പേജ് 206-207, 1985 ലണ്ടൻ പതിപ്പ്)

നമസ്കാരം സംരക്ഷിക്കേണ്ടതിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു:ഹാഫിളൂ അലസ്സ്വലവാത്തി വസ്സ്വലാത്തിൽ വുസ്ത്വാ വ ഖൂമൂ ലില്ലാഹി ഖാനിത്തീൻ(2:239)നിങ്ങളുടെ നമസ്കാരത്തെ കാത്തുസൂക്ഷിക്കുക. പ്രത്യേകിച്ചും മധ്യമ നമസ്കാരത്തെ. അല്ലാഹുവിന്റെ തിരുസന്നിധിയിൽ അനുസരണം പുലർത്തിക്കൊണ്ട് നില്ക്കുക. ഈ ആയത്തിൽ പ്രത്യേകമായ നിലയിൽ നമസ്കാരം ഏതെങ്കിലും വിധത്തിൽ ഭാരമാകുന്ന ആളുകളുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. രാത്രി ദീർഘനേരം ഉണർന്നിരിക്കുന്ന കാരണത്താൽ മടികൊണ്ട് സുബ്ഹി നമ്സ്കാരത്തിന് വന്നുചേരാൻ ബുദ്ധിമുട്ടുള്ളവർക്ക് ഇത് സ്വലാത്തുൽ വുസ്ത്വാ ആണ്. തൊഴിലാളികൾക്ക് ളുഹ്റും അസ്വറും നമസ്കരിക്കാൻ പ്രയാസമുണ്ടെങ്കിൽ അത് അവർക്ക് സ്വലാത്തുൽ വുസ്ത്വാ ആണ്. ഹാഫിളൂ എന്നതിന്റെ ഉദ്ദേശ്യം ആരെങ്കിലും നഷ്ടപ്പെടുന്നതിൽനിന്ന് കാത്തുരക്ഷിക്കുക എന്നാണ്. അതിനാൽ ഒരു മുഅ്മിൻ തന്റെ നമസ്കാരം കൃത്യസമയത്ത് നിർവഹിക്കുമ്പോഴും അവയോടുള്ള കടമ നിറവേറ്റിക്കൊണ്ട് നമസ്കരിക്കുമ്പോഴുമാണ് അനുസരണമുണ്ടാകുന്നത്; പെട്ടെന്ന് പെട്ടെന്ന് വരികയും തലമുട്ടിച്ച് പോകുകയും ചെയ്യുന്നതിനല്ല.

പിന്നീട് ഒരു കല്പന അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞത് പ്രതിജ്ഞ നിർവഹിക്കുന്നതിനെ കുറിച്ചും അതിന്റെ പാലനത്തെ കുറിച്ചുമാണ്. അതിൽ അല്ലാഹുവിനോടു ചെയ്തിട്ടുള്ള പ്രതിജ്ഞകളുണ്ട്. സമസൃഷ്ടികളോടു ചെയ്തിട്ടുള്ള പ്രതിജ്ഞകളുണ്ട്. അല്ലാഹുവിനോടുള്ള പ്രതിജ്ഞ അല്ലാഹുവിന്റെ ദീനിനെക്കുറിച്ചുള്ള പ്രതിജ്ഞയാണ്. മുസ്ലിം ആകുകയും പിന്നീട് അഹ്മദികളായ നമുക്ക് പ്രത്യേകിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതിന്റെ പ്രതിജ്ഞയാണ്. ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുമെന്ന് നമ്മൾ ചെയ്തിട്ടുള്ള പ്രതിജ്ഞയാണ്. ഇസ്ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുമെന്ന് നമ്മൾ ചെയ്തിട്ടുള്ള പ്രതിജ്ഞയാണ്. അല്ലാഹുവിനോടുള്ള കടമ നിറവേറ്റാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം പാലിക്കുമെന്ന് നമ്മൾ ചെയ്തിട്ടുള്ള പ്രതിജ്ഞയാണ്. ബയ്ത്തിന്റെ നിബന്ധനകളിൽ ഇക്കാര്യങ്ങളെല്ലാം അടങ്ങിയിരിക്കുന്നു. മനുഷ്യരോടുള്ള കടമ നിർവഹിക്കുന്നതിനെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഇക്കാര്യത്തിലേക്ക് നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

അല്ലാഹു പറയുന്നു: വ ഔഫൂ ബി അഹ്ദില്ലാഹി ഇദാ ആഹദ്ത്തും വലാ തൻഖുളുൽ അയ്മാന ബഅ്ദ തൗക്കീദിഹാ വഖദ് ജഅൽത്തുമുല്ലാഹ അലയ്ക്കും കഫീലാ ഇന്നല്ലാഹ യഅ്ലമു മാ തഫ്അലൂൻ(16:92) നിങ്ങൾ അല്ലാഹുവിനോടു പ്രതിജ്ഞകൾ ചെയ്യുമ്പോൾ അവ പൂർത്തിയാക്കുക. സത്യങ്ങളെ-അവ ദൃഢമായി ചെയ്തതിനുശേഷം ലംഘിക്കാതിരിക്കുക. നിങ്ങൾ അല്ലാഹുവിനെ നിങ്ങളുടെമേൽ ജാമ്യക്കാരനാ ക്കിക്കഴിഞ്ഞിരിക്കുകയാണല്ലോ. നിങ്ങൾ എന്തൊന്ന് ചെയ്യുന്നുവോ അത് അല്ലാഹു തീർച്ചയായും അറിയുന്നു.

അതുകൊണ്ട് വളരെ വ്യക്തമായ കല്പനയാണ്. നിങ്ങളുടെ രണ്ടു പ്രതിജ്ഞകളുണ്ട്. ഒന്ന് അല്ലാഹുവിനോടു ചെയ്തിട്ടുള്ളതാണ്. തീർച്ചയായും ഇസ്ലാമിന്റെ അധ്യാപനമനുസരിച്ച് ജീവിക്കുമെന്ന് അല്ലാഹുവിനോടു ചെയ്തിട്ടുള്ള പ്രതിജ്ഞയാണ് ഒന്ന്. അത് ബയ്അത്ത് പ്രതിജ്ഞയാണ്. ഞാൻ ഇസ്ലാമിൽ പ്രവേശിച്ചിട്ട്, മുസ്ലിമെന്ന് പറയപ്പെട്ട് അല്ലാഹുവിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുന്നതാണെന്നുള്ള പ്രതിജ്ഞയാണത്. രണ്ടാമത്തെ കാര്യം വിവരിച്ചിട്ടുള്ളത് നിങ്ങൾ പരസ്പരം ചെയ്തിട്ടുള്ള പ്രതിജ്ഞകളും ഉടമ്പടികളും പൂർത്തിയാക്കുക എന്നതാണ്. അല്ലാഹുവിനെ നിങ്ങൾ ജാമ്യക്കാരനാക്കിയ സ്ഥിതിക്ക് നിങ്ങൾ ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കേണ്ടത് നിർബന്ധമാണെന്നാണ് ഇവിടെ അല്ലാഹു പറയുന്നത്. ഇതിന്റെ ഉദ്ദേശ്യം വ്യക്തമായ നിലയിൽ അല്ലാഹുവിന്റെ പേരെടുത്തുകൊണ്ട് അല്ലാഹുവിനെ ജാമ്യക്കാരനാക്കുന്നില്ലെങ്കിൽ പ്രതിജ്ഞ ലംഘിക്കുന്നതുകൊണ്ട് കുഴപ്പമില്ല എന്നല്ല. തന്റെ സത്യം ലംഘി

Website Design &
Online Marketing
Google SEO I Website Design I Social Media I Graphic Design
Call: 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

ക്കുന്നതുകൊണ്ട് കുഴപ്പമില്ലെന്നല്ല. ഉടമ്പടികളനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ കുഴപ്പമില്ലെന്നല്ല. അല്ല. മറിച്ച് നിങ്ങൾ ചെയ്യുന്ന ഓരോ പ്രതിജ്ഞയും, നിങ്ങൾ ചെയ്യുന്ന ഓരോ ഉടമ്പടിയും അത് നീതിയുടേയും സത്യസന്ധതയുടേയും അടിസ്ഥാനത്തിൽ ആയിരിക്കണമെന്നതാണ് ഒന്നാമത്തെ കാര്യം. നീതിയേയും സത്യസന്ധതയേയും അടിസ്ഥാനമാക്കി ചെയ്യുമ്പോൾ അങ്ങനെതന്നെ ആവണമെന്നതാണ് അല്ലാഹുവിന്റെ കല്പന. കാരണം ഒരു മുഅ്മിൻ നീതിയിലും സത്യസന്ധതയിലും നിലകൊള്ളേണ്ടത് നിർബന്ധമാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ നമുക്ക് അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ടോ അവനെ ജാമ്യക്കാരനാക്കിക്കൊണ്ടോ എന്തെങ്കിലും ഉടമ്പടി ചെയ്യുകയോ അല്ലെങ്കിൽ ചെയ്യാതിരിക്കുകയോ ചെയ്യാം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ അധ്യാപനം നിങ്ങൾ നീതിയിലും സത്യസന്ധതയിലും നിലകൊള്ളുക എന്നതാണ്. അതുകൊണ്ട് ഏതൊരു ഉടമ്പടിയും നീതിയുടേയും സത്യസന്ധതയുടേയും അടിസ്ഥാനത്തിലാണെങ്കിൽ അത് അല്ലാഹുവിന്റെ ജാമ്യത്തിന് കീഴെ വരുന്നതായിരിക്കും.

അതുകൊണ്ട് ഒരു മുഅ്മിൻ തന്റെ എല്ലാ പ്രതിജ്ഞകളും ഉടമ്പടികളും നിറവേറ്റണമെന്ന വിഷയം മനസ്സിലാക്കേണ്ട ആവശ്യമാണുള്ളത്. ഇക്കാര്യത്തിന്റെ പ്രാധാന്യവും യാഥാർഥ്യവും നമ്മൾ മനസ്സിലാക്കുകയാണെങ്കിൽ എല്ലാ തരത്തിലുള്ള വഴക്കുകളിൽനിന്നും വഞ്ചനകളിൽനിന്നും ആക്ഷേപങ്ങളിൽനിന്നും നമ്മുടെ സമൂഹം പരിശുദ്ധമാകാനിടയുണ്ട്. കുടുംബപരമായ കാര്യങ്ങളിലും വല്ലപ്പോഴുമുണ്ടാകുന്ന പ്രശ്നങ്ങളും ഉണ്ടാകുകയില്ല. കാരണം അവിടേയും ഉടമ്പടി ലംഘനമാണ് നടക്കാറുള്ളത്. ഭൗതികമായ അത്യാഗ്രഹം കാരണത്താൽ നമ്മുടെ ഉള്ളിലും ഉടമ്പടികൾ ലംഘിക്കുന്നതും വഞ്ചന നടത്തുന്നതും നാവുകൊണ്ട് സമ്മതിക്കുന്നത് പൂർത്തിയാക്കാത്തതുമായ കാര്യങ്ങൾ വർധിച്ചുവരുന്നതായി ഈയിടെയായി ഞാൻ കാണുന്നുണ്ട്. ഇക്കാര്യങ്ങളാൽ ജമാഅത്തിന് ദുഷ്പേരുണ്ടാകുന്നുവെന്ന് മാത്രമല്ല ചിലപ്പോൾ അത്തരക്കാരുടെ ഈമാനും പാഴായിപ്പോകുന്നു.

ഉടമ്പടികൾ മനുഷ്യൻ ലംഘിക്കുമ്പോൾ കളവിനെ ആശ്രയിക്കുന്നു. കളവിനെക്കുറിച്ച് അല്ലാഹു വളരെ ശക്തമായ രീതിയിൽ വിവരിച്ചുകൊണ്ട് അതിൽനിന്ന് രക്ഷപ്പെടാൻ കല്പിച്ചിരിക്കുന്നു.' ഫജ്ത്തനിബുർരിജ്സ മിനൽ ഔഥാനി വജ്ത്തനിബൂ ഖൗലസ്സൂർ(22:31) അതിനാൽ ബിംബാരാധനയുട മാലിന്യത്തിൽനിന്ന് അകന്നു നില്ക്കുക. കളളം പറയുന്നതിൽനിന്നും അകന്നു നില്ക്കുക. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'നിങ്ങൾ കൊല ചെയ്യരുത് എന്ന് ഉപദേശിക്കേണ്ട കാര്യം ഇപ്പോൾ എനിക്കില്ല.'(കൊല ചെയ്യരുത്, ആരുടേയും ചോര ഒഴുക്കരുത്)'കാരണം അങ്ങേയറ്റം ദ്രോഹിയായവനല്ലാതെ ആരാണ് അന്യായമായി കൊലചെയ്യാൻ മുതിരുന്നത്. എന്നാൽ, ഞാൻ പറയുന്നു: 'അനീതിയിൽ വാശിപിടിച്ച് സത്യസന്ധതയെ വധിക്കരുത്. ഒരു കുട്ടിയിൽനിന്നാണെങ്കിലും സത്യം സ്വീകരിക്കുക.'(കുട്ടിയാണ് സത്യമായ കാര്യം പറയുന്നതെങ്കിൽ സ്വീകരിക്കുക, പിടിവാശി കാണിക്കരുത്). 'എതിരാളിയുടെ ഭാഗത്ത് സത്യം കണ്ടാൽ ഉടനെ നിങ്ങളുടെ ശുഷ്കമായ തർക്കശാസ്ത്രം ഉപേക്ഷിക്കുക.'(നിങ്ങളുടെ എതിരാളിയാണ്, അയാൾ എന്തെങ്കിലും സത്യമായ കാര്യം പറഞ്ഞാൽ, വഴക്കും കലഹവും നടന്നുകൊണ്ടിരിക്കുകയാണ് മറുഭാഗത്ത് സത്യമുണ്ടെന്ന് കണ്ടാൽ പിന്നീട് സംവാദം നടത്തേണ്ട ആവശ്യമില്ല. പിന്നീട് തർക്കശാസ്ത്രം കുടഞ്ഞിടേണ്ട കാര്യമില്ല, അപ്പോൾ സത്യം സ്വീകരിക്കുകയാണ് വേണ്ടത്). പറഞ്ഞു, 'സത്യത്തിൽ നിലകൊള്ളുക. സത്യസാക്ഷ്യം പറയുക. ഫജ്ത്തനിബുർരിജ്സ മിനൽ ഔഥാനി വജ്ത്തനിബൂ ഖൗലസ്സൂർ(22:31)എന്ന് അല്ലാഹു പറഞ്ഞതുപോലെ. അതായത് ബിംബങ്ങളുടെ മാലിന്യങ്ങളിൽനിന്ന് രക്ഷപ്പെടുക. കളവിൽനിന്നും; അത് ബിംബങ്ങളിൽനിന്ന് ഒട്ടും കുറവല്ല. സത്യമായ ഖിബ്‌ലയിൽനിന്ന് നിങ്ങളുടെ മുഖത്തെ തിരിച്ചുകളയുന്നതെന്താണോ അത് നിങ്ങളുടെ മാർഗത്തിലുള്ള ബിംബമാണ്.'(സത്യം സ്വീകരിക്കുന്നതിൽനിന്ന് നിങ്ങളെ അകറ്റുന്നത് ബിംബമാണ്). 'സത്യസാക്ഷ്യം പറയുക; നിങ്ങളുടെ പിതാക്കന്മാർക്കും സഹോദരങ്ങൾക്കും സുഹൃത്തുക്കൾക്കും എതിരാണെങ്കിലും! നിങ്ങളോടുള്ള ശത്രുതപോലും നീതിനിർവഹിക്കുന്നതിൽ നിങ്ങൾക്ക് തടസമാകരുത്."(ഇസാലയെ ഔഹാം റൂഹാനീ ഖസായിൻ വാള്യം 3 പേജ് 350)

നാം അന്യരോട് ഇക്കാര്യം പറയുകയും ഇതു നീതിയുടെ അധ്യാപനമാണെന്ന് പറഞ്ഞ് വിശുദ്ധ ഖുർആന്റെ ഈ അധ്യാപനം കാണിക്കുകയും ചെയ്യുന്നു. എന്നാൽ, നമ്മുടെ സ്വന്തം കാര്യങ്ങൾ വരുമ്പോൾ ഇക്കാര്യം മറക്കുന്ന ധാരാളമാളുകൾ നമ്മളിലുണ്ട്.

പിന്നീടൊരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "ബിംബാരാധനയോടൊപ്പം ഈ കളവിനെ കൂട്ടിച്ചേർത്തുപറഞ്ഞിരിക്കുന്നു.'(കളവിനെ ബിംബാരാധനയോടൊപ്പം കൂട്ടിച്ചേർത്തു). 'വിഡ്ഢിയായ മനുഷ്യൻ അല്ലാഹുവിനെ വിട്ട് കല്ലിന്റെ മുമ്പിൽ തന്റെ തലകുനിക്കുന്നതുപോലെ നേരും നെറിയുംവിട്ട് തന്റെ ഉദ്ദേശ്യ സാഫല്യത്തിനായി കളവിനെ ബിംബമാക്കുന്നു. ഇക്കാരണത്താലാണ് അല്ലാഹു അതിനെ ബിംബാരാധനയുമായി കൂട്ടിച്ചേർത്തത്. അതുമായി ബന്ധപ്പെടുത്തി പറഞ്ഞു. ഒരു ബിംബാരാധകൻ ബിംബത്തിൽനിന്ന് മോക്ഷം ആഗ്രഹിക്കുന്നതുപോലെ."(അതായത് ബിംബമുണ്ടാക്കി അതിന്റെയടുത്ത് ആരാധിക്കുന്നതിനുവേണ്ടി പോകുന്നു. താൻ അതിനെ ആരാധിക്കുമെന്ന് മനസ്സിലാക്കുന്നു. അല്ലെങ്കിൽ അതിനോടു തന്റെ പാപപ്പൊറുതി തേടിയാൽ തനിക്ക് മോക്ഷം കിട്ടുമെന്നും തന്റെ ഉദ്ദേശ്യങ്ങൾ പരിഹരിക്കപ്പെടുമെന്നും കരുതുന്നു). പറഞ്ഞു:"കള്ളം പറയുന്നവനും സ്വന്തമായി ബിംബം ഉണ്ടാക്കുകയാണ്. ആ ബിംബം മുഖേന മോക്ഷമുണ്ടാകുമെന്ന് മനസ്സിലാക്കുന്നു."(ഞാൻ കളവു പറഞ്ഞാൽ എന്റെ കാര്യം നടക്കുന്നതാണ്). പറഞ്ഞു: 'എന്തൊരു നാശമാണ് വന്നു പതിഞ്ഞിട്ടുള്ളത്. എന്തിനാണ് ബിംബാരാധകനായതെന്ന് ചോദിച്ചാൽ, ആ മാലിന്യം ഉപേക്ഷിച്ചു കളയുക എന്നു പറഞ്ഞാൽ പറയുന്നു: 'ഉപേക്ഷിക്കേണ്ട ആവശ്യമെന്താണ്? അതില്ലാതെ ജീവിക്കാൻ പറ്റുകയില്ല.' ഇതിനെക്കാൾ വലിയ ദൗർഭാഗ്യം മറ്റെന്താണ്? കളവിലാണ് തന്റെ നിലനില്പെന്ന് മനസ്സിലാക്കുന്നു. എന്നാൽ, ഞാൻ നിങ്ങൾക്ക് ഉറപ്പു നല്കുന്നു, അവസാനം വിജയിക്കുന്നത് സത്യമായിരിക്കും. നന്മയും വിജയവും അതിനുള്ളതാണ്.'

'തീർച്ചയായും ഓർക്കുക!കളവുപോലെ വൃത്തികെട്ട മറ്റൊരുകാര്യവുമില്ല. പൊതുവെ ലൗകികരായവർ പറയുന്നത് സത്യം പറയുന്നവർ അറസ്റ്റു ചെയ്യപ്പെടുന്നു എന്നാണ്. എന്നാൽ, ഞാൻ അതെങ്ങനെയാണ് അംഗീകരിക്കുക? എനിക്കെതിരിൽ 7 കേസ്സുകളുണ്ടായി. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഏതെങ്കിലും ഒന്നിൽപോലും ഒരു വാക്കുപോലും എനിക്ക് കളവു പറയേണ്ട ആവശ്യം വന്നില്ല. ഏതെങ്കിലും ഒരു കേസ്സിൽ അല്ലാഹു എന്നെ പരാജയപ്പെടുത്തിയതായി ആരെങ്കിലും പറയട്ടെ. അല്ലാഹു സ്വയം സത്യത്തെ സഹായിക്കുന്നവനും പിന്തുണക്കുന്നവനുമാണ്. അപ്പോൾ സത്യമാർഗത്തിൽ ചലിക്കുന്നവനെ ശിക്ഷിക്കുന്നതെങ്ങനെ?'(അതെങ്ങനെയാകാനാണ്). 'അങ്ങനെയാണെങ്കിൽ ലോകത്ത് സത്യം പറയാൻ ആരും തന്റേടം കാണിക്കുകയില്ല.'(സത്യം പറയുന്നവർക്ക് ശിക്ഷ കിട്ടാൻ തുടങ്ങിയാൽ ലോകത്ത് സത്യം പറയുന്നവർതന്നെ ആരുമുണ്ടാകുകയില്ല)."അല്ലാഹുവിലുള്ള വിശ്വാസം പോലും ഉയർന്നുപോകും. സത്യവാന്മാർ ജീവനോടെതന്നെ മരിക്കുന്നതാണ്. യാഥാർഥ്യമെന്താണെന്നുവച്ചാൽ സത്യം പറയുന്നതുകൊണ്ട് ശിക്ഷ ലഭിക്കുന്നത്(സത്യം പറഞ്ഞിട്ടും ശിക്ഷ കിട്ടിയെങ്കിൽ) അത് സത്യം കാരണത്താലല്ല. അവനു ലഭിക്കുന്ന ആ ശിക്ഷ അവന്റെ മറ്റുചില അതിസൂക്ഷ്മമായ ദുഷ്പ്രവർത്തികൾ കൊണ്ടാണ്. അല്ലാഹുവിന്റെ പക്കൽ അവരുടെ തിന്മകളുടേയും ദ്രോഹങ്ങളുടേയും ഒരു ശൃംഖല ഉണ്ടാകുന്നു. അവരുടെ ഒരുപാട് കുറ്റങ്ങളുണ്ടാകുന്നു. ഏതെങ്കിലുമൊന്നിൽ അവർക്ക് ശിക്ഷ ലഭിക്കുന്നു."(അഹ്മദി ഔർ ഗയ്ർ അഹ്മദി മെ കിയാ ഫർഖ് ഹെ? റൂഹാനീ ഖസായിൻ വാള്യം 20 പേജ് 478-480)

അതുകൊണ്ട് നമ്മൾ നമ്മുടെ ഏതെങ്കിലും മറഞ്ഞിരിക്കുന്ന പാപം കാരണത്താൽ അല്ലാഹുവിന്റെ പിടിത്തത്തിൽപ്പെടാതിരിക്കാൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ എപ്പോഴും വിനയത്തോടെ കുനിഞ്ഞുകൊണ്ട് മാപ്പു ചോദിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ഇതാണ് നമുക്കുള്ള അല്ലാഹുവിന്റെ കല്പന. മുത്തഖികളുടെ ഒരു അടയാളം അല്ലാഹു പറഞ്ഞത് വൽകാളിമീനൽ ഗയ്ള്വ വൽആഫീന അനിന്നാസ്(3:135) എന്നാണ്. ദ്വേഷത്തെ അമർത്തുന്നവരും ജനങ്ങൾക്ക് മാപ്പുകൊടുക്കുന്നവരുമാണെന്നാണ്. അഫ്‌വ് എന്നതിന്റെ അർഥം തനിക്കെതിരെ ചെയ്യപ്പെട്ടിട്ടുള്ള കുറ്റകൃത്യം പൂർണമായും മറന്നുകൊണ്ട് കുറ്റവാളിക്ക് മാപ്പുകൊടുക്കുക എന്നാണ്. ഇതാണ് അഫ്‌വ്. മുത്തഖി എന്നുപറയുന്നത് ദ്വേഷത്തെ അമർച്ചചെയ്യുന്നവൻ മാത്രമല്ല പ്രത്യുത മാപ്പുകൊടുക്കുന്നവനുമായിരിക്കണം. എങ്ങനെയാണ് മാപ്പുകൊടുക്കേണ്ടത്? എനിക്കെതിരെ ആര് കുറ്റകൃത്യം ചെയ്താലും അത് ഞാൻ മറക്കേണ്ടതാണ്.' ദ്വേഷം അമർത്തുന്നതുകൊണ്ട് എന്ത് നേട്ടമാണുണ്ടാകുന്നതെന്നതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

ബുദ്ധിയും ആവേശത്തള്ളിച്ചയും തമ്മിൽ ഭയാനകമായ ശത്രുതയാണുള്ളതെന്ന് ഓർക്കുക. ആവേശവും ദ്വേഷവും വരുമ്പോൾ ബുദ്ധി നിലനില്ക്കുകയില്ല. എന്നാൽ, ആരാണോ ക്ഷമിക്കുകയും സഹിഷ്ണുതയുടെ മാതൃകകാണിക്കുകയും ചെയ്യുന്നത് അവന് ഒരു പ്രകാശം നല്കപ്പെടുന്നു. ഇതുമുഖേന അവന്റെ ബുദ്ധിയുടേയും ചിന്തയുടേയും ശക്തികളിൽ ഒരു പുതിയ വെളിച്ചമുണ്ടാകുന്നു. പിന്നീട് പ്രകാശത്തിൽനിന്ന് പ്രകാശമുണ്ടാകുന്നു. ദ്വേഷത്തിന്റേയും ആവേശത്തിന്റേയും അവസ്ഥയിൽ മനസ്സും ബുദ്ധിയും ഇരുട്ടായിത്തീരുന്നതിനാൽ പിന്നീട് ആ ഇരുട്ടിൽനിന്ന് ഇരുട്ടാണ് ഉണ്ടാകുക."((മൽഫൂദാത്ത് വാള്യം 3 പേജ് 180, 1985 ഖാദിയാൻ പതിപ്പ്).

പിന്നീട് ഒരിടത്ത് അവിടന്ന് പറഞ്ഞു:"ഓർമിക്കുക, ആരാണോ കാർക്കശ്യം കാണിക്കുകയും കോപിക്കുകയും ചെയ്യുന്നത് അവന്റെ നാവിൽനിന്ന് ജ്ഞാനപരവും ബുദ്ധിപരവുമായ കാര്യങ്ങൾ ഒരിക്കലുമുണ്ടാകുകയില്ല. തന്റെ എതിരാളിക്കുമുമ്പിൽ ക്ഷിപ്രകോപിയായിക്കൊണ്ട് സ്വന്തം നിയന്ത്രണത്തിന് വെളിയിൽ പോകുന്നവന്റെ മനസ്സ് ബുദ്ധിപരമായ കാര്യങ്ങളിൽനിന്ന് തടയപ്പെടുന്നു. വൃത്തികെട്ട വായും കടിഞ്ഞാണില്ലാത്തവനുമായതുകൊണ്ട് ചുണ്ട് മധുരമുള്ള അരുവിയിൽനിന്ന് ഭാഗമെടുക്കാത്തതും നിഷിദ്ധമാക്കപ്പെട്ടതും ആക്കപ്പെടുന്നു."(വായിൽനിന്ന് വൃത്തികെട്ട വാക്കുകൾ പുറപ്പെടുമ്പോൾ, ചീത്തകൾ വെളിയിൽ വരുമ്പോൾ, അതിൽ ഒരു തടസവും ഉണ്ടാകുന്നില്ലെങ്കിൽ, നല്ല കാര്യങ്ങൾ, അല്ലാഹു ഇഷ്ടപ്പെട്ട കാര്യങ്ങൾ, നന്മയുടെ കാര്യങ്ങൾ വായ്ക്കും നാവിനും നിഷിദ്ധമാക്കപ്പെടുന്നു. അത്തരക്കാർ പിന്നീട് എപ്പോഴും വൃത്തികേടേ കുരയ്ക്കുകയുള്ളു).

**ഇർശാദെ നബ്‌വി(സ):**

"സ്വശരീരത്തെ തെറ്റായ കാര്യങ്ങളിൽനിന്ന് തടുക്കുന്നവനും മരണാനന്തര ജീവിതത്തിനുവേണ്ടി പ്രവർത്തിക്കുന്നവനുമാണ് ബുദ്ധിമാൻ. ദേഹേച്ഛയ്ക്ക് വശംവദനായി ജീവിച്ചുകൊണ്ട് അല്ലാഹുവിൽനിന്ന് മോക്ഷം ആഗ്രഹിക്കുന്നവൻ കഴിവില്ലാത്തവനത്രെ." (തുർമുദി)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

പറഞ്ഞു: 'കോപവും വിവേകവും ഒരിടത്ത് സമ്മേളിക്കുകയില്ല. കോപത്തിനു അടിപ്പെടുന്നവന്റെ ബുദ്ധി തടിച്ചതും കാര്യബോധം മെല്ലിച്ചതുമായിരിക്കും.' (ദ്വേഷത്തിൽ വരുമ്പോൾ ബുദ്ധി തടിക്കുന്നു. പിന്നീട് ചിന്തിക്കാനും ആലോചിക്കാനുമുള്ള കഴിവുകളും അവസാനിച്ചുപോകുന്നു.) പറഞ്ഞു: 'അവനൊരിക്കലും ഒരു മൈതാനത്തും വിജയമോ സഹായമോ നല്കപ്പെടുകയില്ല. കോപം എന്നത് പകുതി ഭ്രാന്താണ്. അത് ജ്വലിച്ചുയരുമ്പോൾ മുഴുഭ്രാന്തായിത്തീരാവുന്നതാണ്.'(അൽഹക്കം 1903 മാർച്ച് 11 പേജ് 8 വാള്യം 7 നമ്പർ 9, തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 2 പേജ് 153).

പിന്നീട് ഒരവസരത്തിൽ അവിടന്ന് പറഞ്ഞു:'തങ്ങളുടെ കഴിവുകളെ എല്ലാ സന്ദർഭത്തിലും അനുവദനീയമായ അവസരത്തിലും ഉപയോഗിക്കുകയാണ് പുരുഷന്മാർ ചെയ്യേണ്ടത്. ഉദാഹരണത്തിന് ഒരു കോപശക്തിയുണ്ട്. അത് മധ്യമനിലയിൽനിന്ന് അധികമാകുമ്പോൾ ഭ്രാന്തിന്റെ ആമുഖമാകും. ഭ്രാന്തും അതും തമ്മിൽ വളരെ കുറഞ്ഞ വ്യത്യാസമേ ഉണ്ടാകുകയുള്ളു.' (ദ്വേഷവും ഭ്രാന്തും തമ്മിൽ അല്പം വ്യത്യാസമേ ഉണ്ടാകുകയുള്ളു).

'കഠിനമായി കോപിക്കുന്നവനിൽനിന്ന് വിവേകത്തിന്റെ അരുവി തട്ടിപ്പറിച്ചെടുക്കപ്പെടുന്നു. ഏതിരാളിയുണ്ടെങ്കിൽ അയാളോടും ദ്വേഷപ്പെട്ട് സംസാരിക്കരുത്.' (മൽഫൂദാത്ത് വാള്യം 5 പേജ് 208, 1985 ലണ്ടൻ പതിപ്പ്).

ആരെങ്കിലും നിങ്ങളുടെ ശത്രുവാണെങ്കിൽത്തന്നെയും ദ്വേഷത്തോടെ, കോപാകുലനായി അയാളുമായി സംസാരിക്കരുത്. യുക്തിയോടുകൂടി സംസാരിക്കേണ്ട

താണ്. അല്ലാഹുവിന്റെ കല്പനകൾ നമ്മുടെ സ്വഭാവങ്ങളെ ഉയർത്തി നമുക്ക് അല്ലാഹുവിന്റെ സാമീപ്യം നല്കുന്നതിനോടൊപ്പം നമ്മുടെ ബുദ്ധിക്കും തിളക്കം പ്രദാനം ചെയ്യുന്നതാണ്. അതിനോടൊപ്പം ധാരാളം ശത്രുതകളിൽനിന്നും നഷ്ടങ്ങളിൽനിന്നും മനുഷ്യൻ രക്ഷപ്പെടുന്നതുമാണ്. അധികം ദ്വേഷപ്പെടുന്നവരും വഴക്കിടുന്നവരും നഷ്ടം വഹിക്കുന്നവരായിട്ടാണ് കാണപ്പെട്ടിട്ടുള്ളത്. ഒരിക്കലും ഗുണമുണ്ടായിട്ടില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്തു പറയുന്നു: 'രണ്ടു ശക്തികൾ മനുഷ്യനെ ഭ്രാന്തന്മാരാക്കുന്നു. ഒന്ന് ഊഹം. ഒന്ന് കോപം; അത് പാരമ്യതയിലെത്തുമ്പോൾ.'(പാരമ്യതയിലെത്തുമ്പോൾ ഇക്കാര്യങ്ങൾ മനുഷ്യനെ ഭ്രാന്തനാക്കിത്തീർക്കുന്നു.) അവിടന്ന് പറഞ്ഞു:'അതുകൊണ്ട് ഊഹങ്ങളിൽനിന്നും കോപത്തിൽനിന്നും മനുഷ്യൻ ഒരുപാട് രക്ഷപ്പെടേണ്ടതാണ്.'(മൽഫൂദാത്ത് വാല്യം 6 പേജ് 104, 1985 ലണ്ടൻ പതിപ്പ്)

മനുഷ്യൻ ഊഹങ്ങളിൽനിന്നും കോപത്തിൽനിന്നും അധികമധികം രക്ഷപ്പെടേണ്ടത് നിർബന്ധമാണ്. ഊഹങ്ങളിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു വിശുദ്ധ ഖുർആനിലും നമ്മളോടു കല്പിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു: യാ അയ്യുഹല്ലദീന ആമനുജ്ത്തനിബൂ കഥീറൻ മ്മിനള്ളന്നി ഇന്ന ബഅ്ള ള്ളന്നി ഇഥ്മുൻ വ്വലാ തജസ്സസൂ വലാ യഗ്ത്തുബ് ബ്ബഅ്ളക്കും ബഅ്ളൻ അ യുഹിബ്ബു അഹദുക്കും അൻയ്യഅ്കുല ലഹ്മ അഖീഹി മയ്ത്തൻ ഫ കരിഹ്ത്തുമൂഹു വത്തഖു ല്ലാഹ ഇന്നല്ലാഹ തവ്വാബുർറഹീം(49:13)

വിശ്വസിച്ചവരേ! ഊഹങ്ങളിൽ അധികവും നിങ്ങളൊഴിവാക്കുവിൻ. തീർച്ചയായും ചില ഊഹം പാപമാണ്. നിങ്ങൾ അന്യരുടെ കാര്യങ്ങൾ ചുഴിഞ്ഞു നോക്കരുത്. നിങ്ങൾ പരസ്പരം പരദൂഷണം പറയുകയുമരുത്. നിങ്ങളിലാരെങ്കിലും തന്റെ മരിച്ചു കിടക്കുന്ന സഹോദരന്റെ മാംസം ഭക്ഷിക്കാനിഷ്ടപ്പെടുമോ? അത് നിങ്ങൾ വെറുക്കുന്നുവല്ലോ. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു സർവഥാ കാരുണ്യത്തോടെ മടങ്ങുന്നവനും കരുണാമയനുമാകുന്നു.'(49:13)

ഈ ആയത്തിൽ ആദ്യം രക്ഷപ്പെടാൻ പറഞ്ഞ കാര്യം ഊഹമാണ്. "ഊഹം അഥവാ തെറ്റായധാരണ മനുഷ്യനെ അന്ധനാക്കി നാശത്തിന്റെ ഇരുട്ട് നിറഞ്ഞ കിണറ്റിൽ തള്ളിയിടുന്ന രോഗമാണെന്നും വൃത്തികെട്ട ബലായാണെന്നും" ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു.(മൽഫൂദാത്ത് വാല്യം 1 പേജ് 100, 1985 ലണ്ടൻ പതിപ്പ്)

പിന്നീടു പറഞ്ഞു, 'നല്ലവണ്ണം ഓർത്തുകൊള്ളുക! എല്ലാ തിന്മകളും ദോഷങ്ങളും ഊഹത്തിൽനിന്നാണുണ്ടാകുന്നത്. അതുകൊണ്ട് അല്ലാഹു അതിനെ ശക്തമായി വിരോധിച്ചു.'

പറഞ്ഞു, 'മനുഷ്യൻ ഊഹത്തിൽനിന്ന് വളരെയധികം രക്ഷപ്പെട്ടുകൊള്ളട്ടെ. ആരെയെങ്കിലും സംബന്ധിച്ച് എന്തെങ്കിലും ദുർധാരണ ഉണ്ടായിട്ടുണ്ടെങ്കിൽ(എന്തെങ്കിലും തെറ്റായധാരണ ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെ) അധികമായി പാപപ്പൊറുതി തേടിക്കൊള്ളട്ടെ.' (മറ്റൊരാളെ കുറിച്ച് തെറ്റായ ധാരണ ഉണ്ടായി. അതിന് മനസ്സിൽ ഇട നല്കുന്നതിനും അതിനെ കുറിച്ച് ചിന്തിക്കുന്നതിനും അല്ലെങ്കിൽ മറ്റുള്ളവർക്ക് അക്കാരണത്താൽ നഷ്ടമുണ്ടാക്കുന്നതിനും പകരം ധാരാളമായി ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്.) പറഞ്ഞു: "ആ പാപത്തിൽനിന്നും അതിന്റെ ദുഷ്ഫലത്തിൽനിന്നും രക്ഷപ്പെടുന്നതിന് ധാരാളമായി ഇസ്തിഗ്ഫാർ ചെയ്യുക. അല്ലാഹുവിനോടു ദുആ ചെയ്യുക."(ആ പാപത്തിൽനിന്ന് രക്ഷപ്പെടുന്നതിനും ആ പാപം കാരണത്താൽ ഉണ്ടാകേണ്ട ദുഷ്ഫലങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും ദുആചെയ്യുക). "ഈ തെറ്റായധാരണയുടെ പിന്നാലെ പോകുന്നതിനെ നിസാരകാര്യമായി മനസ്സിലാക്കരുത്. ഇത് വളരെ അപകടകരമായ രോഗമാണ്."(മൽഫൂദാത്ത് വാല്യം 1 പേജ് 371–372 1985 ലണ്ടൻ പതിപ്പ്)

ഈ ആയത്തിൽ അല്ലാഹു നമ്മെ തടഞ്ഞിട്ടുള്ള രണ്ടാമത്തെ കാര്യം ചുഴിഞ്ഞുനോട്ടമാണ്. ചുഴിഞ്ഞ് ചുഴിഞ്ഞ് ആരുടെയെങ്കിലും ന്യൂനതകൾ പുറത്തെടുക്കുക. അല്ലെങ്കിൽ ഏതെങ്കിലും കാര്യം ചുഴിഞ്ഞെടുക്കുക. ആരെങ്കിലും പറയാനാഗ്രഹിക്കാത്ത കാര്യത്തെകുറിച്ച് താനറിയണം എന്ന വിചാരത്തോടെ ശ്രമിക്കുക. ഇക്കാര്യം തെറ്റാണ്. ഇതിൽനിന്നും തിന്മകളുണ്ടാകുന്നു.

മൂന്നാമത്തെ കല്പന പരദൂഷണം പറയരുതെന്നതാണ്. പരദൂഷണം പറയുക എന്നത് ഒരുവൻ സ്വന്തം സഹോദരന്റെ ശവശരീരം തിന്നുന്നതുപോലെയാണ്. അതിനെ നിങ്ങൾ കഠിനമായി വെറുക്കുന്നുവല്ലോ. നബി(സ)തിരുമേനിയോടു പരദൂഷണത്തെ കുറിച്ച് ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു:'ആരുടെയെങ്കിലും സത്യമായ കാര്യത്തെ അയാളുടെ അസാന്നിധ്യത്തിൽ അയാൾക്ക് മോശമായി തീരുംവിധം വിവരിക്കുന്നതാണ് പരദൂഷണം. ആരുടെയെങ്കിലും സത്യമായ കാര്യത്തെ അയാളുടെ അസാന്നിധ്യത്തിൽ അത് സത്യമാണെങ്കിൽത്തന്നെവിവരിക്കുക, ഇതാണ് പരദൂഷണം. ഇനി അയാളിൽ അതില്ലാത്തതാണെങ്കിൽ അത് കറ്റുകെട്ടി പറയലാണ്.(മുസ്ലിം കിതാബുൽ ബിർറി വസ്സ്വില)

റമളാനിൽ നമ്മൾ ആഗ്രഹിക്കുന്നത് അല്ലാഹുവിനോടുള്ള തഖ്‌വാ കൈക്കൊള്ളുക എന്നതാണ്. അവന്റെ സാമീപ്യം നമുക്ക് കിട്ടണം. നമ്മുടെ ദുആ സ്വീകരിക്കപ്പെടുന്നത് നമുക്ക് കാണണം. അതിന് ഈ തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിനും നമുക്ക് വളരെയധികം പരിശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ അവന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അവന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരട്ടെ. റമളാനുശേഷവും നമ്മളിൽ ഈ നന്മകൾ നിലനില്ക്കുമാറാകട്ടെ. അല്ലാഹുവിന്റെ യഥാർഥ ആരാധകരായിത്തീരട്ടെ. അവനെ പരിപൂർണമായി അനുസരിക്കുന്നവരാകട്ടെ.

നമസ്കാരത്തിനുശേഷം ഒരു ശഹീദിന്റെ ജനാസ ഗാഇബ് ഞാൻ നമസ്കരിപ്പിക്കുന്നതാണ്. കറാച്ചി ജില്ലയിലെ ഹൽഖ ഗുൽസാർ ഹിജ്രിയിലെ ചൗദ്ദരി ബശീർ അഹ്മദ് സാഹിബിന്റെ മകൻ ചൗദ്ദരി ഖലീഖ് അഹ്മദ് സാഹിബ് ശഹീദിന്റെ ജനാസയാണിത്. അദ്ദേഹത്തെ അഹ്മദിയ്യത്തിന്റെ എതിരാളികൾ 49–ാമത്തെ വയസ്സിൽ 2016 ജൂൺ 20 ന് രാത്രി ഏകദേശം ഒമ്പതര മണിക്ക് അദ്ദേഹത്തിന്റെ ക്ലീനിക്കിൽ കടന്ന് വെടിവച്ചു ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. വിശദവിവരമനുസരിച്ച് ചൗദ്ദരി ഖലീഖ് അഹ്മദ് സാഹിബ് മെഡിക്കൽ ഡിപ്ലോമ ചെയ്തിരുന്നു. തന്റെ വീടിന്നടുത്തുതന്നെ ഹോമിയോപ്പതിക് & അലോപ്പതിക് ക്ലിനിക് തുറന്നിരുന്നു. സംഭവദിവസം സാധാരണപോലെ നോമ്പു തുറന്നതിനുശേഷം ഗുൽസാർഹിജ്രിയിലെ തന്റെ ക്ലീനിക്കിൽ മടങ്ങിയെത്തി. അവിടെ ഉണ്ടായിരുന്ന രോഗികളെ പരിശോധിക്കുകയായിരുന്നു. രാത്രി ഏകദേശം ഒമ്പതര മണിക്ക് ഹെൽമറ്റ് ധരിച്ച അജ്ഞാതരായ രണ്ടുപേർ ക്ലിനിക്കിൽ വന്ന് അദ്ദേഹത്തിനു നേരം നിറയൊഴിച്ചു. സംഭവസ്ഥലത്ത് നിന്ന് ഓടിമറഞ്ഞു. രണ്ടു വെടിയുണ്ടകൾ അദ്ദേഹത്തിന്റെ തലയ്ക്കേറ്റു. രണ്ടെണ്ണം നെഞ്ചത്തും കൊണ്ടു. ക്ലിനിക്കിന്നടുത്തുള്ള മെഡിക്കൽസ്റ്റോറുകാർ പെട്ടെന്നുതന്നെ മോട്ടോർസൈക്കിളിൽ വന്ന് അദ്ദേഹത്തിന്റെ വീട്ടിൽ വിവരമറിയിച്ചു. അദ്ദേഹത്തിന്റെ മകൻ കാറുമായി വന്ന് അടുത്ത ആശുപത്രിയിൽ എത്തിക്കുന്നതിനുമുമ്പേ ശഹാദത്തിന്റെ പാനീയം കുടിച്ചുകഴിഞ്ഞിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. കറാച്ചിയിലെ ഇതേ ഗുൽസാർഹിജ്രി ഹൽഖയിൽ കഴിഞ്ഞ മെയ് മാസം 25 ന് ഹാജി ഗുലാം മുഹിയിദ്ദീൻ സാഹിബിന്റെ മകൻ ദാവൂദ് അഹ്മദ് സാഹിബിനെ അജ്ഞാതരായ ആളുകൾ വെടിവച്ചു ശഹീദാക്കിയിരുന്നു.

ശഹീദിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വരുന്നത് അദ്ദേഹത്തിന്റെ പിതാമഹൻ അമൃതസറിലെ അല്ലാഹ് ബഖ്ശ് സാഹിബുമുഖേനയാണ്. അദ്ദേഹത്തിന്റെ കുടുംബം അമൃതസറിൽനിന്ന് ഗോഘോവാൽ, പിന്നീട് റഹീംയാർഖാനിൽ താമസിച്ചു. അതിനുശേഷം സാങ്കഡ് ജില്ലയിലെ ശഹ്ദാദ് പൂരിലേക്ക് മാറി. പരേതൻ സാങ്കഡ് ജില്ലയിലെ ശഹ്ദാദ് പൂരിന്നടുത്ത ഗ്രാമമായ അഹ്മദ്പൂരിൽ 1967–ൽ ജനിച്ചു. എഫ്.എ വരെ പഠിച്ചു. 1988–ൽ കറാച്ചിയിൽ ഷിഫ്റ്റായി. ഇവിടെ മെഡിക്കൽ ഡിപ്ലോമ ചെയ്തു. ഒരു പ്രൈവറ്റ് ലാബോട്രിയിൽ റേഡിയോ ഗ്രാഫിക് ടെക്നീഷ്യൻ എന്ന നിലയിൽ ജോലി ചെയ്യാൻ തുടങ്ങി. അതിനോടൊപ്പം വൈകുന്നേരത്ത് തന്റെ ക്ലീനിക്കിൽ മെഡിക്കൽ പ്രാക്ടീസും ചെയ്തുവന്നു. പിന്നീട് ലാബോട്രിയിലെ ജോലി ഉപേക്ഷിച്ച് പൂർണമായും മെഡിക്കൽ ക്ലീനിക്കിൽ ഇരിക്കാൻ തുടങ്ങി. ശഹീദ് മർഹൂം നിരവധി ഗുണങ്ങളുടെ ഉടമയായിരുന്നു. തബ്ലീഗ് ചെയ്യാൻ വലിയ താൽപര്യമായിരുന്നു. ക്ലീനിക്കിലും തബ്ലീഗ് പ്രവർത്തനത്തിൽ ഏർപ്പെട്ടു. നമസ്കാരം ജമാഅത്തായിട്ടു പാലിക്കുന്ന ആളായിരുന്നു ശഹീദ് മർഹൂം. നഫ്ലുകളും അനുഷ്ഠിക്കുമായിരുന്നു. ആരാധനകർമങ്ങളിൽ മികച്ചുനിന്നിരുന്നു. അങ്ങേയറ്റം സഹതാപിയായിരുന്നു. സാധുക്കളെ സൗജന്യമായി ചികിത്സിച്ചിരുന്നു. ജമാഅത്തിൽപെടാത്ത ചില രോഗികൾ പറയുന്നത്, അദ്ദേഹം ഖാദിയാനിയായിരുന്നു. അദ്ദേഹത്തിൽനിന്ന് മരുന്നുവാങ്ങാൻ മനസ്സ് അനുവദിക്കുന്നില്ല. പക്ഷേ, എന്തു ചെയ്യാനാണ്. കുട്ടികൾക്ക് ശിഫാ ഉണ്ടാകുന്നത് അദ്ദേഹത്തിന്റെ മരുന്നുകൊണ്ടാണ്. അദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. ജമാഅത്തിന്റെ സേവനങ്ങളിലും മുൻപന്തിയിലുണ്ടായിരുന്നു. ശഹീദ് മർഹൂമിന് തന്റെ ഹൽഖയിൽ ചന്ദപിരിക്കുന്നയാൾ എന്നനിലയിലും സഈം അൻസ്വാറുല്ലാഹ് എന്ന നിലയിലും സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ചു. കഴിഞ്ഞ 18 വർഷമായി സെക്രട്ടറി വഖ്ഫ് നൗ ഹൽഖ സ്ഥാനത്തും പ്രവർത്തിച്ചു വരികയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: കുട്ടികളും എഴുതിയിട്ടുണ്ട്. കുട്ടികളെ വളരെ ചെറിയപ്രായത്തിൽ നമസ്കാരം അനുഷ്ഠിക്കുന്നവരാക്കി. സ്വയംതന്നെയും അഞ്ചുനേര നമസ്കാരം കൃത്യനിഷ്ഠയോടെ വെവ്വേറെ നിശ്ചിത സമയങ്ങളിൽ നിർവഹിക്കുമായിരുന്നു. വിശുദ്ധ ഖുർആൻ നിത്യവും തർജമയോടെ തിലാവത്ത് ചെയ്യുക എന്നത് അദ്ദേഹത്തിന്റെ മാമൂലായിരുന്നു. ഖലീഫത്തുൽമസീഹിന്റെ ഖുത്ബ സ്വയം കേൾക്കുകയും എപ്പോഴും കുട്ടികളെ കേൾപ്പിക്കുകയും ചെയ്യുമായിരുന്നു. എന്നല്ല രാവിലേയും വൈകുന്നേരവും എം.ടി.ഏയും നിർബന്ധമായും വെക്കുമായിരുന്നു. വീടുകളിൽ തർബിയ്യത്ത് ചെയ്യണമെങ്കിൽ എം.ടി.എ തന്നെയാണ് ഉത്തമമായമാർഗം. അദ്ദേഹം മഹല്ലിലെ ആളുകൾക്ക് പ്രയോജനപ്പെടുന്ന വ്യക്തിയായിരുന്നു.

ശഹീദ് മർഹൂമിന്റെ ഭാര്യ പറയുന്നു:"ഞാൻ ഒരു മാസംമുമ്പേ സ്വപ്നം കണ്ടിരുന്നു. ശർബ്ബത്ത് നിറഞ്ഞ രണ്ടു ഗ്ലാസ്സ്. ഇത് എന്തിന്റെ ശർബ്ബത്താണെന്ന് ഞാൻ ചോദിക്കുന്നു. ഇത് പ്രത്യേക ശർബ്ബത്താണെന്ന് തോന്നുന്നുവല്ലോ. സ്വപ്നത്തിൽത്തന്നെ എന്നോടു പറയുന്നു, ദുൻയാവിലെ ഏറ്റവും നല്ല സാധനം കൊണ്ടുണ്ടാക്കിയ ശർബ്ബത്താണിത്. ശഹീദ് മർഹൂമിന്റെ ശഹാദത്തിനുശേഷം ആ സ്വപ്നം മനസ്സിലായി; ഇത് ശഹാദത്തിന്റെ പാനീയമാണെന്ന്. ഇതിനുമുമ്പേ ദാവൂദ് അഹ്മദ് സാഹിബ് ശഹീദായിരുന്നു. അദ്ദേഹവും ഇദ്ദേഹത്തിന്റെ ഇടവഴിയിൽ ഒപ്പമായിരുന്നു. അദ്ദേഹം കുറച്ചുദിവസം മുമ്പേയാണ് ശഹീദായത്. രണ്ടു ഗ്ലാസ്സുകൊണ്ട് ഈ രണ്ട് ശഹാദത്തായിരിക്കാം ഉദ്ദേശ്യം.

ഇദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ സഹോദര സഹോദരിമാർക്കുപുറമെ അദ്ദേഹത്തിന്റെ ഭാര്യ ബുശ്റ ഖലീഖ് സാഹിബയും രണ്ടു ആൺകുട്ടികളുമുണ്ട്. അസീസം അനീഖ് അഹ്മദ് ജാമിഅ അഹ്മദിയ്യാ റബ്‌വയിൽ വിദ്യാർഥിയാണ്. ഒരു മകൻ റഹീഖ് അഹ്മദ് പി.ടി.എസ്സിന്റെ മൂന്നാവർഷ വിദ്യാർഥിയാണ്. അസീസ ശമായില അഹ്മദാണ് ഒരു മകൾ. 16 വയസ്സുണ്ട്. അല്ലാഹു പരേതന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും ബന്ധുമിത്രാദികൾക്കും സഹനവും ക്ഷമയും പ്രദാനം ചെയ്യുമാറാകട്ടെ. അവരുടെ പിതാവിന്റെ നന്മകൾ എപ്പോഴും അദ്ദേഹത്തിന്റെ മക്കളിലും നിലനില്ക്കുമാറാകട്ടെ.

## ഇർശാദെ നബ്‌വി(സ):

"ഒരു വ്യക്തിയിൽ ഇസ്ലാം പരിപൂർണമായി എന്നതിന്റെ ലക്ഷണം തനിക്കാവശ്യമില്ലാത്ത കാര്യങ്ങളിൽനിന്ന് അവൻ ഒഴിഞ്ഞുനില്ക്കലാകുന്നു." (തുർമുദി)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

## ഇർശാദെ നബ്‌വി(സ):

"പറവകൾക്ക് സമാനമായ നിഷ്കളങ്ക മനുഷ്യൻ സ്വർഗം പുൽകുന്നതാണ്."
(മുസ്ലിം)

**ത്വാലിബെ ദുആ:**
**പി.യൂസുഫും കുടുംബാംഗങ്ങളും**
**മാത്തോട്ടം, കോഴിക്കോട്**

# ഖുത്ബ ജുമുഅ

**അനുഗൃഹീത റമളാൻ മാസത്തിലെ അവസാന ജുമുഅയെ സംബന്ധിച്ച് അനഹ്മദീ മുസ്‌ലീംകളിൽ നിലനിന്നുവരുന്ന ചില തെറ്റായ ചിന്താഗതികളേയും അനാചാരങ്ങളേയും കുറിച്ചുള്ള ചർച്ചയും അതിന്റെ ഖണ്ഡനവും നമ്മളിൽ അല്ലാഹു വലിയ ഔദാര്യം ചെയ്തിരിക്കുന്നു. ഇക്കാലത്ത് അല്ലാഹു അയച്ചിട്ടുള്ള അവന്റെ ദൂതനേയും നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനേയും വിശ്വസിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് തന്നരുളിയിരിക്കുന്നു. അദ്ദേഹം എല്ലാ വിധ തെറ്റായ ചിന്താഗതികളേയും സങ്കല്പങ്ങളേയും പരിശുദ്ധമാക്കി യഥാർഥമായ മാർഗദർശനം നല്കുകയും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പറഞ്ഞുതരികയും അല്ലാഹുവിന്റെ സാമീപ്യത്തിന്റെ വഴി കാണിക്കുകയും ചെയ്തു. നമ്മളിൽ ജുമുഅത്തുൽവിദായെ കുറിച്ച് എന്തെങ്കിലും സങ്കല്പമുണ്ടെങ്കിൽ തികച്ചും വ്യത്യസ്തമായ സങ്കല്പമാണ്. ഒരു യഥാർഥ അഹ്മദിക്കുണ്ടായിരിക്കേണ്ട സങ്കല്പവും ഇതായിരിക്കേണ്ടതാണ്. അതെന്താണെന്നുവച്ചാൽ നമ്മൾ കനത്തവേദനയോടെയാണ് ഈ ജുമുഅയിൽനിന്ന് വിടപറയുന്നത്. യഥാർഥത്തിൽ ജുമുഅയോടല്ല മറിച്ച് മാസത്തിനോട്! ഈ അനുഗൃഹീത ദിനങ്ങളോടാണെന്ന ചിന്തയോടും ദുആയോടുംകൂടിയാണ് വിടപറയുന്നത്. ജുമുഅ എന്നത് നമുക്ക് വൻതോതിൽ സംഘടിക്കുന്നതിനുള്ള മാർഗമായിരിക്കുകയാണ്. ഇത് ഈ റമളാന്റെ അവസാനത്തെ ജുമുഅയാണ്. അതുകൊണ്ട് നമ്മളെല്ലാവരും സംഘടിച്ചുകൊണ്ട് അല്ലാഹുവിനോടു ഇങ്ങനെ ദുആ ചെയ്യുന്നു: ഏതൊരു ദിനങ്ങളും  ജുമുഅകളുമാണോ നമ്മൾ റമളാനിൽ കഴിച്ചുകൂട്ടിയത്, ഏതൊരു അനുഗ്രഹങ്ങളാണോ നമ്മൾ റമളാനിൽ കരസ്ഥമാക്കിയത് അതിൽ നിലനിന്നുകൊണ്ട് നമ്മുടെ എല്ലാവിധ കഴിവുകളോടും ശക്തികളോടുംകൂടി അടുത്ത റമളാനെ സ്വാഗതം ചെയ്യാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ.**

**വിശുദ്ധഖുർആനും ഹദീഥുകളുംകൊണ്ട് അനുഗൃഹീത ജുമുഅയുടെ പ്രാധാന്യത്തിന്റേയും കൃപാകടാക്ഷത്തിന്റേയുംചർച്ച. ഖുത്ബ ജുമുഅ നേരിട്ട് കേൾക്കാനും അതിൽനിന്ന് ഫലമെടുക്കാനുമുള്ള ഉപദേശം ജുമുഅ ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുന്നതിനുവേണ്ടിയുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശ്രമം**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**2016 ജൂലായ് 1/1395 വഫാ 1**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

يٰٓاَيُّهَا الَّذِيْنَ اٰمَنُوْٓا اِذَا نُوْدِيَ لِلصَّلٰوةِ مِنْ يَّوْمِ الْجُمُعَةِ فَاسْعَوْا اِلٰى ذِكْرِ اللّٰهِ وَذَرُوا الْبَيْعَ- ذٰلِكُمْ خَيْرٌ لَّكُمْ اِنْ كُنْتُمْ تَعْلَمُوْنَ- فَاِذَا قُضِيَتِ الصَّلٰوةُ فَانْتَشِرُوْا فِي الْاَرْضِ وَابْتَغُوْا مِنْ فَضْلِ اللّٰهِ وَاذْكُرُوا اللّٰهَ كَثِيْرًا لَّعَلَّكُمْ تُفْلِحُوْنَ- وَاِذَا رَاَوْا تِجَارَةً اَوْ لَهْوًا انْفَضُّوْٓا اِلَيْهَا وَتَرَكُوْكَ قَآئِمًا- قُلْ مَا عِنْدَ اللّٰهِ خَيْرٌ مِّنَ اللَّهْوِ وَمِنَ التِّجَارَةِ- وَاللّٰهُ خَيْرُ الرّٰزِقِيْنَ- (الجمعة:10-12)

അല്ലാഹു റമളാനിലെ നോമ്പ് നിർബന്ധമാക്കി കല്പിച്ചപ്പോൾ, അതിനോടൊപ്പം ‘അയ്യാമൻ മഅ്ദൂദാത്ത്’അത് എണ്ണപ്പെട്ട ചില ദിനങ്ങളാണെന്നും (2:185) പറഞ്ഞു. റമാളാൻ തുടങ്ങിയപ്പോൾ നമ്മളിൽ ധാരാളമാളുകൾ ഉഷ്ണകാലത്ത് പകൽ ദൈർഘ്യമുള്ളതാണ്, അതിൽ ഈ 30 ദിവസം എങ്ങനെയാണ് കഴിച്ചുകൂട്ടുക, വലിയ പ്രയാസമുണ്ടാകുമല്ലോ എന്നൊക്കെ ചിന്തിച്ചിട്ടുണ്ടാകും. പക്ഷേ, അല്ലാഹു എണ്ണപ്പെട്ട ചില ദിനങ്ങൾ എന്ന് പറഞ്ഞതുപോലെ ആ ദിനങ്ങളും കടന്നുപോയി. ഇന്ന് 25-ാമത് നോമ്പാണ്. ഈ ദിനങ്ങൾ കടന്നുപോയത് അറിഞ്ഞതേയില്ലെന്ന് ധാരാളമാളുകൾ എനിക്കെഴുതിയിരിക്കുന്നു. യഥാർഥത്തിൽ ഇക്കാര്യം ശരിയാണ്. റമളാൻ വരികയും തുടങ്ങുകയും ചെയ്യുന്നു. ദീർഘമായി നിലനില്ക്കുന്ന ദിനങ്ങളാണെന്ന് ആരംഭത്തിൽതോന്നും. പക്ഷേ, ദിനങ്ങൾ കടന്നുപോകാൻ തുടങ്ങുമ്പോൾ അറിയുകയേയില്ല. ഇന്ന് റമളാന്റെ അവസാന ജുമുഅയാണ്. അഞ്ചോ ചിലയിടങ്ങളിൽ നാലോ നോമ്പാണ് ബാക്കിയുള്ളത്. റമാളാനിൽനിന്ന് പൂർണമായും ഫലമെടുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ, അതിൽ എന്തെങ്കിലും കുറവു വന്നുപോയിട്ടുണ്ടെങ്കിൽ നമ്മളിൽ ഓരോരുത്തരും അത് അകറ്റാൻ ഇനിയുള്ള നാലഞ്ചുദിവസങ്ങളിൽ പരിശ്രമിക്കുക. ‘അല്ലാഹുവേ! ഞങ്ങളുടെ ന്യൂനതകൾ മറച്ചുവെക്കേണമേ, ഞങ്ങളിൽ കരുണചൊരിയേണമേ, റമളാനിലെ അനുഗ്രഹങ്ങൾ ഞങ്ങൾക്കു നിഷേധിക്കരുതേ’ എന്നിങ്ങനെ അല്ലാഹുവിനോടു ദുആ ഇരക്കുക.

ഞാൻ പറഞ്ഞതുപോലെ ഇന്ന് റമളാനിലെ അവസാനത്തെ ജുമുഅയാണ്. ഈ ജുമുഅയെ പൊതുവെ ‘ജുമുഅത്തുൽ വിദാ’ എന്നാണ് പറയുന്നത്. ഈ ജുമുഅയെ റമളാനിലെ അവസാനത്തെ ജുമുഅയായി മനസ്സിലാക്കിക്കൊണ്ട്, ഈ ജുമുഅയിൽ സകല ദുആകളും സ്വീകരിക്കപ്പെടുന്നു എന്ന സങ്കല്പമാണ് പൊതുമുസ്‌ലീംകളിലുള്ളത്. ഈ ജുമുഅയിൽ പങ്കെടുത്ത് നമസ്കരിച്ചാൽ വർഷം മുഴുവൻ വിട്ടുകളഞ്ഞ നമസ്കാരങ്ങളും ജുമുഅകളും എല്ലാതരത്തിലുള്ള ആരാധനകളും നിർവഹിക്കപ്പെട്ടതായി ഗണിക്കപ്പെടുമത്രെ! പക്ഷേ, ഒരു യഥാർഥ മുഅ്മിന് ഈ സങ്കല്പമില്ല. ഇത് അങ്ങേയറ്റം അബദ്ധജടിലമായ സങ്കല്പമാണ്. ഒരു അഹ്മദിയുടേയും യഥാർഥ മുഅ്മിന്റേയും പക്കൽ അത്തരം കാര്യങ്ങളും ചിന്തകളും ദീനിനെ പരിഹസിക്കുന്ന കാര്യങ്ങളാണ്.

നമ്മളിൽ അല്ലാഹു വലിയ ഔദാര്യം ചെയ്തിരിക്കുന്നു. ഇക്കാലത്ത് അല്ലാഹു അയച്ചിട്ടുള്ള അവന്റെ ദൂതനേയും നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനേയും വിശ്വസിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് തന്നരുളിയിരിക്കുന്നു. അദ്ദേഹം എല്ലാ വിധ തെറ്റായ ചിന്താഗതികളേയും സങ്കല്പങ്ങളേയും പരിശുദ്ധമാക്കി യഥാർഥമായ മാർഗദർശനം നല്കുകയും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പറഞ്ഞുതരികയും അല്ലാഹുവിന്റെ സാമീപ്യത്തിന്റെ വഴി കാണിക്കുകയും ചെയ്തു.

ഒരിക്കൽ ഒരു മജ്‌ലിസിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചോദിക്കപ്പെട്ടു; ‘ജുമുഅത്തുൽ വിദാ’ ദിവസം ആളുകൾ 4 റക്അത്ത് നമസ്കരിക്കുന്നു. അതിനു പേരുവച്ചിട്ടുള്ളത് ‘ഖളായെ ഉമരി’ എന്നാണ്.  അതിന്റെ ഉദ്ദേശ്യം മുമ്പേ വിട്ടു കളഞ്ഞ നമസ്കാരങ്ങൾക്കെല്ലാം ഇതു പകരമാകുമെന്നാണ്. ഇതിനെന്തെങ്കിലും തെളിവുണ്ടോ? ഇതിന്റെ യാഥാർഥ്യമെന്താണ്? ഇത് അനുവദനീയമാണോ?

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുകേട്ട് പറഞ്ഞു:“ഒരു വ്യർഥമായ കാര്യമാണ്.” അവിടന്ന് പറഞ്ഞു:“ഖളായെ ഉമരി ദിവസം നമസ്കരിക്കാമെന്നു കരുതി ആരാണോ മനഃപൂർവം വർഷം മുഴുവനുമുള്ള നമസ്കാരം ഉപേക്ഷിക്കുന്നത് അവൻ പാപിയാണ്. ആരാണോ ലജ്ജിതനായി ഇതിൽനിന്ന് തൗബ ചെയ്തു മടങ്ങുന്നത്, ഇനിയൊരിക്കലും നമസ്കാരം ഉപേക്ഷിക്കുകയില്ലെന്ന ഉദ്ദേശ്യത്തോടെ നമസ്കരിക്കുന്നത് അവന് കുറ്റമൊന്നുമില്ല. നാം ഇക്കാര്യത്തിൽ ഹദ്റത്ത് അലിയുടെ മറുപടിയാണ് നല്കുന്നത്. ഹദ്റത്ത് അലി (റ)മറുപടി കൊടുത്ത സംഭവം ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ചു: “ഒരിക്കൽ ഒരാൾ അസമയത്ത് നമസ്കരിക്കുകയായിരുന്നു. അത് നമസ്കാരം വിലക്കപ്പെട്ട സമയമായിരുന്നു. അപ്പോഴാണ് അയാൾ നമസ്കരിച്ചുകൊണ്ടിരുന്നത്. ആരോ ഹദ്റത്ത് അലിയോടു പറഞ്ഞു: താങ്കൾ കാലത്തിന്റെ ഖലീഫയാണല്ലോ. അയാളെ നമസ്കരിക്കുന്നതിൽനിന്ന് എന്തുകൊണ്ട് തടയുന്നില്ല? നമസ്കാരം വിരോധിച്ചിട്ടുള്ള നേരത്താണല്ലോ അയാൾ നമസ്കരിക്കുന്നത്! ഹദ്റത്ത് അലി(റ)പറഞ്ഞു: അറയ്ത്തല്ലദീ യൻഹാ അബ്ദൻ ഇദാ സ്വല്ലാ (96:10-11)അല്ലാഹുവിന്റെ ഒരു ദാസൻ നമസ്കരിക്കുമ്പോൾ അവനെ തടയുന്നവനെ നീ

കണ്ടുവോ? എന്ന ആയത്തിന്റെ കീഴിൽപ്പെട്ടുപോകുമോ എന്ന് ഞാൻ ഭയക്കുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ഉദ്ധരണിക്കുശേഷം പറയുന്നു: "ലജ്ജിതനായിക്കൊണ്ട് വിട്ടുപോയ നമസ്കാരം നമസ്കരിക്കുകയാണെങ്കിൽ നമസ്കരിച്ചുകൊള്ളട്ടെ. എന്തിനാണ് തടയുന്നത്? എന്തായാലും ദുആ തന്നെയാണല്ലോ ചെയ്യുന്നത്! അതേ, അതിൽ ധൈര്യക്കേട് തീർച്ചയായുമുണ്ട്. നിയ്യത്തിന്റെ അവസ്ഥ അല്ലാഹുവാണ് അറിയുന്നവൻ. ഇക്കാരണത്താൽ ഹദ്റത്ത് അലി(റ)യും സൂക്ഷ്മത പാലിച്ചു. അല്ലാഹു വിശുദ്ധ ഖുർആനിൽ അറയ്ത്തല്ലദീ യൻഹാ അബ്ദൻ ഇദാ സ്വല്ലാ എന്നു പറഞ്ഞതിനെ മുന്നിൽവച്ചുകൊണ്ട് നമസ്കരിക്കുന്ന ആളെ തടഞ്ഞില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)വും ഇക്കാര്യം മുന്നിൽവച്ചുകൊണ്ട് ഫത്വ നല്കി. പക്ഷേ, പരിഷ്കരണത്തിന്റേതല്ലാത്ത ഖളായെ ഉമരിയാണ് ഉദ്ദേശ്യമെങ്കിൽ അത് ധൈര്യക്കേടാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)വ്യക്തമായും പറഞ്ഞിരിക്കുന്നു. ഇന്ന് ഞാൻ നാലു റക്അത്ത് നമസ്കരിക്കുകയാണ്, ഇന്നുമുതൽ ഞാൻ തൗബ ചെയ്യുന്നു. തുടർന്ന് കൃത്യമായി നമസ്കരിക്കുമെന്നാണ് നിയ്യത്തെങ്കിൽ അത് ശരിയാണ്. പരിഷ്കരണോദ്ദേശ്യമില്ലെങ്കിൽ അത്തരം വ്യക്തി പാപിയാണ്."(മൽഫൂദാത്ത് വാല്യം 5 പേജ് 366)

അഹ്മദിയ്യാ ജമാഅത്തിൽ ഖളായെ ഉംരിയെ കുറിച്ചുള്ള ഒരു സങ്കല്പവുമില്ല. നമ്മൾ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചവരാണ്. അനാചാരങ്ങളിൽനിന്ന് അകന്നിരിക്കും എന്ന നിബന്ധനയോടുകൂടിയാണ് അദ്ദേഹത്തെ വിശ്വസിച്ചിട്ടുള്ളത്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതാണ്. ദീനിനെ മുന്തിക്കുമെന്ന പ്രതിജ്ഞ നിലനില്ക്കുമ്പോൾ നമസ്കാരങ്ങൾ ഉപേക്ഷിക്കുന്നതെങ്ങനെ? ജുമുഅ ഉപേക്ഷിക്കുന്നതെങ്ങനെ? നമ്മളിൽ ജുമുഅത്തുൽവിദായെ കുറിച്ച് എന്തെങ്കിലും സങ്കല്പമുണ്ടെങ്കിൽ തികച്ചും വ്യത്യസ്തമായ സങ്കല്പമാണ്. ഒരു യഥാർഥ അഹ്മദിക്കുണ്ടായിരിക്കേണ്ട സങ്കല്പവും ഇതായിരിക്കേണ്ടതാണ്. അതെന്താണെന്നുവച്ചാൽ നമ്മൾ കനത്തവേദനയോടെയാണ് ഈ ജുമുഅയിൽനിന്ന് വിടപറയുന്നത്. യഥാർഥത്തിൽ ജുമുഅയോടല്ല മറിച്ച് മാസത്തിനോട്! ഈ അനുഗൃഹീത ദിനങ്ങളോടാണെന്ന ചിന്തയോടും ദുആയോടുംകൂടിയാണ് വിടപറയുന്നത്. ജുമുഅ എന്നത് നമുക്ക് വൻതോതിൽ സംഘടിക്കുന്നതിനുള്ള മാർഗമായിരിക്കുകയാണ്. ഇത് ഈ റമളാന്റെ അവസാനത്തെ ജുമുഅയാണ്. അതുകൊണ്ട് നമ്മളെല്ലാവരും സംഘടിച്ചുകൊണ്ട് അല്ലാഹുവിനോടു ഇങ്ങനെ ദുആ ചെയ്യുന്നു: 'ഏതൊരു ദിനങ്ങളും ജുമുഅകളുമാണോ നമ്മൾ റമളാനിൽ കഴിച്ചുകൂട്ടിയത്, ഏതൊരു അനുഗ്രഹങ്ങളാണോ നമ്മൾ റമളാനിൽ കരസ്ഥമാക്കിയത് അതിൽ നിലനിന്നുകൊണ്ട് നമ്മുടെ എല്ലാവിധ കഴിവുകളോടും ശക്തികളോടുംകൂടി അടുത്ത റമളാനെ സ്വാഗതം ചെയ്യാൻ അല്ലാഹു നമുക്ക് തൗഫീഖ് തന്നരുളുമാറാകട്ടെ.' ഈ ചിന്തയാണ് നമുക്കുണ്ടായിരിക്കേണ്ടത്.

നീ പോകുക, ഇനി നീ ഞങ്ങളിൽനിന്ന് വിട പറഞ്ഞുപോകുകയാണ്, അതുകൊണ്ട് ഇനി നിന്നെ മറക്കാൻ തുടങ്ങും, ഇനി നിന്നെ ഓർക്കുമോ എന്നറിയില്ല എന്ന രീതിയിൽ പ്രിയപ്പെട്ട ആരേയും യാത്ര അയക്കാറില്ല. സ്ഥിരമായി ഉപേക്ഷിച്ചുവരുന്ന പ്രിയപ്പെട്ടവരുടെ സ്മരണയും മനുഷ്യൻ മറക്കാറില്ല. അവരുടെ സ്മരണ നിലനിറുത്തുന്നതിനുവേണ്ടി അവരുടെ സൽകർമങ്ങൾ നടത്തിക്കൊണ്ടുപോകാനാണ് മനുഷ്യൻ ശ്രമിക്കുന്നത്. അല്ലെങ്കിൽ അവരുടെ പേരിൽ നന്മകൾ തുടങ്ങുന്നു. മുഅ്മിനാണെങ്കിൽ അവർക്കുവേണ്ടി ദുആയും ചെയ്യുന്നു. താൽക്കാലികമായി വിടപറഞ്ഞുപോകുന്നവരെ തങ്ങളുടെ തിരക്കും ജോലിയുംകൊണ്ട് ഒരു നഗരത്തിൽനിന്ന് മറ്റൊരു നഗരത്തിലേക്കും ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്കും പോകുന്നവരെ ഒരിക്കലും മനുഷ്യൻ മറക്കുകയില്ല. ഇക്കാലത്തെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഫോണിലൂടേയും ടെക്സ്റ്റ് മെസേജിലൂടേയും അല്ലെങ്കിൽ വിവിധതരത്തിലുള്ള മറ്റു മെസേജുകളിലൂടേയും -ഇപ്പോൾ സ്കൈപ്പും തുടങ്ങിയിട്ടുണ്ട്-തങ്ങളുടെ പ്രിയപ്പെട്ടരുടെ ശബ്ദം കേൾക്കാനും അവരുടെ ചലനങ്ങൾ കാണാനുമുള്ള ശ്രമങ്ങളും നടക്കുന്നു. ഏതെങ്കിലും പ്രിയപ്പെട്ടവരെ നമ്മൾ യാത്രഅയക്കുന്നത് ഒന്നുരണ്ടു വർഷത്തേക്ക് എന്റെ ഹൃദയത്തിൽനിന്ന് നീയും നിന്റെ ഹൃദയത്തിൽനിന്ന് ഞാനും പുറത്തുപോകുമെന്നും, ഞാനാരാണ് നീ ആരാണ് എന്ന കാര്യം മറക്കുമെന്നും, ഇനി കാണുമ്പോൾ കാണാമെന്നും, നിന്നോടുള്ള കടമ നിറവേറ്റണോ വേണ്ടേ എന്ന കാര്യം അപ്പോൾ നോക്കാമെന്നും, നിന്നോടു ഇപ്പോഴുള്ളതുപോലെ അന്ന് ബന്ധം വെക്കണോ എന്ന് അന്ന് തീരുമാനിക്കാമെന്നുമുള്ള ഉദ്ദേശ്യത്തോടെയല്ല. ഭൗതികമായ ബന്ധങ്ങളിൽ എപ്പോഴെങ്കിലും ഇങ്ങനെ സംഭവിക്കുന്നത് ആരെങ്കിലും കണ്ടിട്ടുണ്ടോ? ആരെങ്കിലും അങ്ങനെ ചെയ്താൽ അവനെ ഭ്രാന്തനെന്നാണ് ആളുകൾ വിളിക്കുക. എന്നാൽ, ഏറ്റവും പ്രിയപ്പെട്ട ആ സത്തയുടെ പ്രശ്നം വരുമ്പോൾ -അവൻ റബ്ബുൽആലമീനാണ്, നമ്മെ പരിപാലിക്കുന്നവനാണ്, നമുക്ക് എല്ലാം തരുന്നവനാണ്, അവൻ റഹ്മാനാണ്, റഹീമാണ്, തന്നിലുള്ള വിശ്വാസം പൂർണമാക്കാൻ അവൻ പറയുന്നു, താനുമായി സ്നേഹത്തിന്റേയും സാമീപ്യത്തിന്റേയും ബന്ധം ഉപക്ഷിക്കരുതെന്ന് അവൻ പറയുന്നു, താൻ പറയുന്ന കാര്യങ്ങൾ വിശ്വസിക്കാനും എല്ലാവരെക്കാളും അധികം താനാണ് സ്നേഹിക്കുന്നതെന്നും സ്നേഹിക്കാൻ അവകാശമുള്ളവനെന്നും അവൻ പറയുന്നു, തന്നോടുള്ള സ്നേഹം ആർദ്രമാക്കിവെക്കാനും അവൻ പറയുന്നു. അങ്ങനെയുള്ള അവനോടു അല്ലാഹുവേ! നിന്റെ വലിയ അനുഗ്രഹമാണ്, നീ നിന്നെ ഓർക്കുന്നതിനും നിന്നെ ആരാധിക്കുന്നതിനും നിനക്കുവേണ്ടി നോമ്പ് പിടിക്കുന്നതിനും അയ്യാമൻ മഅ്ദൂദാത്തിലൂടെ ഞങ്ങളെ കടത്തിക്കൊണ്ടുവന്നു, ഇനി ഞങ്ങൾക്ക് അവധിയായി, കാര്യം എല്ലാം അവസാനിച്ചു, ഏത് റബ്ബ്, ഏത് അല്ലാഹ്, ഈ ജുമുഅയോടുകൂടി ഞങ്ങൾ നിന്നോടു വിടപറയുകയാണ്, ഈ യാത്രപറച്ചിലോടുകൂടി ഞങ്ങൾ പൂർണമായും ഒരു വർഷത്തേക്ക് നിന്നെ മറക്കാൻ പോകുകയാണ്, ഒരു വർഷത്തിനുശേഷം അടുത്ത റമളാൻ വരുമ്പോൾ ആരാധനകളിലൂടേയും സൽക്കർമങ്ങളിലൂടേയും നിന്നെ സ്മരിക്കാൻ ശ്രമിക്കാം, റമളാൻമാസം മുഴുവൻ നിന്നെ ആരാധിക്കാനോ സൽകർമങ്ങൾ ചെയ്യാനോ സാധിച്ചില്ലെങ്കിലും റമളാന്റെ അവസാനത്തിൽ ജുമുഅത്തുൽവിദാ എന്തായാലും വരുമല്ലോ അന്ന് സംഘടിച്ച് നിന്നോടുള്ള കടമനിർവേറ്റാം, നിന്റെ പരിരക്ഷണത്തിനും ഔദാര്യങ്ങൾക്കും പകരം നല്കാം എന്നൊക്കെ ആരെങ്കിലും പറയുമോ? അങ്ങനെ ഇയാൾ ചിന്തിക്കുകയാണെങ്കിൽ അയാളെ ഭ്രാന്തനെന്നായിരിക്കും ജനങ്ങൾ തീർച്ചയായും പറയുക. പക്ഷേ, ഇത്തരം ചിന്താഗതികൾ ജനങ്ങൾ വെച്ചുപുലർത്തുന്നുണ്ട്. നാവുകൊണ്ടു പറയുന്നില്ലെന്ന് മാത്രം. എന്നാൽ, അവരുടെ പ്രവർത്തിയിലൂടെ അത് പ്രകടമാകുന്നുണ്ട്. അടുത്ത ജുമുയുടെ ഹാജർനില നോക്കിയാൽ അത് അറിയാൻ കഴിയും. ഇക്കാര്യമുണ്ടെങ്കിൽ അവനെ വിഡ്ഢിയെന്നും ദീനിനെകുറിച്ച് അല്പം പോലും അറിവില്ലാത്തവനെന്നും അല്ലഹുവിൽ അല്പം പോലും വിശ്വാസമില്ലാത്തനെന്നുമായിരിക്കും പറയുക.

ഒരു മുഅ്മിന്റെ ചിന്താഗതി ഇങ്ങനെ ആയിരിക്കുകയില്ല. മുഅ്മിൻ ഇക്കാര്യങ്ങളിൽ വളരെ ഉയർന്നവനായിരിക്കും. മുഅ്മിൻ അല്ലാഹു പറഞ്ഞിട്ടുള്ള നന്മകൾ തുടർന്ന് ചെയ്തുകൊണ്ടിരിക്കുന്നവനാണ്. അവൻ അല്ലാഹുവിനോടുള്ള നന്ദി വികാരങ്ങളാൽ നിറഞ്ഞവനായിരിക്കും. അവൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയാണ് റമളാനിലൂടെ കടന്നുപോകുന്നത്. അല്ലാഹുവിന്റെ കല്പനയിലൂടെ നടന്നായിരിക്കും അവൻ റമളാനോടു വിട പറയുക. അതായത് ഇപ്പോൾ ഞാൻ റമളാനോടു വിട പറയുകയാണ്. പക്ഷേ, ഈ ദിനങ്ങളുടെ ഓർമ എന്നെന്നും മനസ്സിൽ ആർദ്രമാക്കി വെക്കുമെന്ന വലിയ ഭാരമുള്ള മനസ്സോടെയായിരിക്കും വിടപറയുന്നത്. റമളാനിൽ പഠിച്ചിട്ടുള്ള വളരെ പ്രധാനപ്പെട്ടതും നല്ലതുമായ കാര്യങ്ങൾ അയവിറക്കിക്കൊണ്ടിരിക്കുന്നതാണ്. ആരാധനകളോടു റമളാനിലുണ്ടായ ശ്രദ്ധ എപ്പോഴും ജീവിപ്പിച്ചുനിറുത്തുന്നതാണ്. നിന്റെ സാമീപ്യം പ്രാപിക്കുന്നതിനുള്ള ഞങ്ങളുടെ ചുവട് ഒരിക്കലും നിലച്ചുപോകുകയില്ല. ഞങ്ങൾ നിന്റെ സ്നേഹത്തിന്റെ അത്ഭുത ദൃശ്യങ്ങൾ കണ്ടിരിക്കുന്നു. നടന്ന് ഞങ്ങൾ നിന്റെ അടുത്തുവരാൻ ശ്രമിക്കുമ്പോൾ നീ നിന്റെ വാഗ്ദാനമനുസരിച്ച് ഓടി ഞങ്ങളുടെ അടുത്തു വരുന്നു. അപ്പോൾ പിന്നെ ഞങ്ങളുടെ ഭൗതികമായ ബന്ധങ്ങളുടെ ഓർമ ആർദ്രമാക്കിവെക്കുകയും ഏറ്റവുമധികം സ്നേഹിക്കുന്ന അവന്റെ ഓർമയേയും ഔദാര്യങ്ങളേയും വിസ്മരിക്കുകയും ചെയ്യുന്നതെങ്ങനെയാണ്. അല്ലാഹുവിന്റെ ഔദാര്യത്തിന്റെ രീതിയും അത്ഭുതകരമാണ്. ഇത് അവന്റെ എത്രവലിയ ഔദാര്യമാണ്. അവൻ ഈ വിടപറച്ചിലിനുശേഷം ഓർമ പുതുക്കി വെക്കുന്നതിനുവേണ്ടി, മറന്നുപോകുന്നതിൽനിന്ന് അവയെ രക്ഷിക്കുന്നതിനുവേണ്ടി, പ്രിയപ്പെട്ട ഓർമകളെ അയവിറക്കുന്നതിനുവേണ്ടി ഓരോ ഏഴു ദിവസത്തിനുശേഷവും ആഘോഷം സംഘടിപ്പിക്കുന്നതിനുള്ള സാഹചര്യവും ഒരുക്കിത്തന്നു. അവയിൽനിന്നാണ് നമ്മൾ ജുമുഅത്തുൽവിദായിലൂടെ കടന്നുവന്നത്. അല്ലെങ്കിൽ കടക്കുന്നത്. റമളാനെ കാത്തിരിക്കാൻ ഒരു വർഷം വെച്ചിരിക്കുന്നു എന്നതു ശരിതന്നെ. പക്ഷേ, തന്റെ സ്നേഹം പ്രകടിപ്പിക്കുന്നതിൽനിന്നും തന്റെ പാരിതോഷികങ്ങൾകൊണ്ട് അനുഗ്രഹിക്കുന്നതിൽനിന്നും പിന്തള്ളിയില്ല.

ഓരോ ഏഴാമത്തെ ദിവസവും ജുമുഅ വെച്ചുകൊണ്ട് നമ്മളെ ഈ അനുഗ്രഹങ്ങൾ എടുക്കുന്നവരാക്കി; അത് ജുമുഅത്തുൽവിദാ ദിവസം കിട്ടേണ്ടതായിരുന്നു. അല്ലെങ്കിൽ കിട്ടുന്നു! നബി(സ) തിരുമേനി പറഞ്ഞു, 'ജുമുഅയിൽ ഒരു പ്രത്യേക നിമിഷം വരുന്നുണ്ട്. ഒരു മുസ്‌ലിം നിന്നു നമസ്കരിക്കുമ്പോൾ അവൻ ചെയ്യുന്ന ദുആ അതിൽ സ്വീകരിക്കപ്പെടുന്നു. പക്ഷേ, ഈ നിമിഷം വളരെ ഹ്രസ്വമാണ്.'(സ്വഹീഹ് ബുഖാരി കിതാബുൽ ജുമുഅ) റമളാനിലെ അവസാന ജുമുഅയിൽ ഉള്ളത്ര ഈ സമയം , ഈ നിമിഷം, ഈ നേരം സാധാരണ ജുമുഅകളിലുംമുണ്ട്.

അതുകൊണ്ട് ഇന്നേക്കുശേഷം അല്ലാഹുവിന്റെ ആ സാമീപ്യത്തിന്റെ നിമിഷങ്ങളിൽനിന്ന് നമ്മൾ അകന്നു പൊയ്ക്കൊണ്ടിരിക്കുകയല്ലല്ലോ; എന്നല്ല ആ സമയം ഏഴു ദിവസത്തിനുശേഷം വീണ്ടും കിട്ടാനുള്ളതാണ്. ആരെങ്കിലും ഈ നന്മകളോടും നിമിഷങ്ങളോടും വിട പറയുകയാണെങ്കിൽ അവൻ മുഅ്മിനല്ല. ഒരു മുഅ്മിൻ ഒരിക്കലും നന്മകളോട് വിട പറയുകയില്ല. ഒരിക്കലും ഒരു മുഅ്മിൻ അല്ലാഹുവിൽനിന്ന് അകന്നുപോകുകയുമില്ല. പ്രത്യുത അവന്റെ ശ്രമം നന്മയെ ഓർക്കാനുള്ള സാഹചര്യം എങ്ങനെ ഒരുക്കണമെന്നായിരിക്കും. ഞാനെങ്ങനെയാണ് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള വഴി അന്വേഷിക്കേണ്ടത്. അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനുള്ള വഴിയും പരിമിതമല്ല. എല്ലാ നന്മയും അല്ലാഹുവരെ എത്തിക്കുന്നതാണ്. അതുകൊണ്ട് അവൻ എല്ലാ വഴിയും അന്വേഷിക്കാൻ ശ്രമിക്കുന്നു. ജുമുഅ വരും അല്ലാഹുവിനെ കണ്ടുമുട്ടാനുള്ള സാഹചര്യമുണ്ടാകും എന്ന് കരുതാൻ അത് വെറും ജുമുഅയുമായി മാത്രം ബന്ധപ്പെട്ടതല്ല.

"നബി(സ)തിരുമേനി നമുക്ക് അല്ലാഹുവിനെ പെട്ടെന്നു കാണുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുമുള്ള വഴി മനസ്സിലാക്കിത്തന്നുകൊണ്ടു പറഞ്ഞു: 'മനുഷ്യൻ വൻ പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടുകൊണ്ടിരുന്നാൽ അഞ്ചു നമസ്കാരങ്ങൾ, - ഒരു ജുമുഅമുതൽ അടുത്ത ജുമുഅ വരേക്കും ഒരു റമളാൻ മുതൽ അടുത്ത റമളാൻ വരേക്കും ഇടയിലുണ്ടാകുന്ന പാപങ്ങൾക്ക് പ്രായശ്ചിത്തമായിത്തീരുന്നു. നിബന്ധന, മനുഷ്യൻ

### ഇർശാദെ നബവി(സ):

നബി(സ)തിരുമേനി പതിവായി പ്രാർഥിക്കാറുണ്ട്: "അല്ലാഹുവേ! ക്ഷേമവും പവിത്രതയും ഭക്തിയും സന്മാർഗവും എനിക്ക് പ്രദാനം ചെയ്യേണമേ." (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

വലിയ വലിയ പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടിരിക്കണമെന്നു മാത്രം."(സ്വഹീഹ് മുസ്‌ലിം കിതാബിത്ത്വഹാറത്തി).

അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിന് നിത്യവും അഞ്ചുനേരം ബന്ധപ്പെടാനുള്ള സാഹചര്യമുണ്ടാക്കി. ആ നമസ്കാരങ്ങൾ മുഖേന അല്ലാഹുവുമായി ബന്ധം വെക്കുക. അങ്ങനെയായാൽ അല്ലാഹുവിന്റെ മഗ്ഫിറത്തിൽനിന്ന് ഭാഗം ലഭിച്ചുകൊണ്ടിരിക്കും. അവന്റെ കാരുണ്യം കരസ്ഥമാക്കിക്കൊണ്ടിരിക്കും. മനഃപൂർവം അധികപ്രസംഗം കാണിച്ചുകൊണ്ട് വലിയ പാപങ്ങളിൽ പങ്കുള്ളവനാകാൻ പാടില്ല എന്നു മാത്രമാണ് നിബന്ധന. എല്ലാ ജുമുഅയിലും പങ്കുകൊള്ളണം. ദുആ സ്വീകാര്യതയുടെ നിമിഷത്തെ പ്രയോജനപ്പെടുത്തണം. അങ്ങനെയായാൽ നിങ്ങൾ തിന്മകളിൽനിന്ന് രക്ഷപ്പെടുന്നവരും നന്മകളിൽ അഭിവൃദ്ധിപ്പെടുന്നവരും ആയിത്തീരും. റമളാനിലുണ്ടാക്കിയ മാറ്റങ്ങളെ വർഷം മുഴുവൻ നിലനിറുത്തുക. പാപങ്ങളിൽ അകപ്പെടാതിരിക്കുക. എന്നാൽ, റമളാൻമാസത്തിൽമാത്രമല്ല നിങ്ങൾ വർഷം മുഴുവൻ അല്ലാഹുവിന്റെ കാരുണ്യത്തിനും പാപപൊറുതിക്കും അർഹരായിത്തീരുന്നതാണ്. തീയിൽനിന്ന് മോക്ഷം പ്രാപിക്കുന്നവരാകുന്നതാണ്. അതുകൊണ്ട് ഇന്ന് എല്ലാവരും ഇങ്ങനെ പ്രതിജ്ഞ ചെയ്യുക: ഈ ജുമുഅ, ഈ റമളാൻ നമ്മെ നമ്മുടെ നമസ്കാരങ്ങൾ സംരക്ഷിക്കുന്നതിലേക്ക് ശ്രദ്ധിപ്പതിപ്പിക്കുന്നതായി തീരുന്നതാണ്. നമ്മൾ റമളാനിൽചെയ്തിട്ടുള്ളതും പഠിച്ചിട്ടുള്ളതമായ നന്മകൾ അടുത്ത റമളാൻവരെ എത്തിക്കുന്നതിന് നമ്മൾ പൂർണമായും ശ്രമിക്കുന്നതായിരിക്കും.

അതുകൊണ്ട് ആരാധനകളിലേക്കും നന്മകളിലേക്കും റമളാനിലുണ്ടായ നമ്മുടെ ശ്രദ്ധയിൽ സ്ഥിരത കൈവരിക്കുമെന്ന് നമ്മൾ പ്രതിജ്ഞ ചെയ്യേണ്ടതാണ്; അടുത്ത റമളാന്റെ തയ്യാറെടുപ്പിനും സ്വാഗതം ചെയ്യുന്നതിനും നമ്മുടെ തുടർച്ചയായുള്ള തർബിയ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നതിനുവേണ്ടി. നമ്മൾ അടുത്ത റമളാനിൽ പ്രവേശിക്കുമ്പോൾ ഒരു നില തരണം ചെയ്തു കഴിഞ്ഞിട്ടുണ്ടാവണം. പിന്നീട് അടുത്ത റമളാനിൽനിന്ന് വിജയിയായി പുറത്തുവരുന്നതിന് പുതിയ ലക്ഷ്യവും പുതിയ ടാർഗറ്റും നിശ്ചയിക്കുക;നന്മകളിൽ അഭിവൃദ്ധിപ്പെട്ടവരായിക്കൊണ്ട് മുന്നോട്ടുപോകുന്നവരാകാനും അല്ലാഹുവിനോടു കൂടുതൽ അടുത്തവരാകാനും അവന്റെ അസ്തിത്വത്തെ കുറിച്ച് കൂടുതൽ ഗ്രാഹ്യമുണ്ടാകുന്നവരാകാനുംവേണ്ടി. അല്ലാഹുവിന്റെ സാമീപ്യത്തിനുള്ള ധാരാളം നിലകൾ തരണം ചെയ്യേണ്ട ഒരുപാടാളുകൾ നമ്മളിലുണ്ട്. നമ്മൾ എല്ലാ നിലകളും തരണം ചെയ്തുവെന്ന് നമുക്ക് പറയാൻപറ്റുകയില്ല. ആ നിലകൾ തരണം ചെയ്യുന്നതിന് നമ്മൾ വെറും റമളാൻമാത്രം പ്രതീക്ഷിച്ചുകൊണ്ടിരുന്നാൽ പിന്നീട് അതിൽ ആയുസ്സു കഴിഞ്ഞുപോകും. നമ്മുടെ ഉദ്ദേശ്യവും നമ്മുടെ ഗോളും(goal)ടാർഗറ്റും കരസ്ഥമാകാതെ പോയേക്കാം. ആയുസ്സ് കഴിഞ്ഞുപോയിട്ടും അത് കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ടാവില്ല. എന്നല്ല ഒരു വർഷത്തെ കർമ്മമില്ലാത്ത കാലം ആദ്യ ദിവസം നമ്മൾ എവിടെയാണോ നിന്നത് അവിടേക്കുതന്നെ തിരിച്ചു കൊണ്ടുപോകുന്നതാണ്.

ഈ റമളാനിൽ ഞാൻ നല്കിയ ഖുത്ബകളിൽ തഖ്‌വ, ദുആ, അല്ലാഹുവിന്റെ കല്പനകളനുസരിച്ചുള്ള പ്രവർത്തനം -അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ആരാധനയുടെ കല്പനയാണ്. അത് നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യമാണ്- ഇപ്രകാരം തന്നെ പരസ്പരം കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധചെലുത്തുക, ഉന്നതമായ സ്വഭാവഗുണങ്ങളുടെ പ്രദർശനങ്ങൾ തുടങ്ങിയവിഷയങ്ങൾ അടങ്ങിയിരുന്നു. ഓരോ ഖുത്ബയ്ക്കുശേഷവും തങ്ങൾക്ക് ഓർക്കാൻ കഴിഞ്ഞുവെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളിലൂടെ തങ്ങൾക്ക് ഈ വിഷയങ്ങൾ നല്ല നിലയിൽ മനസ്സിലാക്കാൻ തൗഫീഖ് കിട്ടിയെന്നും പറഞ്ഞ് എനിക്ക് ധാരാള മാളുകളുടെ കത്തുകൾ വന്നിരുന്നു. തൗഫീഖ് കിട്ടി എന്നത് ശരിതന്നെയാണ്.പക്ഷേ, ഇക്കാര്യങ്ങൾ പ്രയോജനപ്പെടുന്നത് നമ്മൾ അവയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുമ്പോഴാണ്.

ഞാൻ ഹദീഥുകൾ ഉദ്ധരിച്ചുകൊണ്ടു പറഞ്ഞതുപോലെ എല്ലാ ജുമുഅക്കും പ്രാധാന്യമുണ്ട്. ജുമുഅയുടെ പ്രാധാന്യം റമളാനിലെ ജുമുകളുമായി ബന്ധപ്പെട്ടതല്ല. ജുമുഅത്തുൽവിദായുമായി ബന്ധപ്പെട്ടുമല്ല. മറിച്ച് റമളാന്റെ പ്രാധാന്യം സ്ഥിരമായ നിലയിൽ ജുമുഅ നമസ്കരിക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധ നില്ക്കുന്നതിലാണ്. അഞ്ചു നമസ്കാരത്തിലേക്കും നമ്മുടെ ശ്രദ്ധ നില്ക്കുന്നതിലാണ്. ഈ റമളാൻ വന്നിട്ടുള്ളത് സംഘടിതമായ നിലയിൽ നമസ്കാരങ്ങളിലും നന്മകളിലും ജുമുഅ നിർവഹണത്തിലും ഉണ്ടായിട്ടുള്ള താൽപര്യവും ഗ്രാഹ്യവും അവസാനിക്കാൻ വിടാതിരിക്കാനും അടുത്ത റമളാൻവരെ അതിനെ കാത്തുസൂക്ഷിക്കാനുമാണ്.

ഞാൻ ഓതിയ വചനത്തിലും അല്ലാഹു ജുമുഅയുടെ പ്രാധാന്യത്തെ കുറിച്ച് പറഞ്ഞിരിക്കുന്നു. അതിന്റെ തർജമ ഇപ്രകാരമാണ്. വിശ്വസിച്ചവരേ! ജുമുഅ ദിവസത്തിന്റെ ഒരു ഭാഗത്ത് നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങൾ ധിറുതിപ്പെട്ടുപോകുകയും വ്യാപാരം നിറുത്തി വെക്കുകയും ചെയ്യുക. നിങ്ങൾ മനസ്സിലാക്കുന്നെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാണ്.

അടുത്ത ആയത്ത് ഇതാണ്: പിന്നെ നമസ്കാരം നിർവഹിച്ചു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ പിരിഞ്ഞുപോകുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് അന്വേഷിക്കുകയും ചെയ്തുകൊള്ളുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിനായി അല്ലാഹുവിനെ അധികമായി സ്മരിക്കുക.

പിന്നീടുള്ളത് ഈ അവസാന ആയത്താണ്. ഇത് സൂറ ജുമുഅയുടേയും അവസാന വചനമാണ്. 'അവർ വല്ല കച്ചവടമോ വിനോദമോ കണ്ടാൽ അതിലേക്ക് ചിതറിപ്പിരിഞ്ഞുപോകുകയും നിന്നെ നിന്ന നിലയിൽ വിട്ടേക്കുകയും ചെയ്യുന്നു. നീ പറയുക, അല്ലാഹുവിന്റെ പക്കലുള്ളത് വിനോദത്തെക്കാളും കച്ചവടത്തെക്കാളും ഉത്തമമാണ്. അല്ലാഹു ഉപജീവനം നല്കുന്നവരിൽ ഉത്തമാനാകുന്നു.'

ഇവിടെ പ്രത്യേകമായ നിലയിൽ ജുമുഅയിൽ പങ്കെടുക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. ജുമുഅയുടെ ബാങ്കിന്റെ ശബ്ദം കേട്ടാൽ അല്ലെങ്കിൽ എല്ലാവർക്കും അറിയുന്നതാണ് വാച്ചുകളുണ്ട്, സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട് അവ നോക്കുക, ജുമുഅയുടെ സമയമായാൽ നിങ്ങളുടെ എല്ലാ ജോലിയും കച്ചവടവും നിറുത്തുകയും ജമുഅക്കായി വരികയും ചെയ്യുക. ജുമുഅ ഖുത്ബയും നമസ്കാരത്തിന്റെ ഭാഗമാണ്. അതുകൊണ്ട് നമസ്കാരം തുടങ്ങുന്നതോടെ എത്തുകയും നമസ്കാരത്തിൽ പങ്കെടുക്കുകയും ചെയ്താൽമതിയെന്ന് കരുതി മടി കാണിക്കരുത്. ഖുത്ബ തുടങ്ങുന്നതിനു മുമ്പേ എത്താൻ ശ്രമിക്കേണ്ടതാണ്.

ഇക്കാലത്ത് അല്ലാഹു നമുക്ക്-ഇവിടെ ഉപോൽബലകമായി പറയട്ടെ, എന്നല്ല വളരെ പ്രധാനപ്പെട്ടതാണ്-എം.ടി.എയുടെ സംവിധാനം നല്കിയിരിക്കുകയാണ്. യൂറോപ്പിലും ആഫ്രിക്കയിലെ ചില രാജ്യങ്ങളിലും ജുമുഅയുടെ സമയം ഒന്നുതന്നെയാണ്. അതുകൊണ്ട് സമയം ഒന്നാകുമ്പോൾ ഖലീഫയുടെ ഖുത്ബ കേൾക്കേണ്ടതാണ്. ഇത് നമ്മുടെമേലുള്ള അല്ലാഹുവിന്റെ ഔദാര്യമാണ്. അവൻ ഈ സൗകര്യം മുഖേന ജമാഅത്തിന്റെ ഐക്യത്തിനുള്ള മറ്റൊരു സാമഗ്രി സംഘടിപ്പിച്ചുതന്നിരിക്കുന്നു. സമയവ്യത്യാസമുള്ളിടങ്ങളിലും അഹ്മദികൾ ഖുത്ബകൾ കേൾക്കേണ്ടതാണ്. ലൈവ് കേൾക്കാൻ കഴിയുന്നില്ലെങ്കിൽ റെക്കോർഡിംഗ് കേൾക്കേണ്ടതാണ്. ഈ ഖുത്ബയുടെ വിശദമായ ഉദ്ധരണികളെടുത്ത് ഖുത്ബ കൊടുക്കുന്നവരോ ഖുത്ബ കൊടുക്കുന്ന മുബല്ലിഗുമാരോ മുറബ്ബിതുടങ്ങിയവരോ തങ്ങളുടെ ജമാഅത്തുകളിൽ ആദ്യ ദിവസമോ അടുത്തദിവസമോ അടുത്തദിവസമല്ലെങ്കിൽ അടുത്തയാഴ്ചയോ ഖുത്ബ കേൾപ്പിക്കേണ്ടതാണ്. പാശ്ചാത്യദിക്കിലേക്ക് നമ്മൾ കൂടുതൽ പോകുകയാണെങ്കിൽ അവിടെ സുബ്ഹിയുടെ സമയമാണ്. അവർ അതിരാവിലെ ഖുത്ബ കേൾക്കുന്നു. അതേ ദിവസംതന്നെ അവർക്ക് അത് കേൾക്കാവുന്നതാണ്. പൂർവദിക്കിൽ അപ്പോൾ ദിവസം കഴിഞ്ഞു കടന്നു. അവിടെ വൈകുന്നേരമായിക്കൊണ്ടിരിക്കുന്നു. അല്ലെങ്കിൽ മുമ്പോട്ടുപോയി. അപ്പോൾ അടുത്ത ആഴ്ച കേൾക്കാവുന്നതാണ്.

ജമാഅത്തിൽ ഒത്തൊരുമ ഉണ്ടാക്കുന്നതിനുള്ള വളരെ വലിയൊരു മാർഗമാണിത്. എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തിന് ജുമുഅയുമായി പ്രത്യേക ബന്ധമുണ്ട്. അല്ലാഹു ഈ കണ്ടുപിടിത്തം മുഖേന കാലത്തിന്റെ ഖലീഫയുടെ ഖുത്ബയേയും അതിന്റെ ഒരു ഭാഗമാക്കിയിരിക്കുന്നു.

പിന്നീട്, നിങ്ങളുടെ ജോലിയാണെങ്കിൽ ജുമുക്കു മുമ്പോ പിമ്പോ നിങ്ങൾക്ക് ചെയ്യാവുന്നതാണെന്ന് രണ്ടാമത്തെ ആയത്തിൽ അല്ലാഹു വ്യക്തമാക്കി. ജുമുഅയുടെ നേരത്ത് പ്രത്യേകമായും ഈ ജോലി ചെയ്യാതെ ജുമുഅയിൽ വരികയാണെങ്കിൽ നിങ്ങളുടെ ഭൗതികജോലികളിലും അല്ലാഹുവിന്റെ കൃപാകടാക്ഷത്തിന്റേയും അനുഗ്രഹങ്ങളുടേയും അനന്തരാവകാശികളാകുന്നതാണ്. തങ്ങളുടെ ഭൗതിക ജോലികളെ ബാധിക്കുമെന്നതുകൊണ്ട് ജുമുഅയിൽ പങ്കെടുക്കാത്തത് തെറ്റാണെന്നു മാത്രമല്ല, അവന് നഷ്ടമുണ്ടാക്കുന്നതുമാണ്. ഏതുജോലിയിലും ഫലമുണ്ടാക്കുന്നതും അതിൽ ബർക്കത്തിടുന്നതും അല്ലാഹുവിന്റെ ജോലിയാണ്. അതുകൊണ്ട് ഓർമിക്കുക, അല്ലാഹു പറഞ്ഞത് അനുസരിക്കുന്നില്ലെങ്കിൽ ജോലിയിൽ ബർക്കത്തുണ്ടാകുകയില്ലെന്ന് അല്ലാഹു പറയുന്നു.

പിന്നീട് അല്ലാഹു പറയുന്നു: 'നിങ്ങളുടെ കച്ചവടങ്ങളും ഭൗതിക ജോലികളും കളിതമാശകളും നിങ്ങളെ ജുമുഅ നമസ്കരിക്കുന്നതിൽനിന്ന് തടയുന്നതാകരുത്.' പ്രത്യേകിച്ചും ഇക്കാലത്ത് നമ്മൾ കാണുന്ന ഇക്കാര്യങ്ങൾ ഞാൻ പറഞ്ഞതുപോലെ ഇക്കാലത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലവുമായി പ്രത്യേക ബന്ധമുണ്ട്. അതുകൊണ്ട് പ്രത്യേകമായ നിലയിൽ നിർദേശിക്കുന്നത് നിങ്ങളുടെ കച്ചവടം ഇപ്പോൾ തദ്ദേശ തലത്തിൽമാത്രം പരിമിതമല്ല. മുമ്പേ തദ്ദേശാടിസ്ഥാനത്തിലായിരുന്നു കച്ചവടം നടന്നിരുന്നത്. കച്ചവടസംഘങ്ങൾപോയി സാധനങ്ങൾ കൊണ്ടുവരികയായിരുന്നു. ഒരു നഗരംവരെമാത്രം ഒതുങ്ങിനിന്നിരുന്നു. ഇപ്പോൾ വ്യാപാരം തദ്ദേശപരമായിട്ടല്ല നടക്കുന്നത്. മറിച്ച് ആഗോളാടിസ്ഥാനത്തിൽ ആയ കാരണത്താൽ നിങ്ങളെ കൂടുതൽ അതിൽ വ്യാപൃതരാക്കിവെക്കുന്നുണ്ട്. ഇപ്രകാരംതന്നെയാണ് നിങ്ങളുടെ കളികളും. ഭൗതികമായ തിരക്കുകളും. അത് അന്തർ ദേശീയതലത്തിലുള്ള കാരണത്താൽ സമയത്തിന്റെ പരിധികളുടെ ശ്രദ്ധ ഉൾക്കൊള്ളുന്നില്ല. അവയിൽ നിങ്ങളോ ഒരു മുഅ്മിനോ എന്തായാലും ജുമുഅയുടെ പ്രാധാന്യത്തെ ഗൗനിക്കേണ്ടതാണ്. കാരണം ഒരു മുഅ്മിൻ ഏറ്റവുമധികം മുൻഗണന നല്കുന്നത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനാണ്.

**ഇർശാദെ നബ്‌വി(സ):**

"ഒരു നല്ല കാര്യത്തിൽ ഒരാൾ സത്യം ചെയ്യുകയും അല്ലാഹുവിൽ അതിനെക്കാൾ മെച്ചപ്പെട്ടത് അയാൾക്ക് ബോധ്യപ്പെടുകയും ചെയ്താൽ ആ മെച്ചമുള്ള കാര്യം അവൻ ചെയ്തുകൊള്ളട്ടെ." (മുസ്‌ലിം)

**ത്വാലിബെ ദുആ:**

**എം.എ.മുഹമ്മദ് കോഴിക്കോട്**

**ഇർശാദെ നബ്‌വി(സ):**

"നിശ്ചയം. ഇഹലോകം മാധുര്യവും അലങ്കാരപ്രദവുമാണ്. അതിൽ അല്ലാഹു നിങ്ങളെ പ്രതിനിധികളായി നിശ്ചയിച്ചിരിക്കുന്നു. നിങ്ങളെന്തു ചെയ്യുന്നുവെന്ന് അവൻ നിങ്ങളെ വീക്ഷിക്കുന്നുണ്ട്." (മുസ്‌ലിം)

**ത്വാലിബെ ദുആ:**

**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

**ഇർശാദെ നബ്‌വി(സ):**

"നിങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കേണ്ട പ്രകാരം ഭരമേല്പിച്ചാൽ പക്ഷികൾക്ക് തീറ്റകൊടുക്കുംവിധം അവൻ നിങ്ങൾക്കും ആഹാരം നല്കുന്നതായിരിക്കും." (മുത്തഫിഖുൻ അലയ്ഹി)

**ത്വാലിബെ ദുആ:**

**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

ഇതുതന്നെയാണ് ഒരു മുഅ്മിന്റെ മുൻഗണന ആയിരിക്കേണ്ടതും.

നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ അവിടത്തെ പരിശുദ്ധ ശക്തിപ്രഭാവം കാരണത്താൽ പരിപൂർണരായ നിലയിൽ പരിശുദ്ധരായിക്കഴിഞ്ഞിരുന്നു. അവർക്ക് അല്ലാഹുവിന്റെ തൃപ്തി പ്രഥമ കാര്യമായിരുന്നു. അതുകൊണ്ട് കച്ചവടങ്ങളും കളിതമാശകളും കാരണത്താൽ ജുമുഅ ഉപേക്ഷിച്ചിട്ടുണ്ടാകുമെന്ന് അവരെക്കുറിച്ച് സങ്കല്പിക്കാനെ കഴിയുകയില്ല. പിന്നീട് തദ്ദേശപരമായ കച്ചവടങ്ങളുടേയും കളികളുടേയും സമയങ്ങളെ ജുമുയുടെ സമയത്തിന്റെ അടിസ്ഥാനത്തിൽ അഡ്ജസ്റ്റു ചെയ്യാനും കഴിയുന്നതാണ്.

അതിനാൽ തീർച്ചയായും നമ്മുടെ കാലഘട്ടത്തിന്റെ അവസ്ഥയുടെ ചിത്രമാണിത്. ദീനിന്റെ പരിഗണന പിന്നാക്കം പോകുകയും ഭൗതികമായ പരിഗണനകൾ മുമ്പിൽ വരികയും ചെയ്യുന്ന മസീഹ് മൗഊദിന്റെ കാലഘട്ടത്തിന്റെ തന്നെ ചിത്രമാണിത്. 24 മണിക്കൂറും വ്യാപാരങ്ങളിലും മുഴുകിയിരിക്കുകയും ലോകത്തിന്റെ അകലം കുറഞ്ഞുപോകുകയും ചെയ്യുന്ന കാലം. മാധ്യമങ്ങളിലൂടെ ലോകത്തിലെ ഓരോ സ്ഥലത്തേയും കളിതമാശകളും മനസ്സിനെ ഹരം പിടിപ്പിക്കുന്ന കാര്യങ്ങളും എപ്പോഴും വീട്ടിൽ ലഭിച്ചുകൊണ്ടിരിക്കുന്ന കാലം! അല്ലാഹു പറയുന്നു: അത്തരം കാലത്ത് നിങ്ങൾ നിങ്ങളുടെ മുൻഗണന ശരിയാക്കി വെക്കുകയാണെങ്കിൽ ഓർമിക്കുക, അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾ കരസ്ഥമാക്കുന്നവരാകും.

തീർച്ചയായും അല്ലാഹുവിന്റെ പക്കൽ എന്തൊന്നാണോ ഉള്ളത് അത് കച്ചവടങ്ങളെക്കാളും കളിവിനോദങ്ങളുടെ സാധനസാമഗ്രികളെക്കാളും വളരെ അധികമാണ്. അല്ലാഹു എല്ലാതരം ഉപജീവനവും പ്രദാനം ചെയ്യുന്നവനാണ്. അവനിലേക്കാണ് എല്ലാതരത്തിലുള്ള ഭക്ഷണസാധനവും വരുന്നത്. അവൻതന്നെയാണ് അന്നദാതാവ്. നിങ്ങൾ അവൻ പറയുന്ന കാര്യങ്ങൾ അനുസരിച്ചുകൊണ്ട് നിങ്ങളുടെ ജുമുഅകളെ കാത്തുസൂക്ഷിച്ചാൽ ഭൗതിക ഭക്ഷണ സാധനങ്ങളിലും അനുഗ്രഹം കരസ്ഥമാക്കുന്നവരായിരക്കും.

അതുകൊണ്ട് നമ്മൾ ജുമുഅയുടെ ഈ പ്രാധാന്യത്തെ നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരാണ്. നമ്മളെ സംബന്ധിച്ചിടത്തോളം നമ്മുടെ ജുമുഅയുടെ നിർവഹണത്തെ കേവലം റമളാൻവരെ അല്ലെങ്കിൽ ജുമുഅത്തുൽവിദാവരെ ഒതുക്കി നിറുത്തുന്നത് ഒരുതരത്തിലും ചേർന്നതല്ല.

ജുമുഅയുടെ പ്രാധാന്യത്തെ കൂടുതൽ വ്യക്തമാക്കുന്നതിനുവേണ്ടി കൂടുതൽ ഹദീഥുകൾ സമർപിക്കുകയാണ്. നബി(സ)തിരുമേനി ജുമുഅയുടെ പ്രാധാന്യവും അതിന്റെ അനുഗ്രഹങ്ങളും പ്രതിപാദിച്ചുകൊണ്ട് ഒരു അവസരത്തിൽ പറഞ്ഞു: ജുമുഅ ദിവസം മസ്ജിദിന്റെ ഓരോ വാതിൽക്കലും മലക്കുകൾ ഉണ്ടാകുന്നു. മസ്ജിദിൽ ആദ്യം വരുന്നവരുടെ പേര് ആദ്യം എഴുതുന്നു. ഇപ്രകാരം അവർ മസ്ജിദിൽവരുന്നവരുടെ പേരുകൾ ക്രമപ്രകാരം എഴുതി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇമാം ഖുത്ബ കൊടുത്ത് ഇരിക്കുമ്പോൾ തങ്ങളുടെ രജിസ്റ്റർ അടയ്ക്കുന്നു.(സ്വഹീഹ് ബുഖാരി, കിതാബു ബദഉൽ ഖൽഖ് ബാബു ദിക്റുൽ മലാഇക്ക ഹദീഥ് 3211)

ഭൗതിക ജോലി കാരണത്താൽ അവസാനം എത്തുന്നവരുടെ പേര് അവസാനമായിരിക്കും ചേർക്കുന്നത്. അവസാനം ചേർക്കുന്നവരുടെ പ്രതിഫലം വളരെ കുറച്ചായിരിക്കും. ചില സ്ഥലങ്ങളിൽ ഈ പ്രതിഫലത്തെ കുറിച്ചും പറയുന്നുണ്ട്. അവസാനം വരുന്നവർക്ക് കോഴിമുട്ടയുടെ അത്ര പ്രതിഫലമായിരിക്കും കിട്ടുന്നത്. ആദ്യം വരുന്നവർക്ക് ഒട്ടകത്തിന് സമാനമായ പ്രതിഫലമായിരിക്കും ലഭിക്കുന്നത്. (സ്വഹീഹ് ബുഖാരി, കിതാബുൽ ജുമുഅ ബാബു ഫള്ലുൽ ജുമുഅ ഹദീഥ് 881)

മസ്ജിദിൽ വന്ന് ഇരിക്കുകയും കുറച്ച് കാത്തിരിക്കേണ്ടി വരികയും ചെയ്താൽ അത് സമയം നഷ്ടപ്പെടുത്തലാണെന്ന് മനസ്സിലാക്കാതിരിക്കാനാണ് ഈ ഉദാഹരണം പറയപ്പെട്ടിട്ടുള്ളത്. അങ്ങനെയല്ല. മറിച്ച് അത്തരം വ്യക്തിയെ പ്രതിഫലത്തിന് അർഹനാക്കിക്കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. പെട്ടെന്ന് വരുന്നവർ പിന്നാലെ വരുന്നവരെക്കാൾ ആദ്യംവരുന്നവരെ ശ്രേഷ്ഠരാക്കുന്നു. ആദ്യം വരുന്നവർ മസ്ജിദിൽ ഇരുന്ന് ദിക്റെ ഇലാഹി ചെയ്തുകൊണ്ടിരിക്കുന്നു. ഇത് തീർച്ചയായും അല്ലാഹുവിന്റെ സാമീപ്യം നല്കുന്ന കാര്യമാണ്.

ഇതിന്റെ പ്രാധാന്യം ഒരവസരത്തിൽ നബി(സ) തിരുമേനി ഇങ്ങനെ പറഞ്ഞു:'ഖിയാമത്തുന്നാളിൽ അല്ലാഹുവിന്റെ തിരുസന്നിധയിൽ ജനങ്ങൾ ജുമുഅകൾക്ക് വരുന്നതനുസരിച്ച് ഇരിക്കുന്നുണ്ടാകും. അതായത് ആദ്യത്തേത്, രണ്ടാമത്തേത് മൂന്നാമത്തേത് പിന്നീട് നാലാമത്തേത്. നിവേദകൻ പറഞ്ഞു, ഇങ്ങനേയും പറയുകയുണ്ടായി: നാലാമത്തേതും അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഇരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ദൂരത്തൊന്നുമല്ല.(സുനൻ ഇബ്നുമാജ കിതാബു ഇഖാമത്തിസ്സലാത്ത് ഹദീഥു നമ്പർ 1094)

ഒരു അവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു: ജുമുഅ നമസ്കരിക്കാൻ വരിക. ഇമാമിന് അടുത്തായി ഇരിക്കുക. ഒരാൾ ജുമുഅയിൽ പിന്നിലിരുന്നിരുന്ന് ജന്നത്തിൽനിന്ന് പിന്നിലായിപ്പോകുന്നു. വാസ്തവത്തിൽ അയാൾ സ്വർഗവാസികളിൽപ്പെട്ടയാളാണ്.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 6 പേജ് 752).

അതുകൊണ്ട് ഈ എല്ലാ ഹദീഥുകളും പറയുന്നത് ജുമുഅ നമസ്കാരത്തിന് പ്രാധാന്യമുണ്ടെന്നാണ്. റമളാനിൽ വരുന്ന ജുമുഅ ആയാലും വേണ്ടില്ല, റമളാനിലെ അവസാനത്തെ ജുമുഅ ആയാലും വേണ്ടില്ല. സാധാരണയുള്ള ജുമുഅ ആയാലും വേണ്ടില്ല. സ്വർഗത്തിൽനിന്ന് പിന്നിലാകുക എന്നതിന്റെ ഉദ്ദേശ്യംതന്നെ മനുഷ്യൻ തന്റെ ആലസ്യവും ജുമുഅയ്ക്ക് പ്രാധാന്യം നല്കാത്തതും കാരണം മറ്റു ഗുണങ്ങളൊക്കെ ഉണ്ടായിട്ടും തന്നത്താൻ സ്വർഗത്തിൽനിന്ന് തടയുന്നു എന്നാണ്. അല്ലെങ്കിൽ തന്നെ അല്ലാഹുവിൽനിന്ന് വളരെ ദൂരെ കൊണ്ടുപോകുന്നു. ജുമുഅയ്ക്ക് പ്രാധാന്യം നല്കാത്ത കാരണത്താൽ ജുമുഅകളിൽ വിഘ്നം വരുത്തുന്നു. ഇതിനെ സംബന്ധിച്ച് നബി(സ)തിരുമേനി ഒരിടത്ത് ഇങ്ങനെ താക്കീതു നല്കി: പറഞ്ഞു,'ആരാണോ തുടർച്ചയായി മൂന്നു ജുമുഅ മനഃപൂർവം ഉപേക്ഷിക്കുന്നത് അല്ലാഹു അവന്റെ മനസ്സിൽ സീലുവെക്കുന്നതാണ്.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 5 പേജ് 339)

ആരാണോ ജുമുഅകളിൽ പങ്കെടുക്കുന്നത് ഉപരിപ്ലവമായി എടുക്കുന്നത് അവർക്ക് വലിയ താക്കീതാണുള്ളത്. മനസ്സിൽ സീലു വെക്കുക എന്നതിന്റെ അർഥംതന്നെ അവർക്ക് പിന്നെ നന്മകൾ ചെയ്യാൻ തൗഫീഖ് കിട്ടുകയില്ലെന്നാണ്. അവർ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരാകുകയുമില്ല. അതുകൊണ്ട് എല്ലാ ഹദീഥുകളിൽനിന്നും എല്ലാ ജുമുഅകളും പ്രധാനപ്പെട്ടതാണെന്ന് വളരെ വ്യക്തമാണ്. നമ്മൾ പൂർണമായും പരിശ്രമിച്ച് ജുമുഅയിൽ പങ്കെടുക്കേണ്ടതാണ്. പക്ഷേ, വരാൻ പറ്റാത്ത ചില നിർബന്ധിതാവസ്ഥകളുണ്ട്. ചിലർക്ക് അല്ലാഹുതന്നെ ഇളവു നല്കിയിട്ടുണ്ട്. അല്ലാഹു ളാലിമല്ല. ജുമുഅയിൽനിന്ന് ഒഴിച്ചുനിർത്തപ്പെട്ടവരെ സംബന്ധിച്ച് നബി(സ)തിരുമേനി പറഞ്ഞു:'അടിമ, സ്ത്രീ, കുട്ടി, രോഗി ഇവരെല്ലാം നിർബന്ധിതരായവരുടെ കൂട്ടത്തിൽ വരുന്നവരാണ്.(സുനൻ അബൂദാവൂദ് കിതാബുസ്സലാത്ത് ഹദീഥുനമ്പർ 1067)

അവർക്ക് ജുമുഅ നമസ്കാരം നിർബന്ധമല്ല. അവർക്ക് ഒഴിവുണ്ട്. അവർ ജുമുഅയിൽ വരണമെന്നും നിർബന്ധമില്ല. ഇവിടെ ചില സ്ത്രീകളുടെ ചോദ്യത്തിന് മറുപടിയും വന്നുകഴിഞ്ഞു. അവർ എനിക്ക് കത്തെഴുതാറുണ്ട്. എന്നല്ല പരാതിപ്പെടാറുണ്ട്. കുട്ടികൾ ബഹളമുണ്ടാക്കുന്നതുകൊണ്ട് അത്തരം കുട്ടികളുള്ള ഉമ്മമാർ മസ്ജിദിൽ വരുതെന്ന് പറഞ്ഞ് ചില സംഘാടകർ തങ്ങളെ വിലക്കുന്നുവെന്ന്. ഈ സ്ത്രീകൾക്കും കുട്ടികൾക്കും നബി(സ) തിരുമേനിതന്നെ ഒഴിവ് നല്കിയിരിക്കുകയാണ്. അതുകൊണ്ട് കുട്ടികളെ പ്രത്യേകം ഇരുത്താൻ സൗകര്യമില്ലാത്ത ഇടങ്ങളിൽ കുട്ടികളുള്ള ഉമ്മമാർ വരാതിരിക്കുന്നതാണ് നല്ലത്. എന്നല്ല സ്ത്രീകൾ മസ്ജിദിൽ വരുക എന്നത് നിർബന്ധവുമല്ല. എന്നാൽ, പുരുഷന്മാർക്ക് എന്തായാലും നിർബന്ധമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ഒരിക്കൽ സ്ത്രീകൾ ജുമുഅ നമസ്കരിക്കുന്നതിനെ കുറിച്ച് മസ്അല ചോദിക്കുകയുണ്ടായി. അപ്പോൾ അവിടന്ന് പറഞ്ഞു: സുന്നത്തുകൊണ്ടും ഹദീഥുകൊണ്ടും സ്ഥാപിതമായിട്ടുള്ള കാര്യത്തെക്കാൾ കൂടുതൽ വിശദീകരണം നാം എന്തു പറയാനാണ്. നബി(സ)തിരുമേനി സ്ത്രീകളെ ഒഴിച്ചുനിറുത്തിയിരിക്കുമ്പോൾ ഈ കല്പന പുരുഷന്മാർക്കുമാത്രമായി തീർന്നു.(അതായത് ജുമുഅ)(അൽബദ്ർ 1903 സെപ്റ്റംബർ 11 പേജ് 366 വാല്യം 2 നമ്പർ 34)

അതിനാൽ പുരുഷന്മാർ-അവർ രോഗിയോ നിർബന്ധിതരോ അല്ലെങ്കിൽ എന്തായാലും ജുമുഅയിൽ വരേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ജുമുഅയുടെ പ്രാധാന്യത്തെ കുറിച്ച് പറഞ്ഞു: 'ഈ പ്രാധാന്യത്തെ മുന്നിൽവച്ചുകൊണ്ട് അവിടന്ന് തന്റെ കാലഘട്ടത്തിൽ 1895-96 ൽ സർക്കാറിന്റെ മുമ്പിൽ ഒരു പദ്ധതി വെക്കാൻ ആഗ്രഹിച്ചു. അതായത് ഇന്ത്യയിൽ ജുമുഅ നിർവഹിക്കുന്നതിന് രണ്ടു മണിക്കൂർ അവധി അനുവദിക്കുക. അങ്ങനെ സർക്കാർ ഓഫീസുകളിലും മുസ്ലീംകളെക്കൊണ്ട് ഒപ്പിടുവിക്കാൻ തുടങ്ങി. പക്ഷേ, ആ സമയത്ത് മൗലവി മുഹമ്മദു ഹുസയ്ൻ സാഹിബ് ഒരു വിജ്ഞാപനം കൊടുത്തു. ഈ പ്രവൃത്തി നല്ലതാണെങ്കിൽത്തന്നെയും മിർസാ സാഹിബിന്റെ കൈയാൽ അത് നടക്കാൻ പാടില്ല. ഞങ്ങൾ സ്വയം അതു ചെയ്യുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'നമുക്കെന്തെങ്കിലും പേരും പ്രശസ്തിയും കിട്ടണമെന്ന താൽപര്യമില്ല. നിങ്ങൾ സ്വയം ചെയ്തുകൊള്ളുക. അങ്ങനെ അവിടന്ന് അതിനുള്ള ശ്രമം നിറുത്തി. പക്ഷേ, പിന്നീട് മുഹമ്മദ് ഹുസയ്ൻ സാഹിബിനോ മറ്റേതെങ്കിലും മുസ്ലിം നേതാവിനോ ഇതിൽ എന്തെങ്കിലും നടപടികൈക്കൊള്ളാൻ തൗഫീഖ് കിട്ടിയില്ല. ആ നടപടികളൊന്നും മുന്നോട്ടുപോയില്ല. (ദിക്റെ ഹബീബ് ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് റുഖ്സത്ത് ബറായെ നമാസെ ജുമുഅ പേജ് 42-43)

> **ഇർശാദെ നബവ്വി(സ):**
>
> "സമ്പത്ത് ആഗ്രഹിക്കുകയും ദാരിദ്ര്യം ഭയപ്പെടുകയും ചെയ്യുന്ന ലുബ്ധനും ആരോഗ്യവാനുമായിരിക്കെ ചെയ്യുന്ന ദാനമാണ് പ്രതിഫലമുള്ള ധർമം." (മുത്തഫിഖുൻ അലയ്ഹി)
>
> **ത്വാലിബെ ദുആ:**
> **അബ്ദുസ്സമദ് , പഴയങ്ങാടി**

എന്തായാലും ഒരവസരത്തിൽ ഇന്ത്യയിലെ വൈസ്രോയി കഴ്സൺ പ്രഭുവിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു മെമ്മോറിയൽ അയച്ചു. അതിൽ അദ്ദേഹത്തിന്റെ വിശേഷഗുണങ്ങൾ സ്മരിക്കുകയും മുസ്ലീംകളോടുള്ള കടമ നിർവഹിക്കുന്നതിന് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. ലാഹോറിലെ ശാഹി മസ്ജിദ് അദ്ദേഹമാണ് മുസ്ലീംകൾക്ക് തിരിച്ചുകൊടുപ്പിച്ചത്. അത് മസ്ജിദ് എന്ന നിലയിൽ ഉപയോഗിച്ചുവരുന്നു. ഇപ്രകാരംതന്നെ റെയിൽവെ കൈവശപ്പെടുത്തിവച്ചിരുന്ന മറ്റൊരു മസ്ജിദ് വിടുവിപ്പിച്ച് മുസ്ലീംകൾക്ക് കൊടുത്തു. അങ്ങ് ഈ ചെയ്തത് വളരെ വലിയ ഔദാര്യമാണ്. ഈ മെമ്മോറിയലിൽ വീണ്ടും എഴുതി: പക്ഷേ, അവരുടെ ഒരാഗ്രഹം (അതായത് മുസ്ലീംകളുടെ ഒരാഗ്രഹം) അവശേഷിക്കുന്നുണ്ട്. അവർ പ്രതീക്ഷിക്കുന്നത് ഏതൊരു കൈകൾകൊണ്ടാണോ ഈ ആഗ്രഹങ്ങൾ പൂർത്തിയായത്, അതായത് മസ്ജിദുകൾ ലഭിച്ചതും മറ്റും! ആ കൈകൾകൊണ്ടുതന്നെ ഈ ആഗ്രഹവും പൂർത്തിയാകണമെന്നാണ്. ആ ആഗ്രഹമെന്താണെന്നുവച്ചാൽ ജുമുഅ ഒരു ഇസ്ലാമികമായ മഹത്തായ ആഘോഷ ദിവസമാണ്. വിശുദ്ധ ഖുർആൻ പ്രത്യേകിച്ചും ആ ദിവസത്തെ അവധിദിവസമായി നിശ്ചയിച്ചിരിക്കുന്നു. ഇതുസംബന്ധമായി ഒരു അധ്യായംതന്നെ വിശുദ്ധ ഖുർആനിലുണ്ട്. അതിന്റെ പേര് സൂറ:ജുമുഅ എന്നാണ്. അതിൽ കല്പനയുണ്ട്, ജമുഅക്ക് ബാങ്ക് കൊടുത്താൽ (ബാങ്കു വിളിച്ചാൽ)നിങ്ങൾ ലോകത്തിലെ എല്ലാ ജോലികളും നിറുത്തുക.

മസ്ജിദുകളിൽ സംഘടിക്കുക. ജുമുഅ നമസ്കാരം അതിന്റെ എല്ലാ നിബന്ധയോടുംകൂടി അനുഷ്ഠിക്കുക. അങ്ങനെ ചെയ്യാത്ത വ്യക്തി കൊടുംപാപിയാണ്. അടുത്തുതന്നെ ഇസ്‌ലാമിൽനിന്ന് പുറത്തുപോകാനും സാധ്യതയുണ്ട്. ജുമുഅ നമസ്കരിക്കാനും ഖുത്ബ കേൾക്കാനും എത്രകണ്ട് വിശുദ്ധ ഖുർആനിൽ താക്കീതുണ്ടോ അത്രകണ്ട് പെരുന്നാൾ നമസ്കരിക്കാനും താക്കീതില്ല. ഈ ഉദ്ദേശ്യത്തോടു കൂടി പഴയകാലമുതൽ, ഇസ്‌ലാം വെളിപ്പെട്ട കാലം മുതൽ ജുമുഅയുടെ അവധി മുസ്‌ലീംകളിൽ നിലനിന്നുവരുന്നു. ഈ രാജ്യത്തും തുർച്ചയായി 800 വർഷംവരെ അതായത് ഇസ്‌ലാമിക ഭരണം ഈ രാജ്യത്ത് നിലനിന്നിരുന്നതുമുതൽ ജുമുഅ ദിവസം അവധിയായിരുന്നു." തുടർന്ന് അവിടന്ന് മെമ്മോറിയലിൽ പറഞ്ഞു: ഈ രാജ്യത്ത് മൂന്നു ജനതകളുണ്ട്. ഹിന്ദു, ക്രിസ്ത്യൻ, മുസ്‌ലിം. ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും അവരുടെ മതപരമായ ആചാരത്തിനുള്ള ദിവസം സർക്കാർ നല്കിയിട്ടുള്ളതാണ്. അതായത് ഞായറാഴ്ച. ഈ ദിവസം അവർ തങ്ങളുടെ ആചാരപരമായ മതാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നു. ഈ അവധി പൊതുവായ നിലയിലുള്ളതാണ്. പക്ഷേ, ഈ മൂന്നാമത്തെ കക്ഷി അതായത് മുസ്‌ലീംകൾ തങ്ങളുടെ ആഘോഷ ദിവസങ്ങളിൽനിന്ന് അതായത് ജുമുഅയിൽനിന്ന് തടയപ്പെട്ടിരിക്കുന്നു. പിന്നീട് അവിടന്ന് തുടർന്നെഴുതുന്നു; മുസ്‌ലീംകളുടെമേൽ ഈ സർക്കാർ ചെയ്തിട്ടുള്ള ആ ഔദാര്യങ്ങളുടെ ലിസ്റ്റിൽ ഈ ഔദാര്യംകൂടി ചെയ്യപ്പെട്ടാൽ അതായത് പൊതുവായ നിലയിൽ ജുമുഅ ദിവസം അവധി നല്കിയാൽ അത് തങ്കലിപികളാൽ എഴുതപ്പെടാൻ യോഗ്യമായിരിക്കും.".

ഇസ്‌ലാമിക സമ്പ്രദായങ്ങളുടെ പാലനത്തിനും ആരാധനയിലേക്ക് ശ്രദ്ധ പതിപ്പക്കുന്നതിനും മുസ്‌ലീംകൾക്കുവേണ്ടി അദ്ദേഹത്തിനുണ്ടായ വേദന ഇതായിരുന്നു. തുടർന്നെഴുതുന്നു: സർക്കാർ ഈ അനുഗൃഹീതനാളിന്റെ സ്മരണക്കായി മുസ്‌ലീംകൾക്ക് ജുമുഅ ദിവസം അവധിയായി പ്രഖ്യാപിക്കുക. അതിനു കഴിയുന്നില്ലെങ്കിൽ പകുതി ദിവസമെങ്കിലും അവധി നല്കുക. സാധാരണ മനസ്സുകളെ സന്തോഷിപ്പിക്കുന്നതിന് ഇതിനെക്കാൾ നല്ല പ്രവർത്തനമുണ്ടെന്ന് ഞാൻ കുതുന്നില്ല."(അൽഹക്കം ജനുവരി 24 1903 പേജ് 5-6 വാല്യം 7 നമ്പർ 3)

ഇന്ന് ഭൂരിപക്ഷ മുസ്‌ലീംകൾ അല്ലെങ്കിൽ ഉലമാ ഹദ്റത്ത് മസീഹ് മൗഊദിനെതിരിൽ ബ്രിട്ടീഷുകാർ നട്ട ചെടിയാണെന്ന് പറഞ്ഞ് ആക്ഷേപം ഉന്നയിക്കുന്നു. പക്ഷേ, മുസ്‌ലീംകളുടെ മതപരമായ അവകാശങ്ങളിലേക്ക് ബ്രിട്ടീഷു സർക്കാരിന്റെ ശ്രദ്ധ ആരെങ്കിലും ക്ഷണിച്ചിട്ടുണ്ടെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ആയിരുന്നു. മറ്റൊരു മുസ്‌ലിം കക്ഷിക്കും അതിന് തൗഫീഖ് കിട്ടിയിട്ടില്ല. അത് അദ്ദേഹത്തിന്റെ ജോലിയുമായിരുന്നു. കാരണം ഇക്കാലം, ഇതിൽ ഇസ്‌ലാമിന്റെ പ്രാധാന്യം ലോകത്തിന്റെ മുമ്പിൽ വ്യക്തമാക്കണമെങ്കിൽ, അതിന്റെ യഥാർഥമായ അധ്യാപനമനുസരിച്ച് പ്രവർത്തിപ്പിക്കണമെങ്കിൽ അത് അദ്ദേഹം മുഖേനയായിരുന്നു ഉണ്ടാകേണ്ടിയിരുന്നത്. ഇത് അദ്ദേഹത്തിൽ അർപ്പിതമായ ജോലിയായിരുന്നു.

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നുവെന്നു വാദിക്കുന്ന നമ്മുടെ ഓരോ കർമങ്ങളിൽനിന്നും വാക്കുകളിൽനിന്നും ഇസ്‌ലാമികാധ്യാപനങ്ങളുടെ യാഥാർഥ്യം വെളിപ്പെടേണ്ടതാണ്. ഈ റമളാൻ ഏതൊരു അനുഗ്രഹവുമായിട്ടാണോ വന്നത് ഏതൊരു അനുഗ്രഹങ്ങൾ ഉപേക്ഷിച്ചാണോ പോകുന്നത് അതിനെ നമ്മൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. ഇൻശാ അല്ലാഹ്! നമ്മൾ ഇസ്‌ലാമിന്റെ കർമപരമായ ചിത്രം വെറും ഒരു മാസമല്ല, മറിച്ച് കാലത്തിന്റെ ഇമാമിനോടു ചെയ്തിട്ടുള്ള പ്രതിജ്ഞ സ്ഥിരമായി പൂർത്തിയാക്കേണ്ടതാണ്.

ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടമാണ്. അതിനു ജുമുഅയുമായി പ്രത്യേക ബന്ധമുണ്ട്. പിന്നീട് നമ്മുടെ ഉത്തരവാദിത്വങ്ങളെന്താണ്? അതിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ടുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒന്നുരണ്ട് ഉദ്ധരണികൾ സമർപ്പിക്കുകയാണ്.

ഒരിടത്ത് അവിടന്ന് പറയുന്നു: "അല്ലാഹു അനുഗ്രഹത്തിനുള്ള സൗകര്യം ചെയ്തുതന്നിരിക്കുന്നത് ഈ ദീനാണ്. അതിന്റെ പേര് ഇസ്‌ലാം എന്ന് വെച്ചിരിക്കുന്നു. അനുഗ്രഹങ്ങളിൽ ജുമുഅ ദിവസവുമുണ്ട്; അനുഗ്രഹം പൂർത്തിയായ ദിവസം. ഇത് അതിലേക്കുള്ള സൂചനയായിരുന്നു. അതായത് പിന്നീട് അനുഗ്രഹത്തിന്റെ പൂർത്തീകരണം ലി യുള്ഹിറഹൂ അലദ്ദീനി കുല്ലിഹി എന്ന രൂപത്തിൽ ഉണ്ടാകും. അതും ഒരു മഹത്തായ ജുമുഅ ആയിരിക്കും. ആ ജുമുഅ ഇപ്പോൾ വന്നിരിക്കുന്നു. കാരണം അല്ലാഹു ആ ജുമുഅയെ മസീഹ് മൗഊദിനോടു ചേർത്ത് പ്രത്യേകപ്പെടുത്തിവച്ചിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 3 പേജ് 183 1985 ലണ്ടൻ പതിപ്പ്)

പിന്നീട് അവിടന്ന് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. പറയുന്നു:'ഞാൻ സത്യമായും പറയുന്നു, ഇതൊരു ആഘോഷമാണ്. ഇത് അല്ലാഹു ഭാഗ്യവാന്മാർക്കു വേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. ഇതിൽനിന്ന് ഫലമെടുക്കുന്നവർ ഭാഗ്യവാന്മാരാണ്. ഞാനുമായി ബന്ധം വെക്കുന്ന നിങ്ങൾ പ്രാപിക്കേണ്ടത് പ്രാപിച്ചു കഴിഞ്ഞു എന്ന കാര്യത്തിൽ ഒരിക്കലും അഹങ്കരിക്കരുത്. തങ്ങളുടെ കഠിനമായ നിഷേധവും നിന്ദയുംകൊണ്ട് അല്ലാഹുവിനെ വെറുപ്പിച്ച നിഷേധികളെ അപേക്ഷിച്ച് നിങ്ങൾ ഭാഗ്യത്തിന് വളരെ അടുത്താണെന്നുള്ളത് സത്യമാണ്. നിങ്ങൾ സൽഭാവനയോടെ പ്രവർത്തിച്ച് അല്ലാഹുവിന്റെ കോപത്തിൽനിന്ന് നിങ്ങളെ രക്ഷിക്കുന്നതിനെ കുറിച്ച് ചിന്തിച്ചു എന്നതും സത്യമാണ്. പക്ഷേ, സത്യമായ കാര്യം, അല്ലാഹു ഇക്കാലത്ത് അനശ്വമായ ജീവിതത്തിനായി സൃഷ്ടിച്ചിട്ടുള്ള ആ അരുവിയുടെ കരയിൽ നിങ്ങൾ എത്തിയിട്ടുണ്ടെങ്കിലും പാനം ചെയ്യൽ ഇനി ബാക്കിയുണ്ട്. അല്ലാഹു നിങ്ങളെ വയറുനിറയെ കുടിപ്പിക്കുന്നതിന് അവന്റെ കൃപാകടാക്ഷത്തിന്റേയും ഉദാരതയുടേയും തൗഫീഖ് തേടുക. കാരണം അല്ലാഹുവിനെക്കൂടാതെ ഒന്നും നടക്കുകയില്ല. ഈ അരുവിയിൽനിന്ന് കുടിക്കുന്നവൻ നശിക്കുകയില്ലെന്ന് ഞാൻ ദൃഢമായും അറിയുന്നു. കാരണം ഈ ജലം ജീവിതം പ്രദാനം ചെയ്യുന്നു. നാശത്തിൽനിന്ന് രക്ഷിക്കുന്നു. ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് സുരക്ഷിതമായി വെക്കുന്നു. ഈ അരുവിയിൽനിന്ന് വയറു നിറയ്ക്കാനുള്ള മാർഗമെന്താണ്? അല്ലാഹു നിങ്ങളിൽ സ്ഥാപിച്ചിട്ടുള്ള രണ്ടു കടമകൾ നിർവഹിക്കുക എന്നതുതന്നെ! അത് പൂർണമായനിലയിൽ നിറവേറ്റുക. അതിലൊന്ന് അല്ലാഹുവിനോടുള്ള കടമയാണ്. രണ്ടാമത്തേത് സൃഷ്ടികളോടുള്ളതും."(മൽഫൂദാത്ത് വാല്യം 3 പേജ് 184, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് നമ്മൾ ചെയ്തിട്ടുള്ള ബയ്അത്ത് പ്രതിജ്ഞ പൂർത്തിയാക്കുന്നവരാകുമെന്ന് ഇന്ന് നമ്മൾ എല്ലാവരും പ്രതിജ്ഞ ചെയ്യുക; ഒരു മുഅ്മിനിൽനിന്ന് പ്രതീക്ഷിക്കുകയും അല്ലാഹു കല്പിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രകടിപ്പിക്കുകയും ചെയ്തതുപോലെ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റാൻ ശ്രമിക്കുന്നതാണ്. റമളാന്റെ അനുഗ്രഹങ്ങളെ എപ്പോഴും നമ്മൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുന്നതാണ്. ഇൻശാ അല്ലാഹ്! അല്ലാഹു അതിനു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

---

**പേജ് 12ൽ നിന്ന്**

പ്രഭാഷണത്തിൽ പറഞ്ഞു: 'ഞാൻ അല്ലാഹുവിന് നന്ദി പറയുന്നു. തന്റെ അനുഗ്രഹങ്ങൾ കാരണത്താൽ അവൻ സർവസ്തുതിയ്ക്കും അർഹനാണ്. തന്റെ പ്രതാപംകൊണ്ടു ആരാധനയ്ക്കു അർഹനാണ്. അവന്റെ ഭരണാധിപത്യം എല്ലായിടത്തും നിലകൊള്ളുന്നു. ഭൂമിയിലും ആകാശത്തിലും അവന്റെ ഭരണാധിപത്യമാണ് നടക്കുന്നത്. പിന്നീടു തന്റെ കല്പന നടപ്പിൽ വരുത്താൻ അവയെ പരസ്പരം വേർപ്പെടുത്തി. തന്റെ മതത്തിന്റെ ഉന്നതിക്കായി തന്റെ നബി മുഖേന അവയ്ക്ക് നിലയുംവിലയും നല്കി. അല്ലാഹു വിവാഹം ഒരു നിർബന്ധ കാര്യമായി നിശ്ചയിച്ചിരിക്കുന്നുവെന്നതിൽ സംശയമില്ല. അവൻ പറയുന്നു:

വ ഹുവല്ലദീ ഖലഖ മിനൽമാഇ ബശ്റൻ വ ജഅലഹൂ
നസ്ബൻ വ സ്വഹ്റൻ വ കാന റബ്ബിക്ക ഖദീറാ

അല്ലാഹു തന്റെ എല്ലാ പ്രവർത്തിയും തന്റെ വിധിക്കു അനുസൃതമാക്കി. അവന്റെ വിധി, ശക്തിപ്രഭാവത്തിനു (ഖുദ്റത്ത്)വിധേയമാണ്. എല്ലാ വിധിയും വിധിക്കപ്പെട്ടിട്ടുള്ളതാണ്. വിധി നടപ്പിൽ വരുന്നതിന് സമയം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഓരോ വിധിയ്ക്കും ഗ്രന്ഥമുണ്ട്. ഫാത്വിമയുടെ നിക്കാഹ് അലിയുമായി നടത്താൻ അല്ലാഹു എന്നോടു കല്പിച്ചിരിക്കുന്നു. 400 മിഥ്കാൽ വെള്ളിയ്ക്കു പകരം ഞാൻ അലിയുടെ നിക്കാഹ് എന്റെ മകളുമായി നടത്തിയിരിക്കുന്നുവെന്നതിന് നിങ്ങളെ സാക്ഷിയാക്കുന്നു. ഖുത്ബ നിർവഹിച്ചതിനു ശേഷം നബി(സ) അവർക്കു രണ്ടുപേർക്കുംവേണ്ടി ദുആ ചെയ്തു. ദുആയ്ക്കു ശേഷം ഈത്തപ്പഴം കൊണ്ടുവന്നു. വന്നവരോട് അതു കഴിച്ചുകൊള്ളാൻ നബി(സ) ആംഗ്യത്തിൽ പറഞ്ഞു.

**വീടുകൂടൽ:** നിക്കാഹ് കഴിഞ്ഞ് മാസങ്ങൾക്കു ശേഷമാണ് ഹദ്റത്ത് ഫാത്വിമയുടെ വീടുകൂടൽ നടന്നത്. സമ്പന്നന്റെമകളായാലും ദരിദ്രന്റെമകളായാലും മാതാപിതാക്കളുടെ വീട്ടിൽനിന്ന് വിടപറഞ്ഞു പോകുമ്പോൾ വിഷമമുണ്ടാകുകയെന്നത് സ്വാഭാവികമാണ്. സ്വയമേവ കരച്ചിൽ വരും. വിടപറയുന്ന നേരത്ത് ഹദ്റത്ത് ഫാത്വിമ(റ)വേർപാടിന്റെ ദുഃഖം താങ്ങാനാവാതെ പൊട്ടിപൊട്ടിക്കരയുകയായിരുന്നു. നബി(സ)അകത്തേക്കു കയറി. ഹദ്റത്ത് ഫാത്വിമയുടെ ഏങ്ങലടിച്ചുള്ള കരച്ചിൽ കണ്ടപ്പോൾ വിഷമം ഉള്ളിലൊതുക്കിക്കൊണ്ടു പറഞ്ഞു: 'മോളേ! നീ എന്തിനാണു കരയുന്നത്? അറിവിലും മഹത്വത്തിലും ശ്രേഷ്ഠനും കുട്ടികളിൽവച്ച് ഇസ്‌ലാം സ്വീകരിച്ചവരിൽ ഒന്നാമനുമായിട്ടുള്ള ഒരാൾക്കാണ് ഞാൻ നിന്നെ വിവാഹം കഴിച്ചു കൊടുത്തിട്ടുള്ളത്.' അതിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഫാത്വിമയെ(റ) ഉമ്മു അയ്മനോടൊപ്പം ഹദ്റത്ത് അലിയുടെ വീട്ടിൽ പറഞ്ഞു വിട്ടു. ഹദ്റത്ത് ഫാത്വിമ ഒട്ടകപ്പുറത്ത് യാത്രയായി. വിടപറയുമ്പോൾ ഹദ്റത്ത് അലിയോടു നബി(സ)പറഞ്ഞു: 'അലീ! എന്നെ കാത്തിരിക്കണം.' കുറച്ചു കഴിഞ്ഞ് നബി(സ)അലിയുടെ വീട്ടിലെത്തി. വാതിൽക്കൽചെന്ന് അകത്തു കടക്കാൻ നബി(സ)അനുവാദം ചോദിച്ചു. ഉമ്മുഅയ്മനാണ് വാതിൽ തുറന്നത്. നബി(സ)ചോദിച്ചു, 'എന്റെ സഹോദരൻ ഇവിടെയുണ്ടോ?' ഉമ്മു അയ്മൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അലി എങ്ങനെയാണ് അങ്ങയുടെ സഹോദരനാകുന്നത്? അങ്ങ് അങ്ങയുടെ മകളെ അദ്ദേഹത്തിനു വിവാഹം കഴിച്ചു കൊടുത്തിരിക്കുകയാണല്ലോ? 'അതു കേട്ടപ്പോൾ നബി(സ) പറഞ്ഞു, 'അതേ, അത് അങ്ങനെത്തന്നെയാണ്.' (ഹദ്റത്ത് അലി(റ), നബി(സ)തിരുമേനിയുടെ മൂത്താപ്പ അബൂത്വാലിബിന്റെ മകനായിരുന്നു). തുടർന്ന് നബി(സ)ചോദിച്ചു: 'അസ്മാത്ത് ബിൻത് ഉമയ്സും ഇവിടെ ഉണ്ടോ?' ഉമ്മുഅയ്മൻ പറഞ്ഞു: 'ഇവിടെയുണ്ട്.' അവർ പറഞ്ഞു, 'ഞാനും ഇപ്പോൾ അല്ലാഹുവിന്റെ റസൂൽ ഫാത്വിമയെ ആശിർവദിക്കാൻ വന്നിരിക്കുകയാണ്.' പിന്നീടു നബി(സ)അകത്തുകയറി. ഉമ്മു അയ്മന് നന്മകൾ നേർന്നുകൊണ്ട് കുറച്ചു വെള്ളം കൊണ്ടുവരാൻ പറഞ്ഞു. നബി(സ)വെള്ളം വാങ്ങി അലിയേയും ഫാത്വിമയേയും വിളിച്ചു. ഹദ്റത്ത് ഫാത്വിമ അങ്ങേയറ്റം നാണത്തോടുകൂടി അലിയോടൊപ്പം വന്നു. നബി(സ) ആ വെള്ളം രണ്ടുപേരുടേയും തോളുകളിലും നെഞ്ചത്തും തളിച്ചു. എന്നിട്ട് ഇങ്ങനെ ദുആ ചെയ്തു:

'അല്ലാഹുമ്മ ബാരിക് ഫീഹിമാ വ ബാരിക് അലയ്ഹിമാ
വ ബാരിക് ലഹുമാ ഫീ നസ്‌ലിഹിമാ

അല്ലാഹുവേ! ഇവർ രണ്ടുപേരേയും നീ അനുഗ്രഹിക്കേണമേ. രണ്ടുപേരിലും നീ അനുഗ്രഹം ചൊരിയേണമേ. രണ്ടുപേരുടെ മക്കളേയും നീ അനുഗ്രഹിക്കേണമേ.' തുടർന്നു പറഞ്ഞു: 'ഫാത്വിമാ! നമ്മുടെ കുടുംബത്തിൽ ഏറ്റവും സൽസ്വഭാവവും ഉടർന്ന മനസ്സുമുള്ള വ്യക്തിയുമായിട്ടാണ് ഞാൻ നിന്റെ നിക്കാഹ് നടത്തിയിട്ടുള്ളത്.'

പിന്നീടൊരിക്കൽ നബി(സ), ഹദ്റത്ത് ഫാത്വിമായുടെ വീട്ടിൽ വന്നു. ഹദ്റത്ത് അലിയെ വലതുഭാഗത്തും ഹദ്റത്ത് ഫാത്വിമയെ ഇടതു ഭാഗത്തും ഇരുത്തി, ഭാര്യാഭർത്താക്കന്മാരുടെ കടമകളെക്കുറിച്ചും പരസ്പരമുള്ള അവകാശങ്ങളെക്കുറിച്ചും രണ്ടുപേരേയും ഉപദേശിച്ചു.

**ഹദ്റത്ത് ഫാത്വിമായുടെ വീട്:** നിക്കാഹിനു മുമ്പേ വരെ ഹദ്റത്ത് അലി(റ), നബി(സ)തിരുമേനിയുടെ കൂടെത്തന്നെയായിരുന്നു താമസിച്ചിരുന്നത്. വിവാഹശേഷം അവർക്കു വേറെ വീട് വേണ്ടി വന്നു. അങ്ങനെ ഹദ്ത്ത് അലി(റ)ഒരു വീടു വാങ്ങി. അത് നബി(സ)യുടെ വീട്ടിൽ നിന്ന് കുറച്ച് അകലത്തായിരുന്നു. ഹദ്റത്ത് ഫാത്വിമ അടുത്ത് താമസിച്ചിരുന്നെങ്കിലെന്ന് നബി(സ) ആശിച്ചു. സംസാരത്തിന്നിടയിൽ ഇക്കാര്യം നബി(സ) ഒരിക്കൽ പറയുകയും ചെയ്തു. അക്കാര്യം ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാനോടു പറയാൻ ഹദ്റത്ത് ഫാത്വിമ പറഞ്ഞു. ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാൻ അൻസ്വാരിക്ക് ധാരാളം വീടുകളുണ്ടായിരുന്നു. അവയിൽ പലതും മുമ്പേ നബി(സ)തിരുമേനിക്ക് കാഴ്ചവയ്ക്കുകയും ചെയ്തിട്ടുണ്ട്. **(തുടരും)**

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ | The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday August 4 2016 Issue-22

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)

**ജനനം:** ചരിത്രത്തിൽ ഹദ്റത്ത് ഫാത്വിമയുടെ(റ) ജന്മവർഷത്തെ സംബന്ധിച്ച് അഭിപ്രായഭിന്നതകൾ കാണുന്നുണ്ട്. പക്ഷേ, മിക്ക നിവേദനങ്ങളിൽനിന്നും മനസ്സിലാകുന്നത് കഅ്ബദേവാലയത്തിന്റെ സമ്പൂർണ പുനർനിർമാണം നടന്നുകൊണ്ടിരുന്ന വർഷമാണ് ഹദ്റത്ത് ഫാത്വിമ(റ)ജനിച്ചതെന്നാണ്.

ഹദ്റത്ത് ഫാത്വിമ(റ), നബി(സ)തിരുമേനിക്ക് പ്രവാചതകത്വം ലഭിക്കുന്നതിന് ഏകദേശം 5 വർഷം മുമ്പേ ജനിച്ചു. ഒന്നിലധികം നിവേദനങ്ങളനുസരിച്ച് ജമാദുൽ ആഖിർ 20-ന് ജുമുഅ ദിവസം അതിരാവിലെയാണ് ജനിച്ചത്. അപ്പോൾ നബി(സ)യ്ക്ക് 35 വയസ്സും ഹദ്റത്ത് ഖദീജത്തുൽകുബ്റാ(റ) ക്ക് 50 വയസ്സുമായിരുന്നു.

**ശരീരപ്രകൃതി:** ഹദ്റത്ത്ഫാത്വിമയുടെ(റ) ശരീരപ്രകൃതി നബി(സ)തിരുമേനിയോടു നല്ലവണ്ണം സാമ്യമുള്ളതായിരുന്നു.ഹദ്റത്ത് ആയിശാ(റ) നിവേദനം. ഹദ്റത്ത് ഫാത്വിമായുടെ നടപ്പും ഇരുപ്പും എഴുന്നേക്കലും, സംസാരരീതിയുമെല്ലാം തികച്ചും നബി(സ)തിരുമേനിയെപ്പോലെയായിരുന്നു.അതീവ സുന്ദരിയുമായിരുന്നു.

**സ്ഥാനപ്പേര്:** ഫാത്വിമ എന്നായിരുന്നു പേര്. ത്വാഹിറ, ബതൂൽ (കുമാരി), സഹ്റാ (അതീവസുന്ദരി) തുടങ്ങിയ സ്ഥാനപ്പേരും ഉണ്ടണ്ടായിരുന്നു.

**ശിക്ഷണം പരിപാലനം:** പരിശുദ്ധമായ സ്വഭാവങ്ങളുടെ ഉടമയായിരുന്നു ഹദ്റത്ത് ഖദീജ (റ). അതേ ഉന്നതമായ സ്വഭാവങ്ങളുടെ ഉടമകളായിരുന്നു ആ മഹതിയുടെ മക്കളും. ഹദ്റത്ത് ഖദീജ(റ), ഫാത്വിമയ്ക്കും നല്ല രീതിയിൽ ശിക്ഷണം നല്കി വളർത്തി. ഹദ്റത്ത് ഫാത്വിമ(റ) ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുന്നവരും ധാരാളമായി ആരാധനാകർമങ്ങളിൽ മുഴുകുന്നവരുമായിരുന്നു. ആത്മീയവും ഭൗതികവുമായ എല്ലാതരം ശിക്ഷണവും അവർക്കു ലഭിച്ചു. ഇക്കാരണത്താൽ ഉന്നതമായ സ്വഭാവങ്ങളുടെ ഉടമയായി അവർ മാറി. അല്ലാഹുവിനേയും അവന്റെ പ്രിയപ്പെട്ട ദൂതനേയും (ആ മഹാത്മാവ് ഫാത്വിമയുടെ പിതാവാണെന്ന കാര്യം ഓർക്കുക) സത്യസന്ധമായും പൂർണഹൃദയ ത്തോടെയും അനുസരിച്ചിരുന്നു.

**വിവാഹത്തിനു മുമ്പേ:** ഹിജറ 10-ാം വർഷം ഹദ്റത്ത് ഖദീജ(റ)ഇഹലോകവാസം വെടിഞ്ഞു. അപ്പോൾ ഹദ്റത്ത് ഫാത്വിമ(റ)ക്ക് 15 വയസ്സായിരുന്നു. നബി(സ)തിരുമേനിക്കു ഹദ്റത്ത് ഫാത്വിമയോടും ഹദ്റത്ത് ഫാത്വിമ(റ)ക്ക് നബി(സ)തിരുമേനിയോടും അതിരറ്റ സ്നേഹമാണുണ്ടായിരുന്നത്. നബി(സ)പ്രവാചകത്വം പ്രഖ്യാപിച്ചപ്പോൾ ബിംബാരാധകരായിരുന്ന ഖുറയ്ശികൾ ആ മഹാത്മാവിനെ വല്ലാതെ ഉപദ്രവിക്കാൻ തുടങ്ങി. ശാരീരികമായും പീഢിപ്പിച്ചു. നബി(സ) നടക്കുന്ന വഴിയിൽ മുള്ളുകൾ വിതറി. മുള്ളുകൾതറച്ച് കാലുകളിൽനിന്ന് ചോരഒഴുകുമായിരുന്നു. ഒരുദിവസം നബി(സ) കഅ്ബദേവാലയത്തിൽ നമസ്കരിക്കുമ്പോൾ ഉഖ്ബ ബിൻ അബീ മുഈത്ത് എന്ന ദുർഭഗൻ ഒട്ടകത്തിന്റെ കുടൽ ആ മഹാത്മാവിന്റെ പിരടിയിൽ കൊണ്ടുപോയിട്ടു. അക്രമികളായ ഖുറയ്ശികൾ അതു കണ്ട് രസിച്ച് കുലുങ്ങിക്കുലുങ്ങി ചിരിച്ച് സന്തോഷം കൊള്ളുകയായിരുന്നു. കുട്ടിയായിരുന്നിട്ടും ഹദ്റത്ത് ഫാത്വിമ(റ) ആ വാർത്തകേട്ട് അവിടെ ഓടിയെത്തുകയും തന്റെ പ്രിയപ്പെട്ട പിതാവിന്റെ പിരടിയിൽനിന്ന് കുഞ്ഞിക്കൈകൾകൊണ്ട് അത് ഇറക്കി വെക്കുകയും ചെയ്തു.

ഹദ്റത്ത് ഖദീജായുടെ മരണശേഷം ഹദ്റത്ത് ഫാത്വിമ(റ) അങ്ങേയറ്റം ദുഃഖിതയായി കാണപ്പെട്ടു. വിഷമങ്ങൾ കടിച്ചിറക്കിയാണ് ജീവിച്ചുപോന്നത്. ഉമ്മയുടെ വേർപാടിന്റെ ദുഃഖം മനസ്സിൽ എപ്പോഴും തളംകെട്ടി നില്ക്കുക എന്നതു സ്വാഭാവികമാണല്ലോ? പക്ഷേ, നബി(സ)യുടെ അതിയായ സ്നേഹം ഫാത്വിമയ്ക്ക് എപ്പോഴും ലഭിച്ചുകൊണ്ടിരുന്നു. തന്റെ പ്രിയപ്പെട്ട മകളുടെ ദുഃഖം ശരിക്കും മനസ്സിലാക്കിയിരുന്ന നബി(സ)തിരുമേനി പല രീതിയിലും ഫാത്വിമയെ സമാധാനിപ്പിച്ചു. അങ്ങനെ ഹദ്റത്ത് ഫാത്വിമ(റ)മെല്ലെ മെല്ലെ വീട്ടുകാര്യങ്ങളിൽ വ്യാപൃതയാവാൻ തുടങ്ങി. ആരാധനാ കർമങ്ങളിൽ ഒരിക്കലും അശ്രദ്ധ കാണിച്ചില്ല. സന്തോഷം കണ്ടെത്തിയിരുന്നത് സൃഷ്ടികൾക്കു സേവനം ചെയ്യുന്നതിലും സാധുക്കളെ സഹായിക്കുന്നതിലുമായിരുന്നു.

**നിക്കാഹ്:** ഹദ്റത്ത് ഫാത്വിമയുടെ(റ) നിക്കാഹ് വിളംബരം ഹിജറ 2-ാം വർഷം ദുൽഹജ്ജ് മാസത്തിൽ നബി(സ)തന്നെയാണ് നടത്തിയത്. അപ്പോൾ ഹദ്റത്ത് ഫാത്വിമ(റ)ക്ക് പതിനഞ്ചര വയസ്സായിരുന്നു. നിവേദനങ്ങളിൽ വന്നിരിക്കുന്നു, ആദ്യം ഹദ്റത്ത് അബൂബക്കർ(റ) വിവാഹാഭ്യർഥനയുമായി നബി(സ) തിരുമേനിയുടെ അടുക്കൽ വന്നു. നബി(സ)പറഞ്ഞു: 'അബൂബക്കറേ! അല്ലാഹുവിന്റെ തീരുമാനം കാത്തിരിക്കുക.' 'അല്ലാഹുവിന്റെ കല്പനയായിരിക്കും നടക്കുക' എന്നു പറഞ്ഞതായിട്ട് മറ്റൊരു നിവേദനത്തിലും കാണുന്നുണ്ട്. ഹദ്റത്ത് അബൂബക്കറിനു ശേഷം ഹദ്റത്ത് ഉമറും(റ)ഈ ഭാഗ്യം കരസ്ഥമാക്കാൻ ആഗ്രഹിച്ചു. ഹദ്റത്ത് അബൂബക്കറിനു കൊടുത്ത അതേ മറുപടി തന്നെയാണ് നബി(സ) ഹദ്റത്ത് ഉമറിനും കൊടുത്തത്.

**ഹദ്റത്ത് അലിയുടെ അഭ്യർഥന:** അക്കാലത്ത് ഹദ്റത്ത് അലി(റ)വളരെ കഷ്ടപ്പെട്ടും വിഷമിച്ചും ജീവിച്ചുവരികയായിരുന്നു. ഹദ്റത്ത് ഫാത്വിമ(റ)യെ വിവാഹം കഴിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിനുമുണ്ടായിരുന്നു. പക്ഷേ, നബി(സ)തിരുമേനിയോടു അതു പറയാനുള്ള ധൈര്യം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഹദ്റത്ത് അബൂബക്കറിനും ഹദ്റത്ത് ഉമറിനും കിട്ടിയ മറുപടികൂടി അറിഞ്ഞപ്പോൾ മടിയും തോന്നി. അൻസ്വാരികളായ ചില സ്വഹാബാക്കൾ, ചില നിവേദനങ്ങളനസരിച്ച് ഹദ്റത്ത് ഉമറും(റ) അവരിലുണ്ടായിരുന്നു, നബി(സ)തിരുമേനിയോട് വിവാഹാഭ്യർഥന നടത്താൻ ഹദ്റത്ത് അലിയോടു(റ)പറഞ്ഞു. തുടർന്ന് ഹദ്റത്ത് അലി ഒരു ദിവസം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി തലകുനിച്ചിരുന്നു. വന്ന കാര്യം എന്താണെന്ന് നബി(സ)ചോദിച്ചു. ഹദ്റത്ത് അലി(റ)പറഞ്ഞു: 'കുട്ടിക്കാലത്തുതന്നെ ഉമ്മയിൽനിന്നും ഉപ്പയിൽനിന്നും വേർപ്പെട്ടു വന്നവനാണ്. അങ്ങയുടെ വീട്ടിലാണ് താമസിക്കുന്നതും. ഫാത്വിമയുമായി എന്റെ നിക്കാഹ് നടക്കാൻ വല്ല സാധ്യതയുമുണ്ടോ?' ഹദ്റത്ത് അലിയുടെ വാക്കുകൾകേട്ട് നബി(സ)പുഞ്ചിരിച്ചു. നിശബ്ദനായിരിക്കുകയും ചെയ്തു. മറ്റൊരു നിവേദനത്തിൽ വന്നിട്ടുണ്ട്, ഹാശ്മി കുടുംബത്തിലേയും അൻസ്വാരീ കുടുംബത്തിലേയും ചിലയാളുകൾ ഹദ്റത്ത് അലിയുടെ അടുക്കൽ വന്നു. സംസാരത്തിന്നിടയിൽ ഫാത്വിമയെ നിക്കാഹു ചെയ്തു തരാൻ എന്തു കൊണ്ട് നബിയോടു(സ) പറയുന്നില്ല എന്ന് അവർ ഹദ്റത്ത് അലിയോടു ചോദിച്ചു. അപ്പോൾ ഹദ്റത്ത് അലി(റ)അവരോടു പറഞ്ഞു: 'ആ വലിയ ആളുകളുടെ വിവാഹാഭ്യർഥന നിരസിച്ച സ്ഥിതിയ്ക്ക് എന്റെ അപേക്ഷ സ്വീകരിക്കുമെന്ന് ഞാനെന്തിനു പ്രതീക്ഷിക്കണം! ആ സുഹൃത്തുക്കൾ പറഞ്ഞു: 'താങ്കൾ നബിയുടെ(സ)അടുത്ത ബന്ധുവാണ്. നബിയാണെങ്കിൽ(സ) താങ്കളെ വളരെ സ്നേഹിക്കുന്നുമുണ്ട്. നബിയുടെ(സ) തണലിലാണ് താങ്കൾക്കു ശിക്ഷണം ലഭിച്ചിട്ടുള്ളതും. അതുകൊണ്ടു താങ്കളുടെ അഭ്യർഥന നിരസിക്കാൻ പഴുതൊന്നും കാണുന്നില്ല.' ഇക്കാര്യം ഹദ്റത്ത് അലിയുടെ(റ) തലയിൽ നല്ലവണ്ണം തറച്ചു.

ഒരു ദിവസം രണ്ടും കല്പിച്ച് നബിയുടെ(സ)സന്നിധിയിൽ ഹാജരായി, സലാം ചൊല്ലി മിണ്ടാതെ ഇരുന്നു. നബി(സ)ചോദിച്ചു: 'അബൂത്വാലിബിന്റെ മകനേ! എന്താണ് വന്നത്?' ഹദ്റത്ത് അലി വളരെ മെല്ലെ പറഞ്ഞു, 'അങ്ങയോടു ഫാത്വിമയെ(റ) എനിക്കു വിവാഹം കഴിച്ചു തരണമെന്ന് അപേക്ഷിക്കാനാണ് ഞാൻ ഇപ്പോൾ വന്നിട്ടുള്ളത്.' അതുകേട്ടപ്പോൾ നബി(സ)പറഞ്ഞു: 'മർഹബൻ വ്വ അഹ്ലൻ.' അതായതു സ്വാഗതം! ഹദ്റത്ത് അലി വെളിയിൽ വന്നപ്പോൾ സ്വാഹാബാക്കൾ വിവരങ്ങൾ ചോദിച്ചു. അദ്ദേഹം പറഞ്ഞു, 'കാര്യം അറിയിച്ചപ്പോൾ നബി(സ) പുഞ്ചിരിച്ചു. പിന്നീട് നിശബ്ദനായി. മർഹബൻ വ്വ അഹ്ലൻ എന്നും പറഞ്ഞു. അത്രമാത്രം. ഈ സ്ഥിതിക്കു എന്റെ അപേക്ഷ സ്വീകരിച്ചോ എന്ന് എനിക്കെങ്ങനെയാണ് പറയാൻ കഴിയുക?' എല്ലാവരും പറഞ്ഞു: 'തീർച്ചയായും അല്ലാഹുവിന്റെ ദൂതൻ (സ) താങ്കളുടെ അപേക്ഷ സ്വീകരിച്ചിരിക്കുന്നു, ഇനി താങ്കൾ അതിനെക്കുറിച്ച് ചിന്തിക്കേണ്ട.'

മറ്റൊരു നിവേദനം ഇങ്ങനേയും വന്നിട്ടുണ്ട്. ആ അവസരത്തിൽ ഹദ്റത്ത് അലിയോട്(റ), നബി(സ) തിരുമേനി ചോദിച്ചു: 'മഹ്ർ കൊടുക്കാൻ നിന്റെ കൈയിൽ എന്താണുള്ളത്?' ഹദ്റത്ത് അലി(റ) പറഞ്ഞു: 'എന്റെ അവസ്ഥ അങ്ങയുടെ മുമ്പിലുണ്ട്.' നബി(സ) ചോദിച്ചു: 'ബദ്ർ യുദ്ധാവസരത്തിൽ നിനക്കു തന്ന ആ പടയങ്കി എവിടെയാണുള്ളത്?' അതിനു പുറമെ അലിയുടെ കൈയിൽ വിരിച്ചുകിടക്കുന്ന ഒരു തോലും ഒരു വാളും ഒരൊട്ടകവും ഒരു പഴയ പുതപ്പും ഉണ്ടായിരുന്നു. പിന്നീടു നബി(സ)അകത്ത് ഹദ്റത്ത് ഫാത്വിമയുടെ(റ) അടുക്കൽപോയി. ഹദ്റത്ത് ഫാത്വിമ(റ) അപ്പോൾ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയായിരുന്നുവെന്ന് ഒരു നിവേദനത്തിൽ കാണുന്നു. നബി(സ)തിരുമേനി തന്റെ മകളോടു പറഞ്ഞു: 'അലി നിന്നേ തേടി വന്നിരിക്കുകയാണ്.' അതു കേട്ടപ്പോൾ ഫാത്വിമ നാണംകൊണ്ടു തല കുനിച്ചു. നബി(സ) ഫാത്വിമയെ നോക്കിക്കൊണ്ടിരുന്നു. പിന്നീടു പറഞ്ഞു: 'നിന്റെ മൗനം തന്നെയാണ് നിന്റെ സമ്മതം.' അതു കേട്ടപ്പോൾ ഹദ്റത്ത് ഫാത്വിമ(റ)കൂടുതൽ നാണിച്ചു. പിന്നീടു നബി(സ)വെളിയിൽ വന്നു. ഹദ്റത്ത് അലിയോടു പറഞ്ഞു: 'ഫാത്വിമയുമായി നിന്റെ നിക്കാഹ് നടത്തുന്നത് എനിക്കു സമ്മതമാണ്. നിന്റെ പടയങ്കി വിറ്റുകൊള്ളുക. അതിൽനിന്ന് സാധനങ്ങളും വാങ്ങുക. മഹ്റും കൊടുക്കാൻ കഴിയും.' ഈ വിവരം ഹദ്റത്ത് അബൂബക്കറിനേയും ഹദ്റത്ത് ഉമറിനേയും മറ്റു അൻസ്വാറുകളേയും സ്വഹാബാക്കളേയും (റദിയല്ലാഹു അൻഹും) ഹദ്റത്ത് അലി അറിയിച്ചപ്പോൾ അവരെല്ലാം സന്തോഷിച്ചു. ഇതുതന്നെയാണ് തങ്ങളും പ്രതീക്ഷിച്ചിരുന്നതെന്ന് അവർ പറഞ്ഞു. ഹദ്റത്ത് അലി പടയങ്കി 480 ദർഹമിനു വിറ്റു. ആ തുക ഉറുമാലിൽ പൊതിഞ്ഞ് നബി(സ)തിരുമേനിക്കു കൊടുത്തു. അതിൽനിന്ന് കുറച്ചു തുക നബി(സ) എടുത്തിട്ട് ബാക്കിയുള്ളത് ഹദ്റത്ത് ബിലാലി(റ)ന് കൊടുത്തുകൊണ്ടു പറഞ്ഞു: 'അങ്ങാടിയിൽപോയി പരിമളവസ്തുക്കൾ വാങ്ങിവരിക.' മിച്ചമുള്ളതുക മറ്റു സാധനങ്ങൾ വാങ്ങാൻ അലിയെ തന്നെ ഏല്പിക്കുകയും ചെയ്തു. ഒരു നിവേദനത്തിൽ അത്യാവശ്യ സാധനങ്ങൾ വാങ്ങാൻ ആ തുക ഏല്പിച്ചത് ഹദ്റത്ത് ഉമ്മുസലമ(റ)യെയാണെന്നും കാണുന്നുണ്ട്. (നബിയ്ക്ക്(സ) പരിമള വസ്തുക്കൾ വളരെയേറെ ഇഷ്ടമായിരുന്നു).

ഈ അവസരത്തെ സംബന്ധിച്ച് ഒരു നിവേദനം ഇങ്ങനേയും കാണുന്നുണ്ട്. പടയങ്കി വില്ക്കാൻ നബി(സ) ഹദ്റത്ത് അലിയോടു പറഞ്ഞപ്പോൾ, ഹദ്റത്ത് അലി അതുംകൊണ്ട് അങ്ങാടിയിൽച്ചെന്നു. ആ പടയങ്കി കണ്ടപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) അതു വിലക്കുവാങ്ങി. 400 ദർഹം ഹദ്റത്ത് അലിയ്ക്കു കൊടുത്തുകൊണ്ടു പറഞ്ഞു: 'അലീ! ഈ പടയങ്കി താങ്കളുടെ കൈയിലിരിക്കുന്നത് ഏറെ നല്ലതായി എനിക്കു തോന്നുന്നു. ഈ തുകയും താങ്കൾതന്നെ വെച്ചുകൊള്ളുക.' ഹദ്റത്ത് അലി തിരിച്ചു വന്ന് നടന്ന കാര്യങ്ങളെല്ലാം നബിയോടു(സ)പറഞ്ഞു. 400 ദർഹം നബിയ്ക്കു(സ)കൊടുക്കുകയും ചെയ്തു. അതിൽനിന്ന് 360 ദർഹം സാധനങ്ങൾ വാങ്ങാൻ നബി(സ) ഹദ്റത്ത് അബൂബക്കറിനെ ഏല്പിച്ചു. ഹദ്റത്ത് അബൂബക്കർ(റ) അതുകൊണ്ട് പരിമള വസ്തുക്കൾ, ഒരു കിടക്ക, പഞ്ഞിനിറച്ച തുകലുകൊണ്ടുള്ള ഒരു തലയണ, വെള്ളം കുടിക്കാനുള്ള മണ്ണിന്റെ കുറച്ചു കോപ്പകൾ, ഒരു പാനപാത്രം, കൈയിൽകെട്ടുന്ന രണ്ടു വെള്ളി ആഭരണവും വാങ്ങി. ബാക്കി 40 ദർഹം ഹദ്റത്ത് അലിക്കു കൊടുത്തുകൊണ്ടു പറഞ്ഞു: 'നിക്കാഹിനു ശേഷം വിതരണം ചെയ്യാൻ മിഠായിയും ഈത്തപ്പഴവും കുറച്ചു നെയ്യും വാങ്ങി വരിക.' അതുകൊണ്ട് ഒരുതരം അലുവായും ഉണ്ടാക്കി. നബി(സ)തിരുമേനി നിക്കാഹ് വിളംബരം ചെയ്തു. നബി(സ)യുടെ നിർദേശപ്രകാരം ഹദ്റത്ത് അലി(റ) വെളിയിൽവന്നു മുസ്ലിംകളെ അകത്തേക്ക് വിളിക്കുകയും അവർക്കു ഭക്ഷണം കൊടുക്കുകയും ചെയ്തു. നിക്കാഹിന്റെ ഈ സന്തോഷ വേളയിൽ ദഫ് മുട്ടും ഉണ്ടായിരുന്നുവെന്ന് ചരിത്രത്തിൽ കാണുന്നുണ്ട്. നിക്കാഹിനു കുറച്ചു മാസങ്ങൾക്കുശേഷം വീടുകൂടലും നടന്നു.

**നിക്കാഹ് ഖുത്ബ:** ഹദ്റത്ത് ഫാത്വിമയുടെ നിക്കാഹിന്റെ അവസരത്തിൽ നബി(സ)തിരുമേനി സ്വഹാബാക്കളെ ഒരുമിച്ചുകൂട്ടി. എല്ലാ മുഹാജിരീംകളും അൻസ്വാറുകളും അതിൽ പങ്കെടുത്തു. നബി(സ) നിക്കാഹ്

ശേഷം പേജ് 11ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin